JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/508/2009-11
January 2009 www.jeevamozhikal.org Licensed to post without Prepayment

## ദാനമോ ദാതാവോ ?

കൊട്ടാരത്തിൽ ഒരു വലിയ വിരുന്നു നടക്കുകയാണ്.... മന്ത്രിമാരും രാജസദസ്സിലെ അംഗങ്ങളും സേനാനായകന്മാരും പൗരപ്രമുഖരും എല്ലാം ഹാജർ. രാജാവും തന്റെ സ്വർണ്ണ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു. രാജ്ഞി സമീപത്ത് മറ്റൊരു സിംഹാസനത്തിൽ ആസനസ്ഥയായിരിക്കുന്നു. രാജ്ഞിയുടെ മടിയിൽ ഏഴുവയസ്സുകാരനായ രാജകുമാരനും ഇരിപ്പുറപ്പിച്ചിട്ടുണ്ട്.

വിശിഷ്ടാതിഥികൾക്കിടയിലൂടെ തലപ്പാവുവച്ച പരിചാരകർ തിരക്കിട്ട് നടക്കുകയാണ്. ഭക്ഷണപാനീയങ്ങൾ ആവശ്യക്കാർക്ക് യഥാസമയം എത്തിച്ചുകൊടുക്കുന്നതിലാണ് അവരുടെ ശ്രദ്ധ.

പെട്ടെന്ന് രാജാവ് അതിഥികൾ എല്ലാവരെയും തന്റെ അടുത്തേക്കു വിളിച്ചു. എന്തായിരിക്കും രാജാവിനു പറയാനുണ്ടാവുക? എല്ലാവരും രാജാവിന്റെ മുൻപിൽ ആകാംക്ഷയോടെ കാത്തുനിന്നു.

വിചിത്രമായ ഒരു പ്രസ്താവനയാണു രാജാവു നടത്തിയത്. ഈ വിരുന്നിൽ ക്ഷണിക്കപ്പെട്ട് എത്തിയിരിക്കുന്ന ആർക്കും രാജകൊട്ടാരത്തിൽ തങ്ങൾക്ക് ഇഷ്ടമുള്ള എന്തിലെങ്കിലും തൊടാം. തൊടുന്നത് അവർക്കായി സൗജന്യമായി നൽകും!

അതിഥികൾ ഒരു നിമിഷം അത്ഭുതസ്തബ്ധരായി നിന്നുപോയി. കൊട്ടാരത്തിലുള്ള എന്തും അതിൽ ആദ്യം തൊടുന്നവർക്കു സ്വന്തമാകുമത്രെ. കേട്ടതു ശരിയായി മനസ്സിലാക്കാൻ പലർക്കും അല്പസമയം വേണ്ടിവന്നു.

പക്ഷേ കാര്യം മനസ്സിലായിക്കഴിഞ്ഞപ്പോൾ അതിഥികൾക്കിടയിൽ ഒരു പരക്കം പാച്ചിലാണു നടന്നത്. വീഞ്ഞു വിളമ്പിയ സ്വർണപാത്രത്തിൽ ഒരു വിരുതനു നേരത്തെ തന്നെ ഒരു കണ്ണുണ്ടായിരുന്നു. മറ്റാരെങ്കിലും അതിൽ തൊടുന്നതിനു മുൻപ് ആദ്യം തന്നെ അതിൽ തൊട്ടു സ്വന്തമാക്കുവാൻ അയാൾ അടുത്തുനിന്ന ഒന്നുരണ്ടുപേരെ തട്ടിവീഴ്ത്തിക്കൊണ്ടു പാഞ്ഞുപോയി.

ഭക്ഷണവുമായി നടന്നുവന്ന ഒരു പരിചാരകനെ തട്ടി മറിച്ചിട്ടുകൊണ്ട് മറ്റൊരാൾ ഓടിയത് രാജകൊട്ടാരത്തിന്റെ പൂമുഖത്തു സ്ഥിതിചെയ്യുന്ന വിലയേറിയ കൊത്തുപണികളുള്ള ചിത്രത്തൂണിൽ തൊടാനാണ്!

'ബുദ്ധിമാനായ' മറ്റൊരാൾ ഒരു നിമിഷം ചിന്തിച്ചു നിന്നു. കൊട്ടാരത്തിലേക്കും വിലപിടിച്ചതെന്തായിരിക്കും? തൊടുന്നെങ്കിൽ അതിൽത്തന്നെ തൊടണം. പെട്ടെന്ന് അയാൾക്കു പിടികിട്ടി. ഖജനാവാണ് ഏറ്റവും വിലപിടിച്ചത്. പിന്നെ അയാൾ മടിച്ചുനിന്നില്ല-രാജകീയ ഭണ്ഡാരത്തിൽ തൊടാനായി അയാൾ പരക്കംപാഞ്ഞു.

ഇതിനിടയിൽ രാജ്ഞിയുടെ മടിയിൽ നിന്ന് ഊർന്നിറങ്ങിയ രാജകുമാരനും സംശയം ഒന്നും ഉണ്ടായിരുന്നില്ല. അവൻ ആ കൊട്ടാരത്തിലേക്കും വിലയുള്ളതും താൻ സ്നേഹിക്കുന്നതുമായ ഒന്നിൽ ചെന്നു തൊട്ടു. അതു മറ്റൊന്നും ആയിരുന്നില്ല. അവൻ ചെന്നു തൊട്ടതു സാക്ഷാൽ രാജാവിനെ തന്നെയായിരുന്നു!

രാജകുമാരന്റെ പ്രവൃത്തി വീക്ഷിച്ച അതിഥികൾക്ക് അവരുടെ മടയത്തരം മനസ്സിലായി. കൊട്ടാരത്തിൽ ഏറ്റവും വിലപ്പെട്ടത് രാജാവുതന്നെ! രാജാവിനെ തൊട്ടതോടെ രാജാവിനുള്ളതെല്ലാം സ്വാഭാവികമായി രാജാവിനെ തൊട്ട ആളിനുള്ളതായി മാറുമല്ലോ. അപ്പോൾ രാജകുമാരന്റേതാണ് ഏറ്റവും ബുദ്ധിപൂർവമായ പ്രവൃത്തി-രാജാവിനെ തൊട്ടതോടെ രാജാവ് സ്വന്തമായി; ഒപ്പം രാജാവിനുള്ളതെല്ലാം തന്നെയും അവന്റേതായി!

ഇന്നു പലർക്കും ദൈവത്തെക്കാൾ പ്രധാനം ദൈവം നൽകുന്ന അനുഗ്രഹങ്ങളും ദാനങ്ങളുമാണ്. അവർക്ക് ദാതാവിനെക്കാൾ ഇഷ്ടം ദാനങ്ങളെയാണ്. എന്നാൽ ഒന്നാമതു ദാതാവിനെ തന്നെ സ്വന്തമാക്കുന്നതല്ലേ ബുദ്ധിപൂർവമായ പ്രവൃത്തി? അപ്പോൾ സ്വാഭാവികമായി അവിടുത്തെ ദാനങ്ങളും നമ്മുടേതാകുമല്ലോ.

*സൃഷ്ടിയെക്കാൾ സൃഷ്ടിച്ചവനെ ഭജിച്ച് ആരാധിക്കുക. (റോമർ 1:25)*

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

# ജീവമൊഴികൾ

**മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്**

വാല്യം 7 - ലക്കം 1 ജനുവരി 2009 Rs. 7.00



**സ്വാർത്ഥതയിൽ നിന്നുള്ള സ്വാതന്ത്ര്യം**
- സാക് പുന്നൻ

**യേശുവിനോടൊപ്പമുള്ള നടപ്പ്**
- എ.ഡബ്ല്യു.ടോസർ

**സ്വയസമർപ്പണം പ്രായോഗികമോ?**
- സ്റ്റാൻലി ജോൺസ്

**കുരിശും കഠാരയും**
- ഡേവിഡ് വിൽക്കേഴ്സൺ

**2009**
HAPPY NEW YEAR

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 ജനുവരി 2009 ലക്കം 1



## എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)

മാനേജർ
ജേക്കബ് മാത്യു (കായംകുളം)
ഫോൺ 0476-2472643 (Res.)


'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്
0469-2606730, 9847397369 (mobile)

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :


**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.


## വിദേശപ്രതിനിധികൾ

യു. എസ്. എ
ബിനോയി ജെയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

ദുബായ്
ഫ്രാൻസിസ് ജോൺ (റജി)
E-mail: francis.reji@gmail.com


# മൊഴി മുത്ത്



## പ്രാർത്ഥനയുടെ മറുപടി

നേട്ടങ്ങൾ കൈയടക്കാനായി ഞാൻ ദൈവത്തോടു ശക്തി ചോദിച്ചു. താഴ്മയും അനുസരണവും പഠിക്കാനായി അവിടുന്നെന്നെ ബലഹീനനാക്കി.

വൻ കാര്യങ്ങൾ ചെയ്യാനായി ഞാൻ ദൈവത്തോട് ആരോഗ്യം ചോദിച്ചു. മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യാനായി അവിടുന്നെന്റെ ആരോഗ്യത്തെ പരിമിതപ്പെടുത്തി.

സന്തുഷ്ടനായിരിക്കാൻ ഞാൻ സമ്പത്തു ചോദിച്ചു. വിവേകിയായിരിക്കാൻ അവിടുന്നെനിക്കു ദാരിദ്ര്യം തന്നു.

പുകഴ്ച ലഭിക്കാനായി ഞാൻ അധികാരം ചോദിച്ചു. തന്നെ മാത്രം വാഞ്ഛിക്കാനായി അവിടുന്നെന്നെ ദുർബലനാക്കി.

ജീവിതം ആസ്വദിക്കാൻ ഞാൻ ഒട്ടേറെ കാര്യങ്ങൾ ചോദിച്ചു. എല്ലാം തൃപ്തിയോടെ ആസ്വദിക്കാൻ അവിടുന്നൊരു ജീവിതം തന്നു.

ചോദിച്ചതൊന്നും എനിക്കു ലഭിച്ചില്ല. ലഭിച്ചതെല്ലാം ഏറ്റവും മെച്ചമായിരുന്നു!

# The Wonders of the Human Body

"I *will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well "* (Psalms. 139:14)

The human eye is a combination of still cameras, movie camera and light meter. It has automatic focusing, wide-angle lens, zoom lens and full colour instantaneous reproduction.

The brain has been called an enchanted loom that takes the electrical signals from rods and cones in the eyes and weaves those bits of information in to a tapestry portrait of what is in front of you.

## SIGHT

Our eyes enable us to distinguish distances, a must for all drivers of vehicles who don't want to hit someone else! They provide depth perception which is imperative for the pilot as he eases the plane down on to the runway. They seem to be quite simple members of the body, yet they contain six million cones that serve as receptors and millions of things called rods. These rods contain millions of molecules of rhodospin, a photosensitive pigment which is especially important for vision in dimlight.

The human eyes see things as upside-down images but the brain comes to our rescue in such a way that we see them as they should be-rightside up.

If you gaze at an object then look away so that it is no longer visible, you can reach out your hand and touch the object. Sight teams up with memory to make this possibel, yet scientists do not fully understand this simple ability.

# വിശ്വാസത്തിന്റെ ഇന്ധനം




*വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമർ 10:17)*

## എഡിറ്റോറിയൽ

# പത്താംവർഷത്തിലേക്ക്



രണ്ടായിരം ജനുവരിയിലാണു 'ജീവമൊഴി' രജിസ്റ്റർ ചെയ്തു പ്രസിദ്ധീകരണം ആരംഭിച്ചത്. അപ്പോൾ ഇതു പ്രസിദ്ധീകരണത്തിന്റെ പത്താം വർഷം. (ആദ്യമൂന്നുവർഷം 'ജീവമൊഴി' എന്ന പേരിൽ ഇറങ്ങിയ മാസിക സർക്കാർ നിർദ്ദേശത്തെതുടർന്നു 'ജീവമൊഴികൾ' എന്നു പേരുമാറ്റിയതുകൊണ്ടാണ് ഈ ലക്കത്തിൽ 'വാല്യം ഏഴ്' എന്നു രേഖപ്പെടുത്തിയിരിക്കുന്നത്).

പിന്നിട്ട പാതയിൽ ദിവ്യമായ ഒരു നിയോഗത്തിന്റേയും നടത്തിപ്പിന്റേയും കാലടികൾ പതിഞ്ഞുകിടപ്പുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ ചിലയിടത്തൊക്കെ അത് അവ്യക്തം; എങ്കിലും അതവിടെയുണ്ട്. നന്ദി, നാഥാ, നന്ദി.

ക്രിസ്തീയആനുകാലികങ്ങളുടെ മലവെള്ളപ്പാച്ചിലിനിടയിൽ എന്തായിരുന്നു പുതിയൊരു പ്രസിദ്ധീകരണത്തിന്റെ പ്രസക്തി? ജീവമൊഴിയുടെ പ്രകാശനത്തിനുപിന്നിലുള്ള ചേതോവികാരം എന്തായിരുന്നു? രണ്ടായിരം ജനുവരിയിലെ ആദ്യ പത്രാധിപലേഖനത്തിൽ തന്നെ അതിങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്: "എന്നും യഥാർത്ഥ ക്രിസ്തീയതയ്ക്കു വേണ്ടിയാണു ജീവമൊഴി നിലകൊള്ളുക. എന്താണ് യഥാർത്ഥ ക്രിസ്തയത? നിർവ്വചനങ്ങൾ പലതും നമ്മെ സത്യത്തിൽ നിന്ന് അകറ്റിക്കൊണ്ടുപോവുകയാണു ചെയ്തിട്ടുള്ളത്. യഥാർത്ഥക്രിസ്തീയത വാസ്തവത്തിൽ കർത്താവായ യേശുക്രിസ്തുവിനെ അറിയുന്നതു തന്നെയല്ലേ?

അനുതപിച്ച് യേശുക്രിസ്തുവിങ്കലേക്കു തിരിഞ്ഞു കൊൾവിൻ എന്ന് ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തലന്മാർ പ്രസംഗിച്ചു നടന്നപ്പോൾ അവർക്കിത് എത്രയും വ്യക്തമായിരുന്നു. 'യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായിരിക്കണം' എന്നും 'അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയണം' എന്നും തീവ്രമായി വാഞ്ഛിച്ചപ്പോഴും അവർക്ക് ഇക്കാര്യത്തിൽ സംശയം ഉണ്ടായിരുന്നില്ല.

എന്നാൽ ക്രമേണ ക്രിസ്തുവിനു ചുറ്റും ഒരു ചട്ടക്കൂടായിത്തീർന്നു ക്രിസ്തീയത. അതു കൂടുതൽ രൂപപരമായി (Formal). ഭക്തിയുടെ ധാരാളം വേഷങ്ങളും പുറംമോടികളും ഉണ്ടായിവന്നു. ഒട്ടേറെ ക്രിസ്തീയവിഭാഗങ്ങളും അനവധി ക്രിസ്തീയപ്രവർത്തനങ്ങളും. വ്യത്യസ്തഉപദേശങ്ങൾ നടപടിക്രമങ്ങൾ. പക്ഷേ ഈ തിരക്കിനെല്ലാം ഇടയിൽ, ആരുടെ പേരിൽ ഇതെല്ലാം കെട്ടിപ്പൊക്കിയോ, ആ യേശുവിനെ മാത്രം കാണാനില്ലാതായി. യെരുശലേമിലെ പെരുന്നാളിന്റെ തിമിർപ്പിൽ യേശുവിനെ മറന്നശേഷം, കൂട്ടത്തിൽ സഹയാത്രികനായി ഉണ്ടാകും എന്നു കരുതി മൂന്നുദിവസം നഷ്ടപ്പെടുത്തിയ വീട്ടുകാരോട് ഉപമിക്കാവുന്ന, ക്രിസ്തു ഇല്ലാത്ത ക്രിസ്തീയതയാണ്. പിന്നീട് എങ്ങും കാണാനിടയായത്.


പക്ഷേ ഈ നിബിഡമായ അന്ധകാരത്തിനിടയിലും ഒരു രജതരേഖ കാണാം. യേശുക്രിസ്തുവിനോടുള്ള നിർമ്മലമായ ഭക്തി ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട മുത്തായി സൂക്ഷിച്ച ഒരു ന്യൂനപക്ഷം ഒന്നാം നൂറ്റാണ്ടുമുതൽ എല്ലാ കാലഘട്ടത്തിലും എല്ലാ തലമുറയിലും ഉണ്ടായിരുന്നു. തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിനോടുള്ള ലളിതമായ ഭക്തി മുറുകെ പിടിച്ച് സാധാരണക്കാരായി ജീവിച്ച് മരിച്ചുപോയ അവരിൽ ഏറെപ്പേരെയും നമുക്കറിഞ്ഞുകൂടാ. തങ്ങൾ ഉൾപ്പെട്ടുനിന്ന ക്രിസ്തീയവിഭാഗങ്ങളുടെ വിശ്വാസപ്രമാണങ്ങൾക്കും നടപടിക്രമങ്ങൾക്കും അതീതമായി ക്രിസ്തുവിനോട് യഥാർത്ഥമായ വ്യക്തിപരമായ ബന്ധം അവർ സ്ഥാപിച്ചു. ഉപേദശരൂപങ്ങൾക്കപ്പുറം യേശുവിനോട് നിർമലമായ സുതാര്യമായ അടുപ്പം. യേശുക്രിസ്തുവിനെ എല്ലാറ്റിനും എല്ലാമായി കണ്ട് ജീവിതം ചെലവിടുകയും സ്വയം ചെലവായിപ്പോകുകയും ചെയ്ത ഇവരിൽ ചിലരെങ്കിലും അവരുടെ എഴുത്തുകളിലൂടെ നമുക്ക് പരിചിതരാണ്, അസ്സീസിയിലെ ഫ്രാൻസിസ്, ബ്രദർ ലോറൻസ്, മാഡംഗയോൺ, ഫെനലിൻ, തോമസ് കെമ്പിൻസ്, വിക്ളിഫ്, ജോൺഹസ്സ്, മാർട്ടിൻ ലൂഥർ, ജോൺ ബനിയൻ, ജോൺ വെസ്ലി, വില്യം കേരി, സാധു സുന്ദരസിങ്, പണ്ഡിത രമാബായി, സി.റ്റി.സ്റ്റഡ്, ഇവാൻ റോബർട്ട്സ്, എ.ഡബ്ലിയു.ടോസർ, വാച്ച്മാൻ നീ....എന്നിങ്ങനെ.

നമുക്ക് പേരറിയാവുന്നതും അറിഞ്ഞുകൂടാത്തതുമായ ഈ വിശ്വാസവീരന്മാർക്ക് പൊതുവായുള്ളത് എന്താണ്? ഒരേ ഉപദേശങ്ങളാണോ? ആചാരങ്ങളാണോ? നടപടിക്രമങ്ങളാണോ? അല്ലേയല്ല. മറ്റുപലതിനോടൊപ്പം ജീവിതത്തിൽ കൂട്ടിച്ചേർക്കേണ്ട ഒരു ഘടകമായല്ല യേശുവിനെ അവർ കണ്ടതെന്നതാണ് അവർക്കെല്ലാം പൊതുവായുള്ള പ്രത്യേകത. മറിച്ച് അതുല്യനായ യേശുമാത്രമായിരുന്നു അവർക്കു ജീവിതം. അതുകൊണ്ടുതന്നെ അവർ ഈ ലോകത്ത് അന്യരും പരദേശികളുമായിരുന്നു. പണത്തെ അവർ വെറുത്തു. സ്വന്തമായതിനെയും സ്വന്തംജീവനേയും അവർ പകച്ചു. സ്ഥാനമാനങ്ങളും പദവികളും അവർ 'ചവറായി' എണ്ണി. ലോകത്തിലെ നേട്ടങ്ങളെ അവർ ചിരിച്ചുതള്ളി. മനുഷ്യരുടെ അഭിപ്രായങ്ങളെ അവർ ചവറ്റുകുട്ടയിൽ എറിഞ്ഞു. അംഗീകാരങ്ങളോട് 'വേണ്ട' എന്നു പറഞ്ഞു. മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന് അറപ്പാണെന്ന് അവർ കണ്ടെത്തി. നിന്ദകളേയും പീഡനങ്ങളേയും അവർ സസന്തോഷം സഹിച്ചു. മരണപര്യന്തം അവർ തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. മൊത്തത്തിൽ ഈ ലോകം അവർക്കു യോഗ്യമല്ലായിരുന്നു.

ശിഷ്യത്വത്തിന്റെ ഈ മാർഗ്ഗം എന്നും ഒരു ഇടുങ്ങിയ വഴിയാണ്. ലോകത്തിന് അവരെ മനസ്സിലാകുന്നില്ല. വിശ്വാസത്തിന്റെ ഈ വഴിയിൽ അവർ ഒറ്റയ്ക്കാണ്. കൂട്ടിന് അദൃശ്യമായ കരങ്ങൾ ചേർത്തണച്ച് ഒപ്പം നടക്കുന്ന നാഥൻ മാത്രം. അവിടുത്തെ മുഖത്തേക്കു നോക്കുമ്പോൾ ഈ വലിയ ബന്ധത്തിന് വിലയായി തങ്ങൾ നൽകിയത് എത്രയോ നിസ്സാരം എന്നു തോന്നിപ്പോകും. എല്ലാം വിറ്റ് ഈ വിലയേറിയ മുത്തുവാങ്ങിയത് എത്ര ഭാഗ്യം എന്ന കൃതാർത്ഥത.

അവിടുത്തെ മുമ്പിൽ ത്യാഗങ്ങൾക്കോ, സ്വന്തനീതിക്കോ ഒരു പ്രസക്തിയുമില്ല, നാഥനെ അവിടുത്തെഹിതപ്രകാരം ശുശ്രൂഷിച്ചശേഷവും 'ഞങ്ങൾ അപ്രയോജനഭൃത്യന്മാർ' എന്നായിരിക്കും അവരുടെ നിലവിളി. പാപത്തെ ജയിച്ചു ജീവിച്ചശേഷവും 'അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ' എന്നായിരിക്കും അവരുടെ കണ്ണുനീർ. വിജയകരമായ ഒരു ക്രിസ്തീയജീവിതം നയിക്കുമ്പോഴും 'ഞാൻ പാപികളിൽ ഒന്നാമൻ' എന്നായിരിക്കും അവരുടെ നിലപാട്. തങ്ങളുടെ നീതിയും വിശുദ്ധിയുമായി യേശുവിനെ മാത്രം കാണുന്നവർ. സ്വന്തബലത്തിൽ ആശ്രയിക്കാത്തവർ. എപ്പോൾ യേശുവിൽ മാത്രം ചാരുന്നവർ. സർവ്വത്തിനും സർവ്വവുമായി യേശുക്രിസ്തുവിനെ കാണുന്നവർ. ഇവരല്ലേ യേശുവിനെ പ്രതിനിധാനം ചെയ്യുന്നവർ? ഇവർ കണ്ടെത്തിയതല്ലേ യഥാർത്ഥക്രിസ്തീയതയും?"

ആദ്യഎഡിറ്റോറിയലിൽ യഥാർത്ഥക്രിസ്തീയതയെക്കുറിച്ചുള്ള ഈ ചോദ്യം ഉന്നയിച്ചതിനുശേഷം ഇന്ന്



(ശേഷം പേജ് 42 ൽ)

സന്ദേശം

# സ്വാർത്ഥതയിൽ നിന്നുള്ള സ്വാതന്ത്ര്യം

സാക് പുന്നൻ

എന്നാൽ സർപ്പം ഹവ്വയെ ഉപായത്തിൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.... സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല (2 കൊരിന്ത്യർ 11:3, 14,15).

നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിൽ എത്തിയില്ല (റോമർ 9:31).

യിസ്രായേലിലെ പരീശന്മാർ നീതിയെ പിന്തുടർന്നു; എന്നാൽ സാത്താൻ അവരെ വഴി തെറ്റിച്ചു കളഞ്ഞു. ഇന്നു നീതിയെ പിന്തുടരുന്ന എല്ലാവർക്കുമുള്ള ഒരു താക്കീതാണിത്.

നാം ദൈവവചനത്തെ നമ്മുടെ മാർഗദർശിയായി സ്വീകരിക്കുന്നില്ലെങ്കിൽ ആത്മാർത്ഥതകൊണ്ടു മാത്രം നാം വഞ്ചനയിൽനിന്നു വിമുക്തരാവുകയില്ല. പത്രോസ് വളരെ ആത്മാർത്ഥതയുള്ളവനായിരുന്നു; എങ്കിലും യേശുവിന് ഒരു തെറ്റായ വഴി നിർദ്ദേശിക്കുന്ന കാര്യത്തിൽ അദ്ദേഹം സാത്താന്റെ



**നമുക്ക് ഒരു യഥാർത്ഥവിജയം ലഭിക്കണമെങ്കിൽ നാം സ്വാർത്ഥാന്വേഷണമെന്ന ഈ വലിയ മല്ലന്റെമേൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇവനെ നശിപ്പിച്ചുകഴിഞ്ഞാൽ മറ്റെല്ലാ പാപങ്ങളും സ്വതേതന്നെ നമുക്കു കീഴടങ്ങും.**

വക്താവായിത്തീർന്നു (മത്തായി 16:21 -23). യേശു ആദ്യം ക്രൂശിനെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ അവർക്ക് അത് ദൈവത്തിന്റെ വഴിയാണെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ദൈവജനത്തിന് ഐശ്വര്യവും ആരോഗ്യവും സാന്താനസമ്പത്തും മറ്റനേകം ഭൗതികാനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിരുന്ന ഒരു പഴയ നിയമ സുവിശേഷവുമായിട്ടാണ് അവർ ഇടപഴകിയിരുന്നത്. ഈ പഴയനിയമ സുവിശേഷത്തിനു കടകവിരുദ്ധമായിരുന്നു കഷ്ടതയനുഭവിക്കുന്നതും മരിക്കുന്നതും.

വ്യക്തിപരമായ അനുഗ്രഹങ്ങൾ, ഭൗമിക കാര്യങ്ങൾ എന്നിവയിലാണു പഴയനിയമ സുവിശേഷം അധിഷ്ഠിതമായിരുന്നത്. പുതിയനിയമ സുവിശേഷമാകട്ടെ, ഇതിൽനിന്നു വിഭിന്നമായി ദൈവിക ലക്ഷ്യങ്ങൾ, സ്വർഗ്ഗീയ കാര്യങ്ങൾ എന്നിവയെ കേന്ദ്രമാക്കി വ്യാപരിച്ചിരുന്നു. ഈ പുതിയനിയമ സുവശേഷത്തിനു വഴിയൊരുക്കിക്കൊണ്ടു യോഹന്നാൻ സ്നാപകൻ വന്നപ്പോൾ അദ്ദേഹത്തിന്റെ സന്ദേശം ഇതായിരുന്നു: "സ്വർഗ്ഗരാജ്യം (ഭൗമിക രാജ്യവും ഭൗമികാനുഗ്രഹങ്ങളുമല്ല) സമീപസ്ഥമായിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 3:2; മർക്കോസ് 1:14, 15). യോഹന്നാൻ സ്നാപകന്റെ കാലം മുതൽ സ്വർഗ്ഗരാജ്യം (അഥവാ ദൈവരാജ്യം) പ്രസംഗിക്കപ്പെടുന്നുവെന്നും നാം അതിനെ പ്രാപിക്കണമെങ്കിൽ ഒരു ബലപ്രയോഗം ആവശ്യമാണെന്നും യേശുക്രിസ്തു പറഞ്ഞു. സ്വയസ്നേഹം, ഭൗതികസുഖം, ബഹുമതി, ധനസൗകര്യങ്ങൾ എന്നിവ നമ്മുടെ ജഡസ്വഭാവത്തിൽ ആഴമായി വേരൂന്നിയിട്ടുള്ള കാര്യങ്ങളാണ്. അത്തരം താത്പര്യങ്ങളോടു ബലപ്രയോഗം നടത്തുവാൻ സന്നദ്ധതയുള്ളവർക്കു മാത്രമേ ദൈവരാജ്യം സ്വായത്തമാക്കുവാൻ സാധ്യമാകൂ.

**യേശു ആദ്യം ക്രൂശിനെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചപ്പോൾ അവർക്ക് അത് ദൈവത്തിന്റെ വഴിയാണെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ദൈവജനത്തിന് ഐശ്വര്യവും ആരോഗ്യവും സാന്താനസമ്പത്തും മറ്റനേകം ഭൗതികാനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിരുന്ന ഒരു പഴയനിയമ സുവിശേഷവുമായിട്ടാണ് അവർ ഇടപഴകിയിരുന്നത്. ഈ പഴയനിയമസുവിശേഷത്തിനു കടകവിരുദ്ധമായിരുന്നു കഷ്ടതയനുഭവിക്കുന്നതും മരിക്കുന്നതും.**

യേശുവിന് പത്രോസ് അനായാസവും സുഖകരവുമായ ഒരു വഴി നിർദ്ദേശിച്ചപ്പോൾ അവിടുന്നു പത്രോസിനെ ഇപ്രകാരം ശാസിച്ചു: "സാത്താനേ നീ എന്നെ വിട്ടു പോ. നീ എനിക്കൊരു പ്രതിബന്ധമാണ്; എന്തെന്നാൽ നീ ദൈവത്തിന്റെ താത്പര്യങ്ങളിലല്ല, മനുഷ്യന്റെ താത്പര്യങ്ങളിലാണ് മനസ്സു വച്ചിരിക്കുന്നത്" (മത്തായി 16:23). നാം നമ്മുടെ സ്വന്തതാത്പര്യങ്ങൾക്കു മനസ്സുവയ്ക്കുമ്പോൾ നാം ദൈവരാജ്യത്തിനും യേശുക്രിസ്തുവിനും ഒരു പ്രതിബന്ധമായിത്തീരും. അപ്പോഴാണ് നമ്മെ വഴിതെറ്റിക്കുന്നതിൽ സാത്താൻ വിജയം നേടുന്നത്.

പാപത്തിൽനിന്നുള്ള രക്ഷയുടെ അന്തസ്സാരം സ്വകീയ താത്പര്യങ്ങളിൽനിന്നു രക്ഷനേടുക എന്നതാണ്. ലൂസിഫർ സ്വന്തതാത്പര്യമന്വേഷിച്ചു; അതോടെ പാപം ലോകത്തിൽ കടന്നു. യേശു ഒരിക്കലും സ്വന്തതാത്പര്യമന്വേഷിച്ചില്ല; അങ്ങനെ അവിടുന്നു രക്ഷയുടെ സമ്പാദകനായിത്തീർന്നു. ഒരു മനുഷ്യനെ സ്വന്ത താത്പര്യമന്വേഷിക്കുന്നവനായിത്തന്നെ നിലനിർത്തുന്ന





നീതി ഒരു കപടനീതിയാണ്.

കോപം, ലൈംഗിക ദുർമ്മോഹം എന്നിവയുടെ മേൽ വിജയം നേടുകയും ഒരുവന്റെ ഭൂതകാല പാപങ്ങൾക്കെല്ലാം പ്രായശ്ചിത്തമനുഷ്ടിക്കുകയും ചെയ്യുമ്പോൾ തന്നെ സ്വന്ത താത്പര്യങ്ങൾ, തന്റെയും തന്റെ ഭാര്യയുടെയും സുഖസൗകര്യങ്ങൾ, സ്വന്ത മാനം എന്നിവയെല്ലാം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു നിലവാരം പുലർത്തുക എന്നത് സാധ്യമാണ്. ദൈവഭക്തിയുടെ മർമ്മം, ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടത് എന്നിവയെല്ലാം വിശ്വസിക്കുവാനും വിശദീകരിക്കുവാനും ഒരുവനു കഴിയുമ്പോൾതന്നെ അയാൾ അധർമ്മത്തിന്റെ മർമ്മമെന്തെന്ന് അറിയാതിരിക്കുവാൻ സാധ്യമാണ്. എല്ലാ അധർമ്മത്തിന്റെയും മർമ്മം അഥവാ രഹസ്യമായ ഉത്ഭവസ്ഥാനം സ്വന്തം താത്പര്യമന്വേഷിക്കുന്ന പ്രവണതയാണ്. ജഡത്തിലെ ദുർമ്മോഹങ്ങളിൽവച്ച് ഏറ്റവും വഞ്ചനാത്മകം ഈ പ്രവണതയാണ്. ചില ഉപരിപ്ലവങ്ങളായ പാപങ്ങളെ ജയിച്ചശേഷം താൻ ക്രിസ്തുവിന്റെ കാന്തയുടെ ഒരു ഭാഗമാണെന്നു വിശ്വസിക്കുവാൻ ഒരുവനു കഴിയും. അതേ സമയംതന്നെ അയാളുടെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും സ്വാർത്ഥതാൽപര്യം കൊടികുത്തി വാഴുന്ന അവസ്ഥ തുടരുകയും ചെയ്യും. സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ വരുമ്പോഴത്തെ വഞ്ചനയുടെ സ്വഭാവം ഇതാണ്. അധർമ്മത്തിന്റെ മർമ്മവും ഇതുതന്നെ.

ഒരു യഥാർത്ഥ ദൈവഭക്തനെ വേർതിരിച്ചു കാണിക്കുന്ന ഏക സവിശേഷത ഒരു പ്രത്യേക ഉപദേശത്തെപ്പറ്റി അയാൾക്കുള്ള അറിവല്ല, മറിച്ച് സ്വാർത്ഥമന്വേഷിക്കുവാനുള്ള പ്രവണതയിൽനിന്ന് അയാൾക്കുള്ള സ്വാതന്ത്ര്യമാണ്. ഫിലിപ്പിയർ 2:19-21 ൽ തന്റെ മിക്ക സഹപ്രവർത്തകരും, സ്വന്തകാര്യമന്വേഷിക്കുന്നവരാണെന്നും അതിനാൽ

**എല്ലാ അധർമ്മത്തിന്റെയും മർമ്മം അഥവാ രഹസ്യമായ ഉത്ഭവസ്ഥാനം സ്വന്തം താത്പര്യമന്വേഷിക്കുന്ന പ്രവണതയാണ്. ജഡത്തിലെ ദുർമ്മോഹങ്ങളിൽവച്ച് ഏറ്റവും വഞ്ചനാത്മകം ഈ പ്രവണതയാണ്. ചില ഉപരിപ്ലവങ്ങളായ പാപങ്ങളെ ജയിച്ചശേഷം താൻ ക്രിസ്തുവിന്റെ കാന്തയുടെ ഒരു ഭാഗമാണെന്നു വിശ്വസിക്കുവാൻ ഒരുവനു കഴിയും. അതേ സമയംതന്നെ അയാളുടെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും സ്വാർത്ഥതാൽപര്യം കൊടികുത്തി വാഴുന്ന അവസ്ഥ തുടരുകയും ചെയ്യും.**

അവരെ ഫിലിപ്പ്യയിലേക്ക് അയയ്ക്കുവാൻ തനിക്കു കഴിയുന്നില്ലെന്നും പൗലൊസ് പറയുന്നു. എന്നാൽ തിമോഥെയോസാകട്ടെ, അതിൽനിന്നു വ്യത്യസ്തനും മഹത്വപൂർണ്ണമായ ഒരുവനായിരുന്നു. പൗലൊസിന്റെ ആ സഹപ്രവർത്തകരുടെ ഉപദേശങ്ങളെല്ലാം തികച്ചും ശരിയായിരുന്നു. എങ്കിലും അവർ സ്വന്തകാര്യമന്വേഷിക്കുന്നവരായിരുന്നു. അവർ തങ്ങളെത്തന്നെ നീതിമാന്മാരായും മറ്റുള്ളവരെക്കാൾ ഉന്നതരായും ഗണിച്ചിരുന്നിരിക്കാം; എങ്കിലും പൗലൊസിന് അവരുടെ പൊള്ളത്തരം വ്യക്തമായിക്കാണുവാൻ കഴിഞ്ഞു. ഇത്തരമൊരു സാഹചര്യം തന്നെയാണ് ഇന്നും നിലവിലിരിക്കുന്നത്.

ക്രിസ്തീയ ചരിത്രത്തിൽ ശതാബ്ദങ്ങളിലൂടെ ജീവിച്ചിരുന്ന ഉന്നതശീർഷരായ വിശ്വാസവീരന്മാർക്കെല്ലാം ഉണ്ടായിരുന്ന ഒരേയൊരു സവിശേഷത അവർ ഒരിക്കലും സ്വാർത്ഥമന്വേഷിച്ചിരുന്നില്ല എന്നതാണ്. മാർട്ടിൻലൂഥർ, ജോൺ വെസ്ലി, ചാൾസ്ഫിന്നി, വാച്ച്മാൻ നീ ഇവരെയെല്ലാം ദൈവപു

രുഷന്മാരാക്കിയ വസ്തുത അവർ വിശ്വസിച്ചിരുന്ന ഉപദേശങ്ങളുടെ വൈശിഷ്ട്യമല്ല, മറിച്ച് അവരിലാരും തന്നെ സ്വന്തതാത്പര്യങ്ങൾ അന്വേഷിച്ചിരുന്നില്ല എന്നതാണ്. അവരിൽ ഓരോരുത്തരും അവർക്കു മുമ്പുള്ള ശതാബ്ദങ്ങളിൽ ജീവിച്ചിരുന്നവരെക്കാൾ അധികം ശുദ്ധമായ ക്രിസ്തീയോപദേശം ഗ്രഹിച്ചിരുന്നുവെന്നതു ശരിതന്നെ. എങ്കിലും അവരുടെ ആത്മീയത കുടികൊണ്ടിരുന്നതു തങ്ങളുടെ തലമുറയിൽ തങ്ങൾക്കു ലഭിച്ചിരുന്ന വെളിച്ചത്തിന്റെ അളവനുസരിച്ച് അവർ നിസ്വാർത്ഥമതികളായി ദൈവരാജ്യത്തെ അന്വേഷിച്ചിരുന്നു എന്ന കാര്യമാണ്.

ഇന്ന് ഒരുപക്ഷേ ഈ വ്യക്തികളെക്കാളധികം തിരുവെഴുത്തിലെ ചില സത്യങ്ങളെ സംബന്ധിച്ചു നമുക്കു കൂടുതൽ വെളിച്ചം ലഭിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അധികം ലഭിച്ചവനോട് അധികം ആവശ്യപ്പെടുമെന്നു നാമോർക്കണം. അതിനാൽ നീതിയെന്നതു കോപത്തെയും ലൈംഗികമോഹത്തെയും അതുപോലെയുള്ള മറ്റു പാപങ്ങളെയുമെല്ലാം ജയിക്കുന്നതു മാത്രമാണെന്നു നാം ചിന്തിക്കുന്ന പക്ഷം നാം വലിയ അപകടത്തിലാണ്. ബാഹ്യമായിട്ടെങ്കിലും ഈ പാപങ്ങളെ ജയിച്ചിട്ടുള്ള ബുദ്ധമതാവലംബികൾ ഉണ്ട്.

ജഡത്തിൽ കുടികൊള്ളുന്ന ഈ പാപങ്ങളെയെല്ലാം യിസ്രായേലിനെതിരെ തങ്ങളുടെ നായകനായ ഗോല്യത്തിനൊടൊപ്പം നിന്നിരുന്ന ഫെലിസ്ത്യപടയാളികളായി നമുക്കു പരിഗണിക്കാം. എന്നാൽ സാക്ഷാൽ മല്ലനായ ഗോല്യാത്ത് സ്വാർത്ഥമന്വേഷിക്കൽ തന്നെയാണ്. ദാവീദ് ഫെലിസ്ത്യപടയാളികളെ ഓരോരുത്തരെയായ കൊന്നൊടുക്കുക മാത്രം ചെയ്തിരുന്നെങ്കിൽ യിസ്രായേലിനു വിജയം സിദ്ധിക്കുകയില്ലായിരുന്നു. അഥവാ

**ക്രിസ്തീയ ചരിത്രത്തിൽ ശതാബ്ദങ്ങളിലൂടെ ജീവിച്ചിരുന്ന ഉന്നതശീർഷരായ വിശ്വാസവീരന്മാർക്കെലാം ഉണ്ടായിരുന്ന ഒരേയൊരു സവിശേഷത അവർ ഒരിക്കലും സ്വാർത്ഥമന്വേഷിച്ചിരുന്നില്ല എന്നതാണ്. മാർട്ടിൻലൂഥർ, ജോൺ വെസ്ലി, ചാൾസ്ഫിന്നി, വാച്ച്മാൻ നീ എന്നിവരെയെല്ലാം ദൈവപുരുഷന്മാരാക്കിയ വസ്തുത അവർ വിശ്വസിച്ചിരുന്ന ഉപദേശങ്ങളുടെ വൈശിഷ്ട്യമല്ല, മറിച്ച് അവരിലാരും തന്നെ സ്വന്തതാത്പര്യങ്ങൾ അന്വേഷിച്ചിരുന്നില്ല എന്നതാണ്.**

വല്ല വിജയവും ലഭിക്കണമെങ്കിൽ അതിനു വർഷങ്ങൾ തന്നെ കാത്തിരിക്കേണ്ടിവരുമായിരുന്നു. എന്നാൽ ദാവീദ് ഗോല്യാത്തിനെ കൊന്നതോടെ മറ്റെല്ലാ ഫെലിസ്ത്യരും അവിടം വിട്ട് ഓടിപ്പോയതായി നാം വായിക്കുന്നു (1 ശമു. 17:51). ഇതാണ് രഹസ്യം. നമുക്ക് ഒരു യഥാർത്ഥ വിജയം ലഭിക്കണമെങ്കിൽ നാം സ്വാർത്ഥാന്വേഷണമെന്ന ഈ വലിയ മല്ലന്റെ മേൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇവനെ നശിപ്പിച്ചുകഴിഞ്ഞാൽ മറ്റെല്ലാ പാപങ്ങളും സ്വതേതന്നെ നമുക്കു കീഴടങ്ങും.

യേശു വന്നതു പാപമാകുന്ന വൃക്ഷത്തിന്റെ ചുവടിനു കോടാലി വയ്ക്കുവാനാണ്. ഈ വൃക്ഷത്തിന്റെ ഫലങ്ങൾ പലതാണ്. വ്യാജം, മോഷണം, ദുർമ്മോഹം, കോപം, വിദ്വേഷം ഇത്യാദികളെല്ലാം ഇവയിൽപ്പെടുന്നു. എന്നാൽ ഇവയുടെയെല്ലാം ചുവട് സ്വാർത്ഥമന്വേഷിക്കലാണ്. ഇവിടെയാണ് നാം മഴു പ്രയോഗിക്കേണ്ടത്. അത് ചെയ്യുന്നില്ലെങ്കിൽ നാം വഞ്ചിതരായിത്തീരും.

നാം ഒരിക്കലും കോപിക്കാത്തതുകൊണ്ടും മറ്റു ചിലർ സംസാരിക്കുന്ന അതേ ഉപദേശരൂപം തന്നെ നാം





സംസാരിക്കുന്നതുകൊണ്ടും യേശുക്രിസ്തു നടന്ന അതേ ജീവന്റെ പുതുവഴിയിലാണ് നാമും നടക്കുന്നതെന്നു മിഥ്യയായി സങ്കൽപിക്കുവാൻ നമുക്കു സാധ്യമാണ്. എന്നാൽ നമ്മുടെ മനസ്സും കർമ്മശക്തിയും സമയവുമെല്ലാം നമ്മുടെ കുടുംബാംഗങ്ങൾക്കുവേണ്ടി കൂടുതൽ കൂടുതൽ ഭൗതികസൗകര്യങ്ങൾ സമ്പാദിക്കുവാനും നമ്മുടെ ഭാര്യമാരെ പ്രസാദിപ്പിക്കുവാനും നമ്മുടെ മക്കൾ സുഖകരമായൊരു ജീവിതമാർഗത്തിലൂടെ സന്തുഷ്ടരായിക്കഴിയുമാറ് അവരെ സന്തുഷ്ടരാക്കുവാനുമായിരിക്കാം നാം ചെലവാക്കുന്നത്. ഇപ്രകാരം ജീവിച്ചുകൊണ്ട് യേശു നടന്നതുപോലെയാണു നാം നടക്കുന്നതെന്നു സങ്കൽപിക്കുന്നത് ആത്മവഞ്ചനയുടെ പരമകാഷ്ഠതന്നെയാണ്.

കൊരിന്തിലെ വിശ്വാസികൾ ക്രിസ്തുവിനോടുള്ള നിർമ്മലസ്നേഹം വിട്ടുവഴി തെറ്റിപ്പോകുമോ എന്ന് പൗലൊസ് ഭയപ്പെട്ടിരുന്നു. ഇന്ന് നമ്മുടെ മധ്യത്തിലും യേശുവിനോടുള്ള സ്നേഹത്തെക്കാളും അധികമായ സ്നേഹം നമ്മുടെ ഭാര്യമാരോടായിത്തീരുവാനുള്ള ഒരു യഥാർത്ഥ വിപത്ത് നിലവിലിരിക്കുന്നുണ്ട്. ഒന്നാമത്തെ കൽപന നമ്മുടെ കൂട്ടുകാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കണം എന്നതല്ല; നേരെമറിച്ച് പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കണം എന്നതാണ്. ഇതു നാം ഒന്നാമതായി ചെയ്യുമ്പോഴാണ് നമ്മുടെ (ഭാര്യമാരുൾപ്പെടെയുള്ള) കൂട്ടുകാരെയെല്ലാം ശരിയായ വിധത്തിൽ സ്നേഹിക്കുവാൻ നമുക്കു കഴിവുണ്ടാകുന്നത്.

ക്രിസ്ത്യാനികൾ നീതിമാർഗ്ഗം പിന്തുടരുന്നതിൽ ഒരു ക്ലോക്കിന്റെ പെൻഡുലം പോലെ ഒരു ഭാഗത്തേക്കു വളരെ മാറിപ്പോവുകയും ആ തെറ്റു മനസ്സിലാക്കുമ്പോൾ വീണ്ടും മറുഭാഗത്തേക്കു നീങ്ങിപ്പോകയും ചെയ്യുന്ന മാതിരിയിലുള്ള ഒരു ഭ്രംശം സംഭവിക്കാനിടയുണ്ട്. ഇടുക്കമുള്ള വഴിയുടെ ഇരുഭാഗങ്ങളിലും നാം വീണുപോകുവാൻ ഇടനൽകുന്ന വലിയ ഗർത്തങ്ങളുണ്ട്. രണ്ടു ഭാഗത്തുമുള്ള ഈ ഗർത്തങ്ങളിൽ ഏതിലേക്കാണു നാം വീഴുന്നത് എന്നതിനെപ്പറ്റി സാത്താനു വലിയ വ്യാകുലതയൊന്നുമില്ല. എവിടെയായാലും നമ്മെ വീഴിക്കണം എന്നതാണ് അവന്റെ ഉന്നം. എന്നാൽ ദൈവത്തിനു സ്തോത്രം. നാം ശരിയായ പാതയിൽ നിന്നു വലത്തോട്ടോ ഇടത്തോട്ടോ മാറുമ്പോൾ– "അതെല്ല, ഇതാണു വഴി; ഇതിലെ നടന്നുകൊൾക" എന്നൊരു ശബ്ദം പിറകിൽനിന്നു നാം കേൾക്കും (യെശ. 30:21, 43). ഇതാണ് സഭയിലെ പ്രവചന ശുശ്രൂഷയുടെയും എഴുതപ്പെട്ട ദൈവവചനത്തിന്റെയും യഥാർത്ഥ ലക്ഷ്യം. ആ ശബ്ദം ജീവനിലേക്ക് നയിക്കുന്ന ഇടുക്കുപാതയുടെ ഒത്ത മധ്യത്തിൽ തന്നെ നമ്മെ സൂക്ഷിക്കും. അതിലേക്ക് ഇന്നു ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ടു മുഖാന്തിരങ്ങളാണു പ്രവചനശുശ്രൂഷയും എഴുതപ്പെട്ട ദൈവവചനവും.

**നമ്മുടെ മനസ്സും കർമ്മശക്തിയും സമയവുമെല്ലാം നമ്മുടെ കുടുംബാംഗങ്ങൾക്കുവേണ്ടി ഭൗതികസൗകര്യങ്ങൾ സമ്പാദിക്കുവാനും നമ്മുടെ ഭാര്യമാരെ പ്രസാദിപ്പിക്കുവാനും നമ്മുടെ മക്കൾ സുഖകരമായൊരു ജീവിതമാർഗത്തിലൂടെ സന്തുഷ്ടരായിക്കഴിയുമാറ് അവരെ സന്തുഷ്ടരാക്കുവാനുമായിരിക്കാം നാം ചെലവാക്കുന്നത്. ഇപ്രകാരം ജീവിച്ചുകൊണ്ട് യേശു നടന്നതുപോലെയാണു നാം നടക്കുന്നതെന്നു സങ്കൽപിക്കുന്നത് ആത്മവഞ്ചനയുടെ പരമകാഷ്ഠതന്നെയാണ്.**

പുറമേയുള്ള ക്രിസ്തീയ പ്രവർത്തനത്തിനു വളരെ പ്രാമുഖ്യം നൽകുകയും സ്വന്തം കുടുംബത്തെ അവഗണിക്കുകയും ചെയ്യുന്ന ഇന്നത്തെ ക്രിസ്തീയ പ്രവണത കണ്ടതിനുശേഷം അതിന്റെ എതിർദിശയിലുള്ള ഒരു പടുകുഴിയിലേക്ക് -സ്വന്ത കുടുംബത്തെയും സഭാംഗങ്ങളെയും കൂടുതൽ കരുതുകയും ക്രിസ്തുവിനോടുള്ള സ്നേഹം അവഗണിക്കയും ചെയ്യുന്ന മറ്റൊരു പരകോടിയിലേക്ക്-വീണു പോകാൻ സാധ്യതയുണ്ട്. ആന്തരിക വിശുദ്ധിയും ബാഹ്യമായ ത്യാഗജീവിതവും-ഈ രണ്ടു കാര്യങ്ങൾ-അന്യോന്യവിരുദ്ധങ്ങളും അന്യനിരപേക്ഷങ്ങളുമായ കാര്യങ്ങളല്ല. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ഈ രണ്ടിനും ഒരുപോലെ സ്ഥാനമുണ്ടായിരുന്നു.

അപ്പോസ്തലനായ പൗലൊസിനു തർസോസിൽ ഒരു ക്രിസ്തീയ ബിസിനസ്സുകാരനായി പ്രവർത്തിച്ചുകൊണ്ടു തന്നേ സ്വന്തജീവിതത്തിൽ ജീവനുള്ള പുതുവഴിയിൽക്കൂടെ മുന്നേറാമായിരുന്നു. എന്നാൽ അതല്ല അദ്ദേഹം ചെയ്തത്. ക്രിസ്തുവിനോടുള്ള തന്റെ ഗാഢമായ ഭക്തിമൂലം മറ്റുള്ളതെല്ലാം വിട്ടുകളഞ്ഞ ശേഷം കർത്താവിനെ മാത്രം സേവിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായിത്തീരുകയാണുണ്ടായത്.

ഇരുനൂറുവർഷം മുമ്പ് രണ്ടു മൊറേവിയൻ സഹോദരന്മാർ വെസ്റ്റിൻഡീസിലുള്ള ഒരു അടിമക്കോളനിയെപ്പറ്റി കേൾക്കുവാനിടയായി. ആ കോളനിയിൽ പ്രവേശനം ലഭിക്കാൻ വേണ്ടി അവർ തങ്ങളെത്തന്നെ അടിമകളാക്കി സ്വയം വിറ്റുകളകയും അങ്ങനെ അവിടെ ജീവിച്ചു സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്തു. മറ്റു രണ്ടു സഹോദരന്മാർ ആഫ്രിക്കയിൽ കുഷ്ഠരോഗികളുടെ ഒരു കോളനിയെപ്പറ്റി കേൾക്കുവാനിടയായി. രോഗം വ്യാപിക്കുന്നതിനെതിരെയുള്ള ഒരു മുൻകരുതലെന്ന നിലയിൽ അവിടെ ഒരിക്കൽ പ്രവേശിച്ച ആരെയും പിന്നീടു പുറത്തു വരുവാൻ അനുവദിച്ചിരുന്നില്ല. ഈ ആളുകൾ ആ കോളനിയിലുള്ളവർക്കു ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാനായി അവിടേക്കു പോയി.

ഈ ആളുകൾ വിശ്വസിച്ചിരുന്ന ഉപദേശരൂപത്തെപ്പറ്റിയൊന്നും എനിക്കറിഞ്ഞുകൂടാ. എങ്കിലും അവർ ഒരിക്കലും തങ്ങളുടെ സ്വന്തതാത്പര്യമന്വേഷിച്ചിരുന്നില്ല. തങ്ങൾക്കുള്ളതെല്ലാം കർത്താവിനുവേണ്ടി അടിയറവയ്ക്കുകയാണ് അവർ ചെയ്തത്.

ഇപ്രകാരമുള്ള ആളുകൾ കർത്താവിനുവേണ്ടി ത്യജിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ നമ്മുടെ ചെറിയ ചെറിയ ത്യാഗങ്ങളെല്ലാം വിസ്മൃതകോടിയിൽ തള്ളപ്പെട്ടുപോകുന്നു. നിത്യതയിൽ ഇപ്രകാരമുള്ള വ്യക്തികളെ നാം കണ്ടെത്തുകയും, ക്രിസ്തുവിൽ കാണപ്പെട്ടതും സ്വാർത്ഥമന്വേഷിക്കാത്തതുമായ അതേ സ്വഭാവം തന്നെയുള്ളവരുടെ സമൂഹമാണ് ക്രിസ്തുവിന്റെ കാന്തയെന്നു നാം മനസ്സിലാക്കുകയും ചെയ്യും. ഉപദേശപരമായ പ്രത്യേക ചിന്താഗതിയാണ് ക്രിസ്തുവിന്റെ കാന്തയാകുവാൻ ഒരാളെ യോഗ്യനാക്കുന്നതെന്ന ഒരുചിന്താഗതിയിൽ കുടുങ്ങിപ്പോയിട്ടുള്ളവരാണ് നമ്മിൽ ചിലരെല്ലാം. എന്നാൽ അതല്ല, നേരെമറിച്ച് നമ്മുടെ താത്പര്യങ്ങൾ നോക്കാതെ ദൈവത്തിന്റെ താത്പര്യങ്ങൾ മാത്രം അന്വേഷിക്കുന്ന മനോഭാവമാണ് ഒരുവനെ അതിനു യോഗ്യനാക്കിത്തീർക്കുന്നത്.

ഇംഗ്ലീഷ് വായിക്കുവാൻ കഴിവുള്ള ഓരോ ക്രിസ്ത്യാനിയും ഹഡ്സൻ ടെയ്ലർ, സി. റ്റി. സ്റ്റഡ്, ഡേവിഡ് ബ്രെയിനേർഡ്, വില്യം കേറി, വില്യം ബൂത്ത്, ജിം. എലിയട്ട് തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ വായിക്കുകയും അവ നൽകുന്ന വെല്ലുവിളി സ്വീകരിക്കു

(ശേഷം പേജ് 41 ൽ)





**മൂകസന്ദേശം-13**

# വാനമ്പാടിയും പൂവൻകോഴിയും

സന്ദീപ് പുന്നൻ

**ഈ** മാസം രണ്ടു പക്ഷികളെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. ഭാരതീയരായ നമുക്ക് പൂവൻകോഴിയെ ആരും പരിചയപ്പെടുത്തേണ്ടല്ലോ? എന്നെപ്പോലെ സ്കൂളിൽ ഷേക്സ്പിയർ പഠിച്ചവർക്ക് വാനമ്പാടിയെപ്പറ്റി കേട്ടറിവ് എങ്കിലും ഉണ്ടാവും.

വാനമ്പാടി അനായാസം പറന്നുനടക്കുന്ന, തൂവലുകൾ തിങ്ങിനിറഞ്ഞ, സുന്ദരനായ ഒരു ചെറുപക്ഷിയാണ്. അതിരാവിലെ ചില സ്ഥലങ്ങളിൽ അതിന്റെ കൂജനം കേൾക്കാം. മധുരമായ ഗാനം പോലെ തോന്നും വാനമ്പാടിയുടെ ശബ്ദം കേട്ടാൽ. സ്കൂളിൽ ഷേക്സ്പിയർ പഠനത്തിനിടയിലാണ് കൂടുതലായി വാനമ്പാടിയേക്കുറിച്ച് പഠിച്ചത്. സൂര്യനെ ഉണർത്തുന്ന പക്ഷി എന്ന നിലയിലാണ് മിക്കപ്പോഴും ഷേക്സ്പിയർ ഈ പക്ഷിയെ പരിചയപ്പെടുത്തുന്നത്. 'തിരക്കുള്ള ഒരു ദിവസത്തെ' ഉണർത്തുന്ന, 'പ്രഭാതത്തിന്റെ ആഗമനം വിളിച്ചറിയിക്കുന്ന' വാനമ്പാടി ഷേക്സ്പിയർ രചനകളിൽ നമുക്കുകാണാം.

'സൂര്യനെ ഉണർത്തുന്ന പക്ഷി' എന്ന സ്ഥാനപ്പേരിന് വാനമ്പാടിയോട് മത്സരിക്കാൻ സാധ്യതയുള്ള ഒരേ ഒരു പക്ഷി പൂവൻ കോഴിയാണ്. ബാല്യകാലം ഭാരതത്തിൽ ചെലവഴിച്ച എനിക്ക് അമ്മ വീട്ടിൽ വളർത്തിയിരുന്ന പൂവൻ കോഴികളെ നല്ല പരിചയമായിരുന്നു. ശരീരത്തിന്റെ ഭാരം കൂടുതലും ചിറകുകൾ താരതമ്യേന ചെറിയവയും ആയിരുന്ന പൂവൻകോഴികൾ പറക്കാൻ ശ്രമിക്കുന്നത് കൗതുകത്തോടെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പ്രഭാതകാലത്തെ എന്റെ സ്മരണകളിൽ കോഴികൂകുന്നത് തീർച്ചയായും നിറഞ്ഞു നിൽക്കുന്നു. വാനമ്പാടിയെപ്പോലെ മധുരസ്വരം അല്ലെങ്കിലും പൂവൻകോഴിയുടെ ശബ്ദം കേൾക്കാൻ നല്ല രസമായിരുന്നു. അത് രസകരമായ പല ഓർമ്മകൾ ഉണർത്തുന്നവയാണ് താനും.

ബൈബിൾ കോഴികൂകുന്നതിനെപ്പറ്റി പറയുന്നുണ്ട്. യേശുതന്റെ മരണത്തിനുമുമ്പ് അന്ത്യഅത്താഴത്തിൽ വച്ച്, കോഴികൂകും മുമ്പെ പത്രോസ് മൂന്നുവട്ടം തള്ളിപ്പറയും എന്ന് പറഞ്ഞത് ഓർക്കുക. അടുത്ത പ്രഭാതത്തിനുമുമ്പ് അത് സംഭവിക്കുക തന്നെ ചെയ്തു.!

വ്യത്യസ്തരായ രണ്ട് പക്ഷികളെ നാം കാണുന്നു. ഒന്ന് കവികളുടെ പ്രിയപ്പെട്ട പക്ഷിയായ, കാഴ്ചയ്ക്ക് ഭംഗിയുള്ള, വാനമ്പാടി. മറ്റേത് പത്രോസിന്റെ വീഴ്ചയെ ഓർമ്മിപ്പിച്ച, സ്തൂലിച്ച ശരീരമുള്ള, കൂവുന്നപൂവങ്കോഴി. എന്നാൽ ഇവയ്ക്കു രണ്ടിനും പൊതുവായ ഒരു ദൗത്യമുണ്ട്. രണ്ടും സൂര്യന്റെ ആഗമനം വിളിച്ചുപറഞ്ഞുകൊണ്ട് ഒരു പുത്തൻ ദിനത്തിലേക്ക് നമ്മെ ഉണർത്തുന്നു.

എന്റെ ജീവിതത്തിൽ ഇതിന് പ്രായോഗികപ്രസക്തി ഉള്ളതായി എനിക്ക് മനസ്സിലായിട്ടുണ്ട്...

ആത്മീയമായി പറഞ്ഞാൽ നമ്മുടെ ജീവിതത്തിൽ വാനമ്പാടിയും പൂവൻകോഴിയും ഉണ്ട്. രണ്ടും നീതിസൂര്യനായ ദൈവപുത്രന്റെ വരവിന് മുന്നറിയിപ്പുനൽകുകയും യേശുവിലുള്ള ഒരു പുത്തൻ ജീവിതത്തിലേക്ക് നമ്മെ ഉണർത്തുകയും ചെയ്യുന്നു. രണ്ടിനും ഞാൻ മനസ്സുതുറക്കണം. ഒരേ ലക്ഷ്യമുള്ള രണ്ട് മാധ്യമങ്ങളാണവ എന്ന് ഞാൻ ഗ്രഹിക്കണം.

ആത്മീയവാനമ്പാടികൾ യേശുവിന്റെ സ്നേഹം വിളംബരം ചെയ്യുകയും ക്രിസ്തുവിലുള്ള ജീവിതത്തിന്റെ സൗന്ദര്യം വീണ്ടും വീണ്ടും എന്നെ കാണിക്കയും ചെയ്യുന്നു. വാനമ്പാടിയുടെ നാദം എന്റെ കാതുകൾക്ക് ഇമ്പകരമായിരിക്കുന്നതുപോലെ ദൈവവചനത്തിലെ മധുരതരമായ വാഗ്ദാനങ്ങൾ എനിക്ക് സ്വസ്ഥതയും ഉറപ്പും നൽകുന്നവയത്രെ. സഭയിലും മറ്റിടങ്ങളിലും ഞാൻ കേൾക്കുന്ന ദൈവിക സന്ദേശങ്ങൾ എന്റെ ജീവിതത്തിന് അർത്ഥം ഉണ്ടെന്ന ഉറപ്പു നൽകുന്നു. പെറ്റതള്ള നവജാതശിശുവിനെ സ്നേഹിക്കുന്നതിലുമധികം ദൈവം എന്നെ സ്നേഹിക്കുന്നു എന്ന ഉറപ്പാണ് പ്രാർത്ഥനയ്ക്കായി മുഴങ്കാലിന്മേൽ നിൽക്കുമ്പോൾ എനിക്കു ലഭിക്കുന്നത്. ഈ കാര്യം അനുഭവിച്ചിട്ടുള്ളവർക്ക് ഞാൻ പറയുന്നത് ഗ്രഹിക്കാൻ പ്രയാസമുണ്ടാകില്ല. വരണ്ട ചുണ്ടുകൾക്ക് ദാഹജലം പോലെയാണ് ഈ മധുരമായ ദൈവശബ്ദം നമ്മുടെ ആത്മാവിന്. വാമ്പാടിയുടെ സംഗീതം കാതുകൾക്ക് പകരുന്ന സുഖാനുഭൂതിപോലെയാണത്!

എന്നാൽ ആത്മീയപൂവൻകോഴികളും പ്രധാനമത്രെ. ഞാൻ സേവിക്കുന്ന രാജാവിന്റെ കല്പനകൾ വിളംബരം ചെയ്കയും എന്നിലെ വീഴ്ചകൾക്കു

**എന്റെ ഹൃദയത്തിന്റെ അഗാധതലങ്ങൾ ശോധന ചെയ്യാൻ ഞാൻ കർത്താവിനോട് അപേക്ഷിക്കുമ്പോൾ ഞാൻ ദൈവതേജസ്സിൽ എത്രമാത്രം കുറവുള്ളവനാണെന്ന് അവിടുന്ന് എന്നെ കാട്ടുന്നു. വേദനയോടെ വിലപിക്കാൻ അതെന്നെ സഹായിക്കുന്നു. സങ്കടത്തോടെ നിലവിളിക്കാൻ അത് എന്നെ പ്രേരിപ്പിക്കുന്നു. നമുക്ക് സുഖകരമായി തോന്നുകയില്ലെങ്കിൽ കൂടെ വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ ശരിയായ ഒരു നിലപാടെടുക്കാൻ, വിനയപ്പെടാൻ, അത് നമ്മെ പ്രേരിപ്പിക്കുന്നു!**

നേരേ വിരൽ ചൂണ്ടുകയുമാണ് അവ ചെയ്യുന്നത്. കോഴിയുടെ കൂകൽ പത്രോസിന് പാപബോധം നൽകിയപോലെയാണ് ദൈവവചനശബ്ദം ശ്രവിക്കുമ്പോൾ നമുക്കും പാപബോധം ഉണ്ടാവുക. ദൈവവചനം വായിക്കുമ്പോൾ എന്നിലെ കാപട്യം ഞാൻ കാണുന്നു. ബന്ധുജനങ്ങളും സ്നേഹിതരും സ്നേഹപൂർവ്വം (ചിലപ്പോൾ കർക്കശമായും) എന്നിലുള്ള സ്വാർത്ഥതയുടെ നേരേ വിരൽ ചൂണ്ടുന്നു. എന്റെ ഹൃദയത്തിന്റെ അഗാധതലങ്ങൾ ശോധന ചെയ്യാൻ ഞാൻ കർത്താവിനോട് അപേക്ഷിക്കുമ്പോൾ ഞാൻ ദൈവതേജസ്സിൽ എത്രമാത്രം കുറവുള്ളവനാണെന്ന് അവിടുന്ന് എന്നെ കാട്ടുന്നു. അനുഭവസ്ഥർക്ക് ഞാൻ പറയുന്നത് ഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ടാകയില്ല. വേദനയോടെ വിലപിക്കാൻ അതെന്നെ സഹായിക്കുന്നു. സങ്കടത്തോടെ നിലവിളിക്കാൻ അത് എന്നെ പ്രേരിപ്പിക്കുന്നു. നമുക്ക് സുഖകരമായി തോന്നുകയില്ലെങ്കിൽ കൂടെ വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ ശരിയായ ഒരു നിലപാടെടുക്കാൻ,





വിനയപ്പെടാൻ, അത് നമ്മെ പ്രേരിപ്പിക്കുന്നു!

ദൈവത്തോടൊപ്പമുള്ള നടപ്പിൽ വാനമ്പാടികളും പൂവൻകോഴികളും നമുക്ക് ആവശ്യമാണ്. നമ്മിൽ മിക്കവർക്കും വാനമ്പാടിയുടെ ശുശ്രൂഷയിലേക്കാണ് ചായ്‌വ്. കാരണം അതിന്റെ ശബ്ദം നമ്മെ ആശ്വസിപ്പിക്കയും ഉത്തേജിപ്പിക്കയും ചെയ്യുന്നു. അത് നമ്മുടെ കാതുകൾക്ക് ഇമ്പകരമായ സംഗീതമാണല്ലോ? എന്നാൽ പൂവൻകോഴികളെയും നമ്മുടെ ജീവിതത്തിലേക്ക് നാം സ്വാഗതം ചെയ്യേണ്ടതുണ്ട്. അവ നമ്മെ താഴ്മയിൽ നിലനിർത്തും. അവ നമ്മെ മുഴങ്കാലുകളിൽ നിർത്തും. നമ്മുടെ കുറവുകളെ കാണാനും വിടുതലിനായി ദൈവിക സഹായം തേടാനും അവ നമ്മെ പ്രേരിപ്പിക്കും.

ശരാശരി ക്രിസ്ത്യാനി വാനമ്പാടിയുടെ പക്ഷത്തേക്കു ചായുമ്പോൾ ചിലർ പൂവൻകോഴിയുടെ വശത്തേക്ക് ചായുന്നതായി കാണാം. തങ്ങളുടെ ചുറ്റുപാടും കാണുന്ന ഉപരിപ്ലവമായ, സുഖാനുഭൂതി വാഗ്ദാനം ചെയ്യുന്ന ഒരു ആത്മീയതകൊണ്ട് മനസ്സു മടത്തവരാണവർ. അവർ വിശുദ്ധിയും, അനുതാപവും ഊന്നിപ്പറയുന്ന പ്രസംഗശൈലി ഇഷ്ടപ്പെടുന്നവരാണ്. വേഗത്തിൽ സംഭവിക്കാനുള്ള ന്യായവിധിയെപ്പറ്റിയുള്ള തീപ്പൊരിപ്രസംഗങ്ങൾ ശ്രവിക്കുന്നതാണ് അവർക്ക് താത്പര്യം. അവർ വാനമ്പാടിയുടെ സംഗീതം കേൾക്കാത്തതിനാൽ ഒട്ടും സന്തോഷമുള്ളവരല്ല. തങ്ങളുടേയും മറ്റുള്ളവരുടേയും ജീവിതത്തിലെ കുഴപ്പങ്ങളാണ് അവരുടെ ആത്മീയജീവിതത്തെ നിർവ്വചിക്കുന്നത്. യേശുവിന്റെ ജീവിതത്തിന്റെ സൗന്ദര്യവും തന്നോടൊപ്പം നടക്കുന്നതിന്റെ സന്തോഷവും അവർക്കു വിഷയമാകുന്നില്ല.

വാനമ്പാടിയുടെ സംഗീതംമാത്രം ശ്രവിക്കുന്നത് നമ്മെ ആത്മീയമായി തൊട്ടാവാടികളാക്കും. സുഖശീതളമായ, ഉറ


**വാനമ്പാടിയുടേയും പൂവൻകോഴിയുടേയും സംഗീതങ്ങൾ ശ്രവിക്കുവാൻ നാം നമ്മുടെ കാതു കൂർപ്പിച്ചേ മതിയാവൂ-ഈ രണ്ടു സംഗീതങ്ങളും നീതിസൂര്യനായ ദൈവപുത്രന്റെ വരവിന്റെ വിളംബരമാണ്. രണ്ടും നമ്മെ ക്രിസ്തുയേശുവിലുള്ള ഒരു പുത്തൻ മെച്ചമായ ജീവിതത്തിലേക്കു വിളിച്ചുണർത്തുന്ന ഉണർത്തുപാട്ടുകളാണ്.**

പ്പില്ലാത്ത ഒരു ജീവിതത്താൽ നാം വഞ്ചിക്കപ്പെട്ടുപോകും. പൂവൻകോഴിയെമാത്രം ശ്രദ്ധിക്കുന്നത് നമ്മെ ആത്മീയമായി കഠിനഹൃദയരാക്കും. സ്വയപീഢയും നിരാശതയും മാത്രമുള്ള ഒരു ചതിവിലാണ് അത് നമ്മെ എത്തിക്കുന്നത്.

യേശു തന്റെ ചിന്തകൾ അവസാനിപ്പിക്കുമ്പോൾ സാധാരണയായി ഇങ്ങനെ പറയുമായിരുന്നു:"കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ". മേൽപ്പറഞ്ഞ ചിന്തകൾ പുതിയൊരു വെളിച്ചത്തിൽ യേശുവിന്റെ വാക്കുകൾ കൈക്കൊള്ളാൻ എന്നെ പ്രേരിപ്പിക്കുന്നു. വാനമ്പാടിയുടേയും പൂവൻകോഴിയുടേയും സംഗീതങ്ങൾ ശ്രവിക്കുവാൻ നാം നമ്മുടെ കാതു കൂർപ്പിച്ചേ മതിയാവൂ -ഈ രണ്ടു സംഗീതങ്ങളും നീതിസൂര്യനായ ദൈവപുത്രന്റെ വരവിന്റെ വിളംബരമാണ്. രണ്ടും നമ്മെ ക്രിസ്തുയേശുവിലുള്ള ഒരു പുത്തൻ മെച്ചമായ ജീവിതത്തിലേക്കു വിളിച്ചുണർത്തുന്ന ഉണർത്തുപാട്ടുകളാണ്.

# തോമസ് എ കെംപിസ്

## (1380–1471)



**ലൂ**തറിന്റെ വേദ ശാസ്ത്രജ്ഞനായ കാൾ ഹിം തന്റെ ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി: "യേശുവിന് തന്നെ അഭിനന്ദിക്കുന്നവരെയല്ല ശിഷ്യരെയാണ് ആവശ്യം". വളരെ സഹായകമായ ഒരു തരം തിരിവാണത്. എല്ലാക്കാലത്തെയും പോലെ ഇന്നും യേശുവിനെ അഭിനന്ദിക്കുന്ന നിരവധി ആൾക്കാരുണ്ട്. എന്നാൽ യേശുവിനോട് അനുരൂപരാകാൻ വെമ്പുന്ന ശിഷ്യർ തുലോം വിരളമത്രെ.

ഒരു ശിഷ്യൻ എങ്ങനെയാണ് ജീവിക്കുന്നത്? പതിനാലാം നൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ട ഒരു ഗ്രന്ഥം ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ധൈര്യപ്പെട്ടു. അതിന്റെ പേര് പലർക്കും തെല്ല് ഞെട്ടൽ ഉണ്ടാക്കുന്നതാണ്- 'ക്രിസ്താനുകരണം' എന്ന ഗ്രന്ഥമാണ് വിവക്ഷിക്കുന്നത്. ബൈബിൾ കഴിഞ്ഞാൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ എല്ലാ രാജ്യങ്ങളിലും, സഭാവിഭാഗങ്ങളിലും പെട്ട നിരവധി വ്യക്തികളുടെ ധ്യാനസഹായിയായി ഈ മഹൽഗ്രന്ഥം തീർന്നിട്ടുണ്ട്.

The Imitation of Christ (ക്രിസ്താനുകരണം) എന്ന വിഖ്യാതമായ ഗ്രന്ഥത്തിന്റെ രചയിതാവ് തോമസ് എ. കെംപിസ് ആണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. എന്നാൽ അങ്ങനെ ആധികാരികമായി പറയാൻ തക്ക തെളിവുകൾ ഇല്ലതാനും. ദിവ്യ ജീവ സഹോദര സമൂഹം (Brethren of the common Life) എന്ന ആത്മീക നവോത്ഥാനപ്രസ്ഥാനത്തിൽ നിന്നാണ് മേൽപ്പറഞ്ഞ ഗ്രന്ഥം ഉടലെടുത്തത് എന്ന കാര്യം നിസ്തർക്കമാണ്. ജെറാൾഡ് ഗ്രൂട്ട് എന്ന ആദ്ധ്യാത്മിക ഗുരുവിന്റെ പ്രഭാഷണങ്ങളാൽ പ്രചോദിതരായ ഹോളണ്ടിലെ ഭക്തരായ സാധാരണ വിശ്വാസികളുടെ സമൂഹമായിരുന്നു 'ദിവ്യ ജീവ സഹോദര സമൂഹം' യേശുക്രിസ്തുവിനോട് വ്യക്തിജീവിതത്തിലുള്ള അനുസരണത്തിലും, ചെറുപ്പക്കാരുടെ വിദ്യാഭ്യാസത്തിലും അന്യോന്യം ഉത്സാഹിപ്പിക്കാനാണ് അവർ ഒത്തുകൂടിയത്.

പതിനഞ്ചാം നൂറ്റാണ്ടിലും ഇവരിൽ പലരും അൽമായ വിശ്വാസികളായി തുടർന്നെങ്കിലും, ചിലർ സന്യാസ സമൂഹങ്ങൾ സ്ഥാപിക്കുകയുണ്ടായി. അത്തരം ഒരു ആശ്രമത്തിൽ തോമസ് എ. കെംപിസ് ഒരു ആത്മീയഉപദേഷ്ടാവും പകർത്തെഴുത്തുകാരനും ആയിരുന്നു എന്നത് ചരിത്രം. ഡെവന്റിലുള്ള സഹോദരസമൂഹത്തിന്റെ സന്താനമായിരുന്നതിനാൽ തോമസ് കെംപിസ് ഈ ആത്മീയ മുന്നേറ്റത്തിന്റെ ആദർശങ്ങളിൽ തികഞ്ഞ അഭ്യാസനം ലഭിച്ച വ്യക്തിയായിരുന്നു. 1413-ൽ പൗരോഹിത്യപദവിയിലേക്ക് ഉയർത്തപ്പെട്ടശേഷം ദിവ്യജീവസഹോദര സമൂഹത്തിന്റെ ആസ്ഥാനത്ത് കൂടുതൽ ഉത്തരവാദിത്തങ്ങൾ അദ്ദേഹം ഏറ്റെടുത്തു. ആത്മീയ വിഷയങ്ങളിൽ ഉപദേശങ്ങൾ നൽകുന്ന ശുശ്രൂഷയിലും പകർത്തെഴുത്തു വേലയിലും അദ്ദേഹം മുഴുകി. കഴിഞ്ഞ അഞ്ചുനൂറ്റാണ്ടുകളായി ക്രൈസ്തവർ 'ക്രിസ്താനുകരണം' എന്ന ഗ്രന്ഥത്തിന്റെ ഉടമസ്ഥത തോമസ് കെംപിസിൽ ആരോപിക്കുന്നു. അദ്ദേഹമാണ് ഈ ഗ്രന്ഥം അവലോകനം ചെയ്ത് പ്രസിദ്ധീകരിച്ചത് എന്ന കാര്യം വ്യക്തമാണ്. എന്നാൽ ചില വേദ പണ്ഡിതരുടെ അഭിപ്രായത്തിൽ 1374 ൽ ജെറാൾഡ് ഗ്രൂട്ട് എന്ന തോമസിന്റെ ആത്മീയഗുരു ഈ ലഘു ഗ്രന്ഥം എഴുതിയിരിക്കാം. പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള തർക്കം നിലനില്ക്കുമ്പോഴും വായനക്കാർക്ക് ഗ്രന്ഥത്തിന്റെ ഉള്ളടക്കം നിസ്തുലമായ ആത്മീയലാഭം നൽകുന്നു എന്ന കാര്യത്തിൽ നമുക്ക് സന്തോഷിക്കാം. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ:

"......രുചിച്ചറിവിൻ!" ക്രിസ്താനുകരണത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.





# തിന്മകൾ വേരോടെ പിഴുതുകളയാം

"എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവനാകും", യേശുകർത്താവിന്റെ വാക്കുകൾ! അവിടുത്തെ ജീവിതവും പെരുമാറ്റവും അനുകരിക്കുമ്പോൾ നാം യഥാർത്ഥമായി പ്രകാശിതരായിത്തീരുകയും ഹൃദയത്തിലെ അന്ധകാരത്തിൽ നിന്നു വിടുവിക്കപ്പെടുകയും ചെയ്യും എന്നല്ലേ യേശു ഈ വാക്കുകളിലൂടെ പഠിപ്പിക്കുന്നത്? അതിനാൽ യേശുക്രിസ്തുവിന്റെ ജീവിതം ധ്യാനിക്കുന്നതുതന്നെ നമ്മുടെ പ്രധാന ലക്ഷ്യമായിരിക്കട്ടെ.

ദൈവസ്നേഹവും കൃപയും ഇല്ലെങ്കിൽ ബൈബിൾ മുഴുവൻ ഹൃദിസ്ഥമാക്കിയാലും, തത്വജ്ഞാനികളുടെ വചനങ്ങൾ ഗ്രഹിച്ചാലും നിങ്ങൾക്ക് എന്തു ലാഭം? ദൈവത്തെ സ്നേഹിക്കുന്നതും അവനെ മാത്രം സേവിക്കുന്നതും ഒഴികെ മറ്റെല്ലാം വെറും മായയത്രേ.

എല്ലാവരും സ്വാഭാവികമായി അറിവ് തേടുന്നു. എന്നാൽ ദൈവഭയം ഇല്ലാത്ത അറിവുകൊണ്ട് എന്തു ലാഭം? ചോദ്യങ്ങൾ ചോദിക്കുന്നതിനു പകരം തിന്മയുടെ വേരുകൾ നശിപ്പിച്ച് നന്മയുടെ വിത്തുകൾ വിതയ്ക്കുന്നതിൽ മനുഷ്യർ അദ്ധ്വാനിച്ചിരുന്നെങ്കിൽ ലോകത്തിൽ ഇത്രയധികം തിന്മപെരുകുമായിരുന്നില്ല. ന്യായവിധി ദിവസത്തിൽ നാം എന്തൊക്കെ വായിച്ചു എന്നല്ല നാം എന്തൊക്കെ ചെയ്തു എന്നാണ് പരിശോധിക്കപ്പെടുന്നത്. എത്ര നന്നായി നാം സംസാരിച്ചു എന്നല്ല എത്ര ഭക്തിയോടെ നാം ജീവിച്ചു എന്നായിരിക്കും അന്നത്തെ ചോദ്യം.

ജീവിതകാലത്ത് നിനക്ക് നല്ല പരിചയമുണ്ടായിരുന്ന ആ ജ്ഞാനികളും ഗുരു

ക്കന്മാരും ഇന്നെവിടെ? അവർക്ക് പകരം വന്നവർ മുൻഗാമികളെപ്പറ്റി ഒരു പക്ഷേ ഓർക്കുന്നുപോലും ഉണ്ടാവില്ല. ജീവിച്ചിരുന്നപ്പോൾ അവർ എന്തൊക്കെയോ ആണെന്ന് തോന്നി, പക്ഷേ ഇന്ന് അവരെപ്പറ്റി ഒന്നും കേൾക്കുന്നില്ല. ലോകത്തിന്റെ മഹത്വം എത്ര ക്ഷണത്തിൽ നീങ്ങിപ്പോകുന്നു! അവർ പഠിച്ചതിനനുസരിച്ച് അവർ ജീവിച്ചിരുന്നെങ്കിൽ! അങ്ങനെയെങ്കിൽ ഈ വായനയും പഠനവും ഒക്കെ പ്രയോജനകരമായേനെ.

ദൈവത്തെ സേവിക്കുന്നതിൽ ശ്രദ്ധിക്കാതെ ഈ ലോകത്തിന്റെ വ്യർത്ഥമായ പഠനത്തിലേർപ്പെടുന്നവർ ജീവിതം പാഴാക്കിയവരത്രേ. താഴ്മയുള്ളവർ ആകുന്നതിനേക്കാൾ മഹത്തുക്കളാകാൻ അവർ ആഗ്രഹിച്ചതിനാൽ അവർ തങ്ങളുടെ വ്യർത്ഥ വിചാരങ്ങളിൽ നശിച്ചുപോയി.

മഹത്തായ സ്നേഹമുള്ളവനാണ് യഥാർത്ഥത്തിൽ മഹാൻ. പ്രശസ്തിയുടെ ഉയരങ്ങളിൽ എത്തിയാലും തന്നെക്കുറിച്ച് എളിയ ചിന്തകളിൽ കഴിയുന്നവനാണ് യഥാർത്ഥ മഹാൻ. ക്രിസ്തുവിനെ നേടേണ്ടതിനായി ലൗകികമായ എല്ലാ കാര്യങ്ങളേയും ചവറ് എന്ന് എണ്ണുന്നവനാണ് യഥാർത്ഥ ജ്ഞാനി. സ്വന്ത ഹിതത്തെ ത്യജിച്ച് ദൈവേഷ്ടം ചെയ്യുന്നവനാണ് യഥാർത്ഥ അറിവുള്ളവൻ.

ഒരു നല്ല മനസ്സാക്ഷിയുടെ സാക്ഷ്യമാണ് ഒരു നല്ല മനുഷ്യന്റെ മഹത്വം. പ്രശംസിക്കപ്പെടുന്നതിനാൽ നീ കൂടുതൽ വിശുദ്ധനാകുന്നില്ല. പഴിക്കപ്പെടുന്നതുകൊണ്ട് നിന്റെ വിശുദ്ധിക്ക് ഉടവു പറ്റുന്നില്ലതാനും. നീ എന്താണോ അതുതന്നെ ആയിരിക്കുന്നു; ദൈവദൃഷ്ടിയിൽ നീ ആരായിരിക്കുന്നുവോ ആ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ യാതൊരുവന്റെ പ്രശംസാവാക്കുകൾക്കും കഴികയില്ല. ദൈവമുമ്പാകെ ജീവിച്ചാൽ മനുഷ്യർ നിന്നെപ്പറ്റി എന്തു പറയുന്നു എന്നത് നീ ശ്രദ്ധിക്കയില്ല. “മനുഷ്യൻ പുറമേയുള്ളത് നോക്കുന്നു, ദൈവമോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു”.

തന്നെക്കുറിച്ച് മറ്റൊരുവന്റെ സാക്ഷ്യം അന്വേഷിക്കാത്ത ഒരുവൻ തന്റെ ജീവിതം മുഴുവനായും ദൈവത്തിന് സമർപ്പിച്ചവനത്രേ.

നിനക്ക് ക്രിസ്തു സ്വന്തമായി തീരുമ്പോൾ നീ സമ്പന്നനായി, എല്ലാം ഉള്ളവനായി. ഒരു മനുഷ്യനെയും ആശ്രയിക്കാൻ ആവശ്യമില്ലാത്തവണ്ണം നീ അവനെ വിശ്വസ്തനായ, കരുതുന്നവനായ, സ്നേഹിതനായും എല്ലാറ്റിലും സഹായിയായും കാണാൻ പഠിക്കും. മനുഷ്യർ വേഗത്തിൽ മാറുന്നു, നമ്മെ നിരാശപ്പെടുത്തുന്നു. ക്രിസ്തു എന്നേക്കും മാറ്റമില്ലാത്തവനായി നമ്മോടൊപ്പം അവസാനം വരെ ഉറച്ചു നിൽക്കുന്നു.

യേശുകർത്താവിന്റെ രഹസ്യങ്ങളിലേക്ക് യഥാർത്ഥമായി ഒരിക്കൽ നീ പ്രവേശിച്ചുകഴിഞ്ഞാൽ, അവിടുത്തെ തീക്ഷ്ണമായ സ്നേഹം അല്പം എങ്കിലും രുചിച്ചറിഞ്ഞാൽ, നിന്റെ സൗകര്യമോ അസൗകര്യമോ ശ്രദ്ധിക്കയില്ല; നിന്റെമേൽ ചൊരിയപ്പെടുന്നതെല്ലാം സന്തോഷത്തോടെ സഹിക്കാൻ തയ്യാറാകും. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ സ്നേഹം ഒരു മനുഷ്യനെ സ്വയം വെറുക്കാൻ പ്രേരിപ്പിക്കും. യേശുവിനെയും സത്യത്തെയും സ്നേഹിക്കുന്ന ഒരുവൻ, യഥാർത്ഥ ആന്തരിക അനുഭവമുള്ള ക്രിസ്ത്യാനി, ക്രമം തെറ്റിയ എല്ലാ സ്നേഹങ്ങളിൽ നിന്നും സ്വതന്ത്രനായ ഒരുവൻ, യാതൊരു ബുദ്ധിമുട്ടും കൂടാതെ ദൈവത്തിങ്കലേക്ക് തിരിയാൻ കഴിയുന്നവനാണ്. ആത്മാവിൽ തന്റെ സ്വയത്തിനുമീതെ ഉയർന്ന് ദൈത്തിൽ പൂർണ്ണമായ സന്തോഷത്തിൽ വിശ്രമിക്കാൻ അവർക്ക് കഴിയും.

**സമ്പാദകൻ - മാത്യുജോർജ്ജ്**





**മാതാപിതാക്കളും മക്കളും 6**

# മക്കൾക്ക് സ്നേഹം നൽകുക

ജോസ് മാത്യു, തിരുവനന്തപുരം

സ്നേഹിക്കുക, മാതൃകകാട്ടുക, അഭ്യസിപ്പിക്കുക, ശിക്ഷണം നൽകുക എന്നിങ്ങനെ ക്രിസ്തീയ മാതാപിതാക്കളുടെ ഉത്തരവാദിത്തത്തെ നാലായി തിരിച്ച് മനസ്സിലാക്കാമെന്ന് നാം ചിന്തിച്ചുവല്ലൊ.

ഇവയിൽ ‘സ്നേഹം നൽകുക’യെന്നത് അതിപ്രധാനവും അടിസ്ഥാനപരവുമാകുന്നു. അമ്മയപ്പന്മാർ മക്കൾക്ക് കോപമല്ല സ്നേഹമാണ് നൽകേണ്ടതെന്ന് വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. “പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ”(1). “പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ കോപിപ്പിക്കരുത്” (2). ഇതെങ്ങനെ സാധിക്കുമെന്ന് ഒരുപക്ഷേ നിങ്ങൾ ചിന്തിച്ചേക്കാം. ഭവനത്തിൽ സദാ സ്നേഹത്തിന്റെ അന്തരീക്ഷം നിലനിർത്തുകയാണ് ഇതിനുള്ള മാർഗ്ഗം.

**സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവ്:**

നമ്മുടെ പിതാവായ ദൈവം തന്റെ മക്കളെ എല്ലായ്പ്പോഴും സ്നേഹിച്ചുകൊണ്ടേയിരിക്കുന്നു. “കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു” (3). മക്കളെ എല്ലാവരേയും സദാ സ്നേഹിച്ചുകൊണ്ടിരിക്കുന്ന ഈ സ്വർഗ്ഗീയ പിതാവാണ് മാതാപിതാക്കളായ നമ്മുടെ ഉത്തമമാതൃക. ഈ പിതാവിനെപ്പോലെ ആകുവാൻ കർത്താവായ യേശുവും നമ്മോട് ആവശ്യപ്പെടുന്നു: “ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണനാകുന്നതുപോല സൽഗുണപൂർണ്ണരാകുവിൻ” (4)

പിതാവായ ദൈവത്തെക്കുറിച്ച് യോഹന്നാൻ അപ്പൊസ്തലൻ പറയുന്നു: “നോക്കുവിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു.” (5) ദൈവം തന്റെ മക്കളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും നന്മനിറഞ്ഞ ഈ സ്നേഹത്തിന്റെ അടിസ്ഥാനത്തിലാകുന്നു. ദൈവം പിതാവായിരിക്കുന്ന ആ വലിയ കുടുംബത്തിന്റെ അടിത്തറയും പ്രേരകശക്തിയും അന്യോന്യബന്ധങ്ങളുമെല്ലാം സ്നേഹത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതും. അവിടെ കോപം, വിദ്വേഷം, വാശി, പ്രതികാരബുദ്ധി, ശാപവാക്കുകൾ, ഭീഷണി, അസത്യം ഇവയ്ക്കൊന്നും സ്ഥാനമില്ല എന്നോർക്കുക. ദൈവമക്കളായ നമ്മുടെ ഭവനങ്ങളിലും പവിത്രമായ ദൈവസ്നേഹമായിരിക്കണം നിയന്ത്രണഘടകവും പ്രേരണാശക്തിയും.

മാതാപിതാക്കൾ ദയവായി ശ്രദ്ധി

ക്കണമേ! കുടുംബത്തിൽ അന്യോന്യവും മക്കളുമായും ഉള്ള സകലവിധ അസ്വസ്ഥതകൾക്കും അപസ്വരങ്ങൾക്കും കാരണം ലളിതവും നിർമ്മലവുമായ സ്നേഹത്തിന്റെ അഭാവമാകുന്നു എന്ന് നാം തിരിച്ചറിയുന്നുണ്ടോ? കൊരിന്ത്യർ ഒന്നാം ലേഖനം 13-ാമധ്യായത്തിൽ ഒന്നുമുതൽ എട്ടുവരെ വാക്യങ്ങളിൽ പരാമർശിക്കുന്ന ദൈവസ്നേഹ(അഗാപ്പെ)ത്തിന്റെ പ്രായോഗികാനുഭവമാണ് നമ്മെ അനുഗൃഹീതരായ മാതാപിതാക്കളാക്കി മാറ്റുന്നത്. ഇത് നമ്മിൽ സ്വതവെ ഇല്ലാത്തതും, പത്രോസ് ത്താട് ചോദിച്ച് പ്രാപിക്കേണ്ടതുമാണ്. സ്വാർത്ഥരഹിതവും നന്മകരുണാദികൾ നിറഞ്ഞതും, ത്യാഗത്തിൽ അധിഷ്ഠിതവും, സഹനം, ക്ഷമ എന്നിവ നിറഞ്ഞതുമായ ഈ ദൈവസ്നേഹത്തിന്റെ അന്തരീക്ഷം ഓരോ ക്രിസ്തീയ ഭവനത്തിലും നിലനിൽക്കണം. അപ്രകാരമുള്ള ഒരു വീട്ടിൽ ശാപശബ്ദങ്ങളും ഭീഷണിവാക്കുകളും ഉണ്ടാവുകയില്ല; മക്കൾ ധിക്കാരികളും മത്സരികളും ആയിരിക്കുകയില്ല; സ്വർഗ്ഗീയ സന്തോഷവും സമാധാനവും അവിടെ കളിയാടും.

**എന്റെ പ്രിയപുത്രൻ:**

"ഇവൻ എന്റെ പ്രിയ (സ്നേഹ) പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (6) എന്നാണ് യേശുവിനെപ്പറ്റി പിതാവ് പ്രസ്താവിച്ചത്. ആരോഗ്യകരമായ ക്രിസ്തീയ രക്ഷാകർത്തൃത്വത്തിന്റെ താക്കോൽ നമുക്കിവിടെ കാണാം. അതെ, മക്കൾക്കു സ്നേഹം നൽകണം, അവരെ സ്നേഹിച്ചുകൊണ്ടിരിക്കണം; സ്നേഹവും വാത്സല്യവും ആർദ്രതയും നുകർന്ന് അവർ നമ്മുടെ ഭവനങ്ങളിൽ വളർന്ന് വലിയവരാകണം. ഇതത്രേ ഇന്ന് ക്രിസ്തീയ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവയിഷ്ടം. നാമതിന് ഒരുക്കമുള്ളവരോ?

പിതാവിന്റെ സ്നേഹത്തെ തിരിച്ചറിഞ്ഞ പുത്രൻ പ്രതികരിക്കുന്നതോ?–"പിതാവ് പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കൈയിൽ കൊടുത്തുമിരിക്കുന്നു" (7) വീണ്ടും തന്റെ വലിയ മധ്യസ്ഥതാ പ്രാർത്ഥനയിൽ (യോഹന്നാൻ 17-ാമധ്യായം) ഇക്കാര്യം യേശു വ്യക്തമാക്കിയിരിക്കുന്നു; "നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും...", "പിതാവേ, ലോകസ്ഥാപനത്തിനു മുമ്പേ നീ എന്നെ സ്നേഹിച്ചിരിക്കകൊണ്ട്...", "നീ എന്നെ സ്നേഹിക്കുന്നസ്നേഹം അവരിൽ ആകുവാനും..."(8) നോക്കുക, പിതാവിന്റെ സ്നേഹത്തിന്റെ ആഴവും പരപ്പും സംബന്ധിച്ച് പുത്രന് യാതൊരു സന്ദേഹവും ഉണ്ടായിരുന്നില്ല. അവിടുത്തെ സ്നേഹത്തിന്റെ ഊഷ്മളതയും സുതാര്യതയും രുചിച്ചറിഞ്ഞവനായിരുന്നു ദൈവപുത്രൻ.

പുത്രനായ യേശുവിനെ മാത്രമല്ല പിതാവായ ദൈവം സ്നേഹിക്കുന്നത് -യേശുവിന്റെ സഹോദരങ്ങളായ നമ്മെ ഓരോരുത്തരെയും അവിടുന്ന് സ്നേഹിക്കുന്നു! "നമ്മുടെ കർത്താവായ യേശുക്രിസ്തു താനും നമ്മെ സ്നേഹിച്ച് നിത്യാശ്വാസവും നല്ല പ്രത്യാശയും നൽകിയിരിക്കുന്ന പിതാവായ ദൈവവും.... നിങ്ങളെ.... സ്ഥിരപ്പെടുത്തുമാറാകട്ടെ" (9) സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം അനുഭവിക്കുന്ന ക്രിസ്തീയ മാതാപിതാക്കളായ നാം ഓരോരുത്തരും ആ സ്നേഹം നമ്മുടെ മക്കൾക്കും വ്യവസ്ഥകുടാതെ പകർന്നു നൽകുവാൻ ബാധ്യതയുള്ളവരാണ്.

**എല്ലാം സ്നേഹത്തിൽ ചെയ്യുവിൻ:**

പൗലൊസ് അപ്പൊസ്തലന്റെ ആഹ്വാനം കേൾക്കുക: "നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ" (10) കുടുംബത്തിന്റെ രക്ഷാകർത്തൃത്വം സംബന്ധിച്ചും ഏറെ പ്രസക്തിയുണ്ട് ഈ ആജ്ഞയ്ക്ക്. മക്കളോടുള്ള സമീപനം, സംഭാഷണം, പ്രതികരണങ്ങൾ, മനോഭാവം, ഇടപാടുകൾ ഇവയെല്ലാം ദൈവസ്നേഹത്തിൽ തന്നെ ആയിരിക്കട്ടെ. അങ്ങനെയെങ്കിൽ അവിടെ കോപം, ശകാരം, ഭീഷണി, ശാപവാക്കുകൾ, കുറ്റപ്പെടുത്തൽ, നിന്ദിക്കൽ എന്നിവയ്ക്കൊന്നും തെല്ലും സ്ഥാനമില്ല. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുമല്ലോ. ഇക്കാര്യത്തിൽ മാതാപിതാക്കൾ ആത്മ പരിശോധന നടത്തേണ്ടതാണ്. മക്കളോടുള്ള നമ്മുടെ മനോഭാവം, വാക്കുകൾ, പ്രവൃത്തികൾ എന്നിവയെല്ലാം സ്നേഹത്തിൽ നിന്നാണ് ഉളവാകുന്നത്? ഈ മേഖലയിൽ മാനസാന്തരപ്പെടാനും മനസ്സുപുതുക്കാനും നമുക്ക് ആവശ്യമില്ലേ?

"യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും... വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണം..." (11) എന്ന് മുതിർന്ന സ്ത്രീകളെ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. സ്വന്തം മക്കളെ സ്നേഹിക്കാൻ, സ്വന്തം ഭർത്താവിനെ സ്നേഹിക്കാൻ, ഒരു യുവതിക്ക് പരിശീലനം ആവശ്യമോ? - നാം ന്യായമായും സംശയിച്ചേക്കാം. അതെ, നിശ്ചയമായും മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ ഇന്ന് ശരിയായ പരിശീലനം ആവശ്യമാണ്; ചെറുപ്പക്കാർക്കും മുതിർന്നവർക്കും ഒരുപോലെ ഈ വിഷയത്തിൽ ശരിയായ അഭ്യാസനം ആവശ്യമായിരിക്കുന്നു. കുടുംബബന്ധങ്ങളിൽ നിർവ്യാജമായ സ്നേഹത്തിനായിരിക്കണം മേൽക്കൈ. സ്വാർത്ഥത, കോപം, പിണക്കം, പൊങ്ങച്ചം ഇത്യാദി അധമവികാരങ്ങൾ ഭവനാന്തരീക്ഷത്തിൽ സ്ഥാനം പിടിക്കാൻ നാം അനുവദിച്ചുകൂടാ. ദൈവഭൃത്യന്മാർ ഇക്കാര്യത്തിൽ മാതൃക കാട്ടുകയും സഭകളിൽ ശക്തമായി ഊന്നൽ നൽകി പഠിപ്പിക്കുകയും വേണം.

**മക്കളോടുള്ള സമീപനം, സംഭാഷണം, പ്രതികരണങ്ങൾ, മനോഭാവം, ഇടപാടുകൾ ഇവയെല്ലാം ദൈവസ്നേഹത്തിൽ തന്നെ ആയിരിക്കട്ടെ. അങ്ങനെയെങ്കിൽ അവിടെ കോപം, ശകാരം, ഭീഷണി, ശാപവാക്കുകൾ, കുറ്റപ്പെടുത്തൽ, നിന്ദിക്കൽ എന്നിവയ്ക്കൊന്നും തെല്ലും സ്ഥാനമില്ല. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുമല്ലോ. ഇക്കാര്യത്തിൽ മാതാപിതാക്കൾ ആത്മപരിശോധന നടത്തേണ്ടതാണ്.**

**സ്നേഹം പാപങ്ങളെ മറെക്കുന്നു:**

"തമ്മിൽ ഉറ്റസ്നേഹം ഉള്ളവരായിരിക്കുവിൻ; സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു"(12). കുഞ്ഞുങ്ങൾ ബലഹീനരാണ്, മറവിയുള്ളവരാണ്, ഗ്രഹിക്കാൻ താമസമുള്ളവരാണ്, കുസൃതികളും വികൃതികളും കാട്ടുന്നവരാണ്, മിക്കപ്പോഴും കാര്യങ്ങളുടെ ഗൗരവം, അവർ വേണ്ടവിധം മനസ്സിലാക്കുന്നില്ല. കളികൾ, ഉല്ലാസം, രസകരമായ കാര്യങ്ങൾ, കൂട്ടുകാർ എന്നിവകൾക്കിടയിൽ നിയമങ്ങൾ പലതും അവർ ഓർക്കാതെ പോകുന്നു; ഒരു കാര്യം തന്നെ പലവട്ടം പറഞ്ഞുകൊടുക്കേണ്ടിവരുമ്പോൾ മാതാപിതാക്കൾ അസ്വസ്ഥരായിത്തീരുന്നു. എന്നാൽ അവർ മക്കൾക്കു സ്നേഹം നൽകുന്നവരാണെങ്കിൽ ചിത്രം വ്യത്യസ്തമായിരിക്കും. കുട്ടികളുടെ ബഹുവിധ ബലഹീനതകളെ മുതിർന്നവരുടെ സ്നേഹത്തിന്റെ പുതപ്പ് മൂടിക്കളയും; 'സാരമില്ല, പോകട്ടെ' എന്ന സഹിഷ്ണുതയുടെ മനോഭാവം മാതാപിതാക്കൾക്ക് അത്യന്താപേക്ഷിതമത്രേ.

കുട്ടികളുടെ ദോഷസ്വഭാവങ്ങൾ,

> **ബാല്യ-കൗമാര ഘട്ടങ്ങളിൽ അമ്മയപ്പന്മാരുടെ സ്നേഹവും കരുതലും ഭവനത്തിൽനിന്നു ലഭിക്കാത്ത കുട്ടികളാണ് മിക്കപ്പോഴും സ്നേഹം തേടി പുറം ലോകത്തിലേക്കു പോകുന്നത്. വളരെ കർക്കശക്കാരായ ചില അപ്പന്മാരെക്കുറിച്ച് കേട്ടിട്ടുണ്ട്. വീട്ടിൽ പോലീസ്മുറയിൽ ഇടപെടുന്ന ഇക്കൂട്ടരെ ഭയപ്പെട്ടാണ് മക്കൾ കഴിയുന്നത്; ഒന്നു മിണ്ടാൻ സ്വാതന്ത്ര്യമില്ല. വിദ്യാഭ്യാസത്തിനോ തൊഴിലിനോ വേണ്ടി സ്വന്തഭവനം വിട്ട് പുറത്തുപോകുമ്പോഴാണവർക്കു സ്വാതന്ത്ര്യം ലഭിക്കുന്നത്.**

ദുശ്ശാഠ്യം, അനുസരണമില്ലായ്മ, മുതിർന്നവരെ ധിക്കരിക്കൽ ഇത്യാദികൾക്കു നേരെ കണ്ണടച്ചുകളയണം എന്നല്ല ഇപ്പറഞ്ഞതിനർത്ഥം; ശരിയായ അഭ്യസനവും സ്നേഹപൂർണ്ണമായ ശിക്ഷണപ്രക്രിയയും അവർക്കു കൂടിയേ തീരൂ.

ബാല്യ-കൗമാര ഘട്ടങ്ങളിൽ അമ്മയപ്പന്മാരുടെ സ്നേഹവും കരുതലും ഭവനത്തിൽനിന്നു ലഭിക്കാത്ത കുട്ടികളാണ് മിക്കപ്പോഴും സ്നേഹം തേടി പുറം ലോകത്തിലേക്കു പോകുന്നത്. വളരെ കർക്കശക്കാരായ ചില അപ്പന്മാരെക്കുറിച്ച് കേട്ടിട്ടുണ്ട്. വീട്ടിൽ പോലീസ് മുറയിൽ ഇടപെടുന്ന ഇക്കൂട്ടരെ ഭയപ്പെട്ടാണ് മക്കൾ കഴിയുന്നത്; ഒന്നു മിണ്ടാൻ സ്വാതന്ത്ര്യമില്ല. വിദ്യാഭ്യാസത്തിനോ തൊഴിലിനോ വേണ്ടി സ്വന്തഭവനം വിട്ട് പുറത്തുപോകുമ്പോഴാണവർക്കു സ്വാതന്ത്ര്യം ലഭിക്കുന്നത്. സ്നേഹം തേടി അലയുന്ന ഇക്കൂട്ടർ പലപ്പോഴും തെറ്റായ കൂട്ടുകെട്ടിലോ, മയക്കുമരുന്നു സംഘങ്ങളിലോ, ദോഷകരമായ ലൈംഗികബന്ധങ്ങളിലോ ഒക്കെ ചെന്നുപെട്ടുപോകാറുണ്ട്. എന്നാൽ ഭവനാന്തരീക്ഷത്തിൽ യഥാർത്ഥ സ്നേഹം അനുഭവിച്ചു വളർന്നിട്ടുള്ള കുട്ടികൾ പിൽക്കാലത്ത് സ്നേഹം തേടി പുറത്തുപോകാനും അപകടക്കെണികളിൽ ചാടാനും ഇടയില്ല.

**സ്നേഹം നൽകിയവർ:**

അബ്രാഹാം തന്റെ ഏകജാതനായ പുത്രൻ യിസ്ഹാക്കിനെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ദൈവം തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തി സംസാരിച്ചു: "അബ്രഹാമേ.... നിന്റെ മകനേ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ,... ഹോമയാഗം കഴിക്കുക". (13) എന്നാൽ തികച്ചും സന്തുലിതമായ (balanced) സ്നേഹമായിരുന്നു അബ്രാഹമിന്റേത്. മകനെ സ്നേഹിച്ചപ്പോൾത്തന്നെ അതിലധികമായി അയാൾ ദൈവത്തേയും സ്നേഹിച്ചിരുന്നു. ദൈവത്തോടുള്ള സ്നേഹമായിരുന്നു തനിക്കു പരമപ്രധാനം എന്ന് മകനെ യാഗപീഠത്തിൽ അർപ്പിച്ചതിലൂടെ അബ്രഹാം തെളിയിക്കുകയും ചെയ്തു. മക്കൾക്ക് നാം സ്നേഹം നൽകണമെന്നു പറയുമ്പോൾ ദൈവത്തിനും തന്റെ അവകാശവാദങ്ങൾക്കും ഒന്നാം സ്ഥാനം നൽകികൊണ്ട് അപ്രകാരം ചെയ്യണം എന്നാണ് അർത്ഥമാക്കുന്നത്.

പൗലോസ് അപ്പോസ്തലനും തന്റെ ആത്മീയ മക്കൾക്ക് വളരെ സ്നേഹം നൽകിയിരുന്നു. ഇതാ, ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക: "ഇതു നിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയ (സ്നേഹ)മകനുമായ തിമൊഥെയോസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു" (14). "ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ....നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വെച്ചുതരുവാൻ ഒരുക്കമായിരുന്നു". (15)





> **നിങ്ങളുടെ കുടുംബസ്ഥിതി അനുവദിക്കുന്നിടത്തോളം, മക്കൾക്ക് ഭവനത്തിൽ സന്തോഷകരമായ ഒരന്തരീക്ഷം നിലനിർത്താൻ ശ്രദ്ധിക്കുക. വീട്ടിൽ കർശനമായ നിയന്ത്രണവും ശിക്ഷണവും മാത്രമല്ല, ആനന്ദവും ആശ്വാസവും പോയകാലത്തെക്കുറിച്ചുള്ള നല്ല ഓർമ്മകളും കുഞ്ഞുങ്ങൾക്ക് ലഭിക്കണം.**

തന്റെ ആത്മീയമക്കൾക്ക് വാക്കുകളാൽ മാത്രമല്ല പ്രവൃത്തികളാലും സ്നേഹം നൽകിയവനായിരുന്നു പൗലൊസ്. മക്കളെ സംബന്ധിച്ച് മാതാപിതാക്കൾക്കുണ്ടാകേണ്ട ശരിയായ മനോഭാവത്തെപ്പറ്റി അദ്ദേഹം വിവരിക്കുന്നതു കേൾക്കുക: "മക്കൾ അമ്മയപ്പന്മാർക്കു വേണ്ടിയല്ല അമ്മയപ്പന്മാർ മക്കൾക്കായിട്ടല്ലോ ചരതിക്കേണ്ടത് (സമ്പാദിക്കേണ്ടത്). ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകുകയും ചെയ്യും. ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ നിങ്ങൾ എന്നെ അല്പമായി സ്നേഹിക്കുന്നുവോ"? (16) മക്കൾക്കായി കരുതുക, അവരുടെ ഭാവി ആവശ്യങ്ങൾക്കായി അല്പം മിച്ചം വെക്കുക എന്നിവയെല്ലാം അവരോടുള്ള സ്നേഹത്തിന്റെ സൂചനകളായി കണക്കാക്കാം. എന്നാൽ മക്കൾക്കായി കരുതുന്നവർ അവർക്കു സ്നേഹം നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്.

**സ്നേഹം പ്രകടിപ്പിക്കണം:**

സ്നേഹം, വാത്സല്യം, നന്ദി ഇവയെല്ലാം ഹൃദയത്തിൽ നിറഞ്ഞിരിക്കുമ്പോൾ തന്നെ, അത് മറ്റുള്ളവരോടു പ്രകടിപ്പിക്കുന്ന കാര്യത്തിൽ ഭാരതീയരായ നാം വളരെ വിമുഖരാണ്-വിശേഷിച്ചും കേരളീയർ. ചെറുപ്പം മുതൽക്കേ നാം പഠിച്ചും പരിശീലിച്ചും വന്ന പൗരസ്ത്യസംസ്കാരത്തിന്റെ ഒരു ബലഹീനതയായി വേണം നാമിതിനെ കാണാൻ. പാശ്ചാത്യസംസ്കാരത്തിലാകട്ടെ, ഉള്ളിലിരിക്കുന്ന സ്നേഹവും നന്ദിയും ഖേദവുമൊക്കെ അവർ മടികൂടാതെ പ്രകടമാക്കും - വാക്കുകളിലൂടെയോ മുഖഭാവത്തിലൂടെയോ അല്ലെങ്കിൽ പ്രവൃത്തിയിലൂടെയോ. ആകയാൽ ഭാരതീയ മാതാപിതാക്കളായ നാം സാംസ്കാരികബലഹീനതകളെ മറികടന്ന് സ്നേഹവാത്സല്യങ്ങൾ മക്കളോട് പ്രകടിപ്പിക്കുവാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സിലിരിപ്പ് മറ്റേയാൾ ഊഹിച്ചെടുക്കേണ്ട സാഹചര്യം സംജാതമാക്കാതെ വായ് തുറന്ന് നമുക്ക് സംസാരിച്ചു തുടങ്ങാം.

നിങ്ങളുടെ കുടുംബസ്ഥിതി അനുവദിക്കുന്നിടത്തോളം, മക്കൾക്ക് ഭവനത്തിൽ സന്തോഷകരമായ ഒരന്തരീക്ഷം നിലനിർത്താൻ ശ്രദ്ധിക്കുക. വീട്ടിൽ കർശനമായ നിയന്ത്രണവും ശിക്ഷണവും മാത്രമല്ല, ആനന്ദവും ആശ്വാസവും പോയകാലത്തെക്കുറിച്ചുള്ള നല്ല ഓർമ്മകളും കുഞ്ഞുങ്ങൾക്ക് ലഭിക്കണം. എന്നാൽ മാതാപിതാക്കൾക്കിടയിൽ ശണ്ഠയും കലഹവും വാഗ്വാദങ്ങളും പിണക്കവും മറ്റും നിലനിൽക്കുന്നപക്ഷം അവരുടെ മക്കൾ സന്തോഷമില്ലാത്തവരും അരക്ഷിതബോധം നിറഞ്ഞവരുമായിട്ടാവും വളർന്നു വരിക.

കുടുംബത്തിൽ ആരോഗ്യകരമായ സ്നേഹബന്ധങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നതിന് സഹായകമായ ചില പ്രയോഗിക മാർഗ്ഗനിർദ്ദേശങ്ങൾ

(ശേഷം പേജ് 39 ൽ)

ചിന്തയ്ക്ക്

# ക്രിസ്തീയപുരോഗതിക്ക് യേശുവിനോടൊപ്പമുള്ള നടപ്പ്

എ.ഡബ്ല്യു.ടോസർ

**തെ**ക്കുകിഴക്കൻ സംസ്ഥാനത്തുള്ള കുന്നിൻചരിവിലൂടെ നടക്കുമ്പോൾ ഒരു കടലാസുകഷണം പെട്ടെന്ന് എന്റെ ശ്രദ്ധയിൽ പെട്ടു. ആ പ്രത്യേക സന്ദർഭത്തിൽ അങ്ങനെ ഒരു സ്ഥലത്ത് കടലാസുകഷണം കാണപ്പെട്ടത് എന്നിൽ ജിജ്ഞാസ ഉളവാക്കി. ആ തുണ്ടു കടലാസ് എടുത്തപ്പോൾ വടിവൊത്ത അക്ഷരങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയ ഇപ്രകാരമുള്ള ഒരു വാചകമാണ് കണ്ടത്-:

“ജനിക്കുമ്പോഴുള്ളതിനേക്കാൾ വളരുന്തോറും വലിപ്പം കുറയുന്ന രണ്ടു ജീവികളെ ലോകത്തിൽ ഉള്ളൂ. ഒന്ന് ഉറുമ്പിനെപ്പോലുള്ള ചെറുപ്രാണിയും, മറ്റൊന്ന് ഒരു സഭാംഗവും!!!” ആ മലമടക്കുകളിലെ ഏതെങ്കിലും സഭയിൽ ആരോ ചെയ്ത പ്രസംഗത്തിലെ പ്രസക്ത ഉദ്ധരണിയാണോ, അതോ, എന്റെ ആഗമനം മനസ്സിലാക്കിയ ഏതോ സഹൃദയനായ സുഹൃത്ത് എന്റെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനു വേണ്ടി ബോധപൂർവ്വം എഴുതി ഇട്ടതാണോ എന്നെനിക്ക് ഇപ്പോഴും നിശ്ചയമില്ല. പക്ഷേ, ആ പ്രസ്താവന നിസ്സാരമായി തള്ളിക്കളയാനാവില്ല എന്നെനിക്കു മനസ്സിലായി. ജന്തുശാസ്ത്രത്തിൽ പ്രാവീണ്യമില്ലാത്ത ഒരു വ്യക്തി എന്ന നിലയ്ക്ക് ചെറുപ്രാണിയെപ്പറ്റിയുള്ള പരാമർശം ശരിയോ തെറ്റോ എന്നു തീർത്തു പറയാൻ ഞാൻ പ്രാപ്തനല്ല. എന്നാൽ സഭാംഗത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വെറും തമാശയാണെന്ന് ഞാൻ കരുതുന്നില്ല. ആ മലനാട്ടിലെ നല്ലവരായ മനുഷ്യരും അവരുടെ പദപ്രയോഗങ്ങളും എനിക്ക് സുപരിചിതങ്ങളാകയാൽ ‘സഭാംഗം’ എന്ന് ആ കുറിപ്പിൽ എഴുതിയിരിക്കുന്നത് ഒരു ക്രിസ്ത്യാനിയെ ഉദ്ദേശിച്ചാണ് എന്ന് എനിക്കു ഉറപ്പിച്ച് പറയാൻ കഴിയും. ഒരു വ്യക്തി മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായപ്പോഴുണ്ടായിരുന്ന വലിപ്പം ക്രമേണ നഷ്ടപ്പെട്ട് കാലാന്തരത്തിൽ ക്രിസ്ത്യാനിക്ക് ഉണ്ടായിരിക്കേണ്ടതിലും വളരെ താഴ്ന്ന നിലവാരത്തിൽ എത്തിച്ചേരുന്ന ദയനീയാവസ്ഥ കണ്ട് മനസ്സിലാക്കിയ ഒരു വ്യക്തിയാണ് ഇതെഴുതിയതെന്നതിന് സംശയമില്ല.

മാനസാന്തരപ്പെട്ട് അത്യന്തം ഊർജ്ജസ്വലതയോടുകൂടി വിശ്വാസത്തിലേക്കു വന്ന അനേകരും ക്രമേണ എല്ലാ ഉത്സാഹവും ആവേശവും നഷ്ടപ്പെട്ട് മരവിച്ച അനുഷ്ഠാനങ്ങളിൽ തൃപ്തിപ്പെട്ട് കഴിയുന്ന അവസ്ഥയിൽ എന്തുകൊണ്ടാണ് എത്തിച്ചേരുന്നത്? ആദിമകാലത്തുണ്ടായിരുന്ന എരിവും തീക്ഷ്ണതയും നഷ്ടപ്പെട്ട്, സാമാന്യ നിലവാരത്തിലും താണരീതിയിലുള്ള ആത്മികതയിൽ സ്വയം തൃപ്തരായിത്തീർന്ന്, അതിനപ്പുറം ഇന്നത്തെ ലോകത്തിൽ എത്തിച്ചേരാൻ സാധ്യമല്ല എന്ന നിഗമനത്തിൽ എന്തുകൊണ്ടാണ് അവർ എത്തുന്നത്?







**മാനസാന്തരപെട്ട് അത്യന്തം ഊർജ്ജസ്വലതയോടുകൂടി വിശ്വാസത്തിലേക്കു വന്ന അനേകരും ക്രമേണ എല്ലാ ഉത്സാഹവും ആവേശവും നഷ്ടപ്പെട്ട് മരവിച്ച അനുഷ്ഠാനങ്ങളിൽ തൃപ്തിപ്പെട്ട് കഴിയുന്ന അവസ്ഥയിൽ എന്തുകൊണ്ടാണ് എത്തിച്ചേരുന്നത്?**

സ്വർഗ്ഗീയരാജ്യത്തിലേക്കുള്ള മോക്ഷയാത്ര ആരംഭിച്ച നാളുകളിൽ ആയിരുന്നതിനേക്കാൾ വളരെയേറെ ശുഷ്കിച്ച അവസ്ഥയിൽ തുടർന്നുള്ള ദീർഘ വർഷങ്ങളിൽ അനേകദൈവമക്കളും എന്തുകൊണ്ടാണ് ആയിത്തീരുന്നത്? എല്ലാ ക്രിസ്തീയവിശ്വാസികളെയും ഉദ്ദേശിച്ചല്ല ഞാൻ ഇങ്ങനെ പ്രസ്താവിക്കുന്നത്. എല്ലാ സഭാംഗങ്ങളും കാലം കഴിയുന്തോറും ആത്മികമായി പിന്നോക്കം പോകുന്നു എന്നു ഞാൻ കരുതുന്നില്ല. എന്നാൽ സഭയെ ആത്മാർത്ഥമായി സ്നേഹിക്കുകയും അതിന്റെ ഓരോ അംഗത്തിന്റേയും അഭിവൃദ്ധിയിൽ ഹൃദയപൂർവ്വം തത്പരനായിരിക്കുകയും ചെയ്യുന്ന ഒരു ദൈവപൈതലിന്, ആരെങ്കിലും ശരിയായ വളർച്ച പ്രാപിക്കാതെ പോയാൽ അത് തികച്ചും വേദനാജനകമായിരിക്കും. കാര്യങ്ങൾ ഗൗരവപൂർവ്വം വീക്ഷിക്കുന്നതിനും അത് അവനെ പ്രേരിപ്പിക്കും.

ആഹ്ളാദ നിർഭരമായ മാനസാന്തരാനുഭവത്തിനുശേഷം ക്രിസ്തുവിൽ ദൃഷ്ടിപതിപ്പിച്ച് മുന്നോട്ടുപോകുന്നതിനുപകരം അറിയാതെതന്നെ, തങ്ങളുടെ അനുഭവങ്ങളെ താലോലിക്കുന്നതുമൂലമല്ലേ ഇപ്രകാരം സംഭവിക്കുന്നത്? പുതുമ നഷ്ടപ്പെടുന്നതോടുകൂടി അവരുടെ ജീവിതത്തിൽ നിന്നു സന്തോഷവും ഊർജ്ജസ്വലതയും മാഞ്ഞുപോകുന്നു. ഒരുവൻ മാനസാന്തരപ്പെട്ട് യഥാർത്ഥത്തിൽ കടന്നുവരുന്നത് കേവലം സമാധാനത്തിലേക്കും സന്തോഷത്തിലേക്കും ആശ്വാസത്തിലേക്കുമല്ല, പ്രത്യുത കർത്താവായ യേശുക്രിസ്തുവിലേക്കാണ് എന്ന് അവരെ വ്യക്തമായി പഠിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ അനുഗ്രഹങ്ങളും അനുഭവങ്ങളുമെല്ലാം അതതിന്റെ സമയത്ത് നമുക്ക് നിശ്ചയമായും ലഭ്യമാകും. എന്നാൽ എല്ലാ ആത്മിക അനുഭൂതികളുടേയും ഉറവിടവും നിർധരിയു

മായ ക്രിസ്തുവിൽ നാം നിരന്തരം നമ്മുടെ ദൃഷ്ടികൾ ഉറപ്പിക്കുന്നില്ലെങ്കിൽ ഇവയെല്ലാം ക്ഷണനേരംകൊണ്ട് നഷ്ടമാകുമെന്ന സത്യം നാം ഒരിക്കലും വിസ്മരിച്ചുകൂടാ!

എല്ലാ വൈകാരികാനുഭൂതികൾക്കും അതിന്റെ പ്രതിപ്രവർത്തനമുണ്ട്. സുഖദായകവും സന്തോഷപൂർണ്ണവുമായ അനുഭവങ്ങൾപോലും കുറേ കഴിയുമ്പോൾ നിഷ്പ്രഭമാകും. മനുഷ്യനെ അപ്രകാരമാണ് സ്രഷ്ടാവ് രൂപപ്പെടുത്തിയിരിക്കുന്നത്. അത് വ്യത്യാസപ്പെടുത്തുവാൻ ആർക്കും കഴിയുകയുമില്ല. വിവാഹജീവിതത്തിന്റെ രണ്ടാം വർഷം വളരെ നിർണായകമാണ് എന്ന് അറിവുള്ളവർ പറയുന്നത് കേട്ടിട്ടുണ്ടല്ലോ. കാരണം അപ്പോഴേക്കും വൈവാഹികജീവിതത്തിലെ ആദിമഘട്ടത്തിലെ വിസ്മയനീയമായ അനുഭൂതികൾ നഷ്ടപ്പെട്ടുതുടങ്ങിയിരിക്കും! മാത്രമല്ല രണ്ടുപേർക്കും ഒരുപോലെ താത്പര്യമുള്ള കാര്യങ്ങൾ കണ്ടെത്തി വികാരത്തെക്കാൾ കൂടുതൽ യാഥാർത്ഥ്യങ്ങൾക്ക് മുൻതൂക്കം കൊടുത്ത്, സന്തുലിതമായ ഒരു ജീവിതക്രമം രൂപപ്പെടുത്തുവാനുള്ള സമയം വേണ്ടത്ര കിട്ടിയിട്ടുമില്ല!

ദൈവത്തെ സമ്പൂർണ്ണമായി അനുധാവനം ചെയ്യുന്നതിലൂടെ മാത്രമേ ശാശ്വതമായ ആത്മികചൈതന്യം നമുക്ക് കൈവരിക്കാനും നിലനിർത്താനും കഴിയുകയുള്ളൂ. കാരണം, നിത്യമായ പുതുക്കവും പ്രസരിപ്പും പ്രദാനം ചെയ്യുന്നത് അവിടുന്ന് മാത്രമാണ്. ദൈവത്തിൽ നമ്മുടെ ഓരോ നിമിഷവും നൂതനമാണ്. ഒന്നിനും ഒരിക്കലും പഴക്കം വരുന്നുമില്ല. ആചാരാനുഷ്ഠാനങ്ങളിലും ചടങ്ങായുള്ള കാര്യങ്ങളിലും നാം ക്രമേണ വിരസതയുള്ളവരായിത്തീരും. പ്രാർത്ഥനപോലും ചിലപ്പോൾ അരോചകമായി ഭവിക്കും. പക്ഷേ ദൈവം ഒരിക്കലും നമ്മിൽ അപ്രീതി ഉളവാക്കുകയില്ല! നിത്യതയിലെ ഓരോ ദിവസവും തന്റെ മഹത്വത്തിന്റെ ഓരോ നൂതന പ്രതിഭാസം വീതം നിനക്ക് വെളിപ്പെടുത്തി തന്നാലും അപരിമേയനായ ദൈവത്തിന്റെ ദിവ്യആളത്വത്തിന്റെ സമ്പന്നതയാകുന്ന ഖനിഗർഭത്തിന്റെ ആഴങ്ങളിലേക്ക് നീ ഒട്ടും തന്നെ ഇറങ്ങിക്കാണുകയില്ല!

**പുതുതായി വിശ്വാസത്തിലേക്ക് വരുന്നവർക്ക് ക്രിസ്തുവിനെ കൂടാതെ മറ്റെന്തെങ്കിലുമോ, ക്രിസ്തുവിനോടൊപ്പം മറ്റു ചിലതോ നാം വാഗ്ദാനം ചെയ്യുന്നെങ്കിൽ അവർ താമസംവിനാ പിന്മാറ്റാവസ്ഥയിലേക്കും, ക്രമേണ വിശ്വാസത്യാഗത്തിലേക്കു തന്നെയും പോയാൽ നാം ദുഃഖിച്ചിട്ടു കാര്യമില്ല. കാരണം എത്രവിലപ്പെട്ടതായാലും പുതുമകൾ ഒരിക്കലും വളരെക്കാലം നിലനിൽക്കുകയില്ല.**

പുതുതായി വിശ്വാസത്തിലേക്ക് വരുന്നവർക്ക് ക്രിസ്തുവിനെ കൂടാതെ മറ്റെന്തെങ്കിലുമോ, ക്രിസ്തുവിനോടൊപ്പം മറ്റു ചിലതോ നാം വാഗ്ദാനം ചെയ്യുന്നെങ്കിൽ അവർ താമസംവിനാ പിന്മാറ്റാവസ്ഥയിലേക്കും, ക്രമേണ വിശ്വാസത്യാഗത്തിലേക്കു തന്നെയും പോയാൽ നാം ദുഃഖിച്ചിട്ടു കാര്യമില്ല. കാരണം എത്രവിലപ്പെട്ടതായാലും പുതുമകൾ ഒരിക്കലും വളരെക്കാലം നിലനിൽക്കുകയില്ല. ആത്മീയകാര്യങ്ങളിലുള്ള താത്പര്യം മന്ദീഭവിക്കുമ്പോൾ നാം ചൂടേറിയ പ്രബോധനങ്ങളിലൂടെ അതു ജ്വലിപ്പിക്കുവാൻ പരിശ്രമിക്കും. അങ്ങനെയുള്ള ഉപദേശങ്ങളും, പ്രബോധനങ്ങളും തുടരെ കേൾക്കുന്നതുമൂലം നാം കൂടുതൽ മടുപ്പുള്ളവരാ





യിത്തീരുമെന്ന് സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ തുറന്നുപറയട്ടെ. നേർപാതയിലേക്ക് മടങ്ങാനുള്ള താക്കീതുകളും, കർത്താവിനായി കഠിനാധ്വാനം ചെയ്യാനുള്ള ആഹ്വാനങ്ങളും, കൂടുതൽ പ്രാർത്ഥിക്കാനുള്ള ഉപദേശങ്ങളും, കർത്താവിന്റെ വേലയ്ക്കായി കൂടുതൽ കൊടുക്കുവാനുള്ള നിർദ്ദേശങ്ങളും ഒക്കെ കേട്ട് ഞാൻ തളർന്നിട്ടുണ്ട്. കാരണം, ക്രിസ്തുവിനെ എന്റെ മുമ്പിൽ ദൃശ്യമാംവിധം ചൂണ്ടിക്കാട്ടാതെയാണ് അവർ എന്നോടിതെല്ലാം പ്രസംഗിച്ചത്. ഇപ്രകാരമുള്ള കാര്യങ്ങൾ നമ്മെ ആത്മീയകാര്യങ്ങളിൽ വിരക്തിയുള്ളവരാക്കിത്തീർത്ത് തളർത്തി മടങ്ങിവരാൻ നിർവ്വാഹമില്ലാത്ത നിലയിലേക്ക് എത്തിക്കാനിടയുണ്ട്. അങ്ങനെ നാം ക്രമേണ ചുരുങ്ങിച്ചുരുങ്ങി, രക്ഷയിലേക്കു വന്ന നാളുകളിലേതിനെക്കാൾ എത്രയോ നിർജീവമായ അവസ്ഥയിൽ എത്തിച്ചേരും.

അനുഗ്രഹങ്ങൾക്കുവേണ്ടി സഹോദരന്മാർ ദൈവത്തോട് കെഞ്ചിയാചിക്കുന്ന പ്രാർത്ഥനാക്കൂട്ടങ്ങളിൽ ഞാൻ അസുഖകരമായ അനവധി മണിക്കൂറുകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹൃദയത്തിൽ ദൈവവുമായി ആഹ്ലാദഭരിതമായ കൂട്ടായ്മ അനുഭവിച്ചും, ആന്തരികനയനങ്ങൾ കൊണ്ട് അവിടുത്തെ തേജസ്സേറിയ മുഖകമലം ദർശിച്ചും കഴിയുന്ന മണിക്കൂറുകളിൽ പ്രാർത്ഥന എത്ര ദൈർഘ്യമേറിയതായാലും അത്യന്തം സുഖപ്രദം തന്നെയായിരിക്കും. അത്യന്തം അരോചകവും വിരസവുമായ പ്രസംഗങ്ങൾ കേട്ട് ഞാൻ മടുത്തിട്ടുണ്ട്. പക്ഷേ, ക്രിസ്തുവിന്റെ സൗന്ദര്യം എന്റെ മനോമുകുരത്തിൽ അങ്കുരിപ്പിക്കാൻ പ്രസംഗകന് കഴിഞ്ഞാൽ ഏത് പ്രസംഗവും എത്ര മണിക്കൂറുകൾ വേണമെങ്കിലും കേട്ടിരിക്കാൻ ഞാൻ സന്നദ്ധനായിരിക്കും. യേശുവിന്റെ മുഖത്തിന്റെ ഒരു നേരിയ ദർശനം മാത്രംമതി, സ്നേഹവും ഊർജ്ജസ്വലതയും ഉദ്ദീപിപ്പിക്കുവാനും, അവിടുത്തെ കൃപയിലും പരിജ്ഞാനത്തിലും വളരുവാനുമുള്ള അത്യുത്ക്കടമായ അഭിവാഞ്ഛ നമ്മിൽ ഉളവാക്കുവാനും!

**ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ ആദിമകാലത്തെ മാധുര്യമേറിയ അനുഭൂതികൾ അന്ത്യം വരെ നിലനിർത്തുവാനുള്ള ഒരേയൊരു മാർഗ്ഗം ദൈവത്തിൽ മാത്രം മുഴുശ്രദ്ധയും കേന്ദ്രീകരിക്കുക എന്നതാണ്. ഉറവയുമായി നിരന്തരം ബന്ധപ്പെടുന്നില്ലെങ്കിൽ നമ്മുടെ കുഞ്ഞരുവികൾ അതിവേഗം വറ്റിപ്പോകുമെന്ന യാഥാർത്ഥ്യം നാം ഒരിക്കലും വിസ്മരിക്കരുത്.**

ഇത്രയും പറഞ്ഞതിന്റെ ചുരുക്കം; ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ ആദിമകാലത്തെ മാധുര്യമേറിയ അനുഭൂതികൾ അന്ത്യംവരെ നിലനിർത്തുവാനുള്ള ഒരേ ഒരു മാർഗ്ഗം ദൈവത്തിൽ മാത്രം മുഴുശ്രദ്ധയും കേന്ദ്രീകരിക്കുക എന്നതാണ്. ഉറവയുമായി നിരന്തരം ബന്ധപ്പെടുന്നില്ലെങ്കിൽ നമ്മുടെ കുഞ്ഞരുവികൾ അതിവേഗം വറ്റിപ്പോകുമെന്ന യാഥാർത്ഥ്യം നാം ഒരിക്കലും വിസ്മരിക്കരുത്. 'മുരടിച്ചു പോകാതെ അനുദിനം വളർച്ച പ്രാപിക്കുന്നതിന് ത്രിയേകദൈവവുമായുള്ള നിരന്തരസമ്പർക്കത്തിലും സഹവാസത്തിലും ജീവിതത്തിന്റെ എല്ലാ ദിനരാത്രങ്ങളും കഴിച്ചേ മതിയാവൂ, എന്ന് ഓരോ ദൈവപൈതലും സർവ്വദാ ഓർത്തിരുന്നെങ്കിൽ എത്രനന്നായിരുന്നു.

സമർപ്പണം പ്രായോഗികമോ-2

# സ്വാതന്ത്ര്യത്തിലേക്ക് കീഴടങ്ങുക

സ്റ്റാൻലി ജോൺസ്

ആധുനിക മനുഷ്യന് ദൈവത്തെ കൂടാതെ ഒരു സ്വയംപര്യാപ്തത ഉണ്ട്. ഈ സ്വയംപര്യാപ്തതയുടെ അശനിപാതം ഏറ്റ തന്റെ മൂല്യങ്ങളാണ് ഒരുവൻ കർത്താവിനു കീഴ്പ്പെടുമ്പോൾ അവിടുത്തേക്ക് അടിയറ വയ്ക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ ദൈവം അവന് പുതിയ ഒരു കരുത്ത് നൽകും. യേശുക്രിസ്തുവെന്നു പറയുന്നത് നിങ്ങളെ ഒരു നിമിഷനേരത്തേയ്ക്ക് അന്ധനാക്കുകയും തുടർന്നു നാശത്തിന്റെ വലിയ ഇടിമുഴക്കുകയും ചെയ്യുന്ന ഒരു മിന്നൽപ്പിണർ അല്ല. മറിച്ച് അവിടുന്ന് വെളിച്ചമാണ്. സൂര്യനാണ്. ഒരിക്കലും അസ്തമിക്കാത്ത സൂര്യൻ. "എന്നെ അനുഗമിക്കുന്നവൻ ആരും ഇരുളിൽ നടക്കുന്നില്ല''. മാത്രമോ? വെളിച്ചമുള്ളിടത്തോളം നിങ്ങൾ വെളിച്ചത്തിന്റെ മക്കളാകേണ്ടതിന് വെളിച്ചത്തെവിശ്വസിക്കുവിൻ" (യോഹന്നാൻ 12:36 NEB). നമുക്കു വെളിച്ചമുണ്ടെന്നു മാത്രമല്ല നമ്മൾ അതിൽ വിശ്വസിച്ച് അതിനു കീഴടങ്ങുമ്പോൾ നാം വെളിച്ചത്തിന്റെ മക്കളായിത്തീരും. നാം വെളിച്ചത്തെക്കുറിച്ചു ചിന്തിക്കുന്നു, വെളിച്ചത്തെ വിശ്വസിക്കുന്നു. വെളിച്ചത്തിൽ പ്രവർത്തിക്കുന്നു. വെളിച്ചത്തിന്റെ മനുഷ്യരായിത്തീരുന്നു. അവൻ തന്നെത്തന്നെ കണ്ടെത്തുന്ന ഏതു സാഹചര്യത്തിലും കീഴടങ്ങിയ ക്രിസ്ത്യാനി ഒരു വെളിച്ചമായിരിക്കും. ഒരുവൻ ക്രിസ്ത്യാനിയെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും യാഥാർഥക്രിസ്ത്യാനിയായിരിക്കുകയും ചെയ്താൽ അവൻ വെളിച്ചമായിരിക്കും. ക്രിസ്തീയമായ നിലപാടുകളിൽ നിന്നുള്ള വ്യതിയാനം എപ്പോഴും ഇരുട്ടിലേക്കാണ്. ഒരു സംശയവുമില്ല.

'സ്വയം സമർപ്പണം പ്രായോഗികമാണോ' എന്നു ചോദിച്ചാൽ എന്റെ ഉത്തരം 'മറ്റൊന്നും പ്രായോഗികമല്ല' എന്നാണ്. കീഴടങ്ങലിലൂടെ നിങ്ങൾ ദൈവവുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത് അശുഭാപ്തി വിശ്വാസത്തോടാണ്, നിരാശതയോടാണ്, നിഷേധാത്മകതയോടാണ്, വ്യാർത്ഥതയോടാണ്, മോഹഭംഗത്തോടാണ്, ദോഷനിരൂപണത്തോടാണ്, സ്വയനശീകരണത്തോടാണ്, ഒരു വലിയ ഇല്ലായ്മയോടാണ്.

പുതിയ നിയമത്തിൽ (മർക്കോസ് 5:1-16) കല്ലറകളിൽ പാർപ്പുറപ്പിച്ച ഒരു ഭൂതഗ്രസ്തനെ നാം കാണുന്നു. അവൻ മരണത്തിന്റെ ചിഹ്നങ്ങൾക്കാണ് കീഴടങ്ങിയിരിക്കുന്നത്. മരണം അവനിൽ തന്നെ പതിയിരിക്കുന്നു. 'കല്ലറകൾക്കിടയിലും മലമ്പ്രദേശങ്ങളിലും ഉച്ചത്തിൽ നിലവിളിച്ചും കല്ലു കൊണ്ടു സ്വയം മുറിവേല്പിച്ചും, അവൻ സ്വയനാശത്തിലേക്കു കൂപ്പുകുത്തുകയാണ്. എങ്കിലും അവൻ യേശുവിനെ ദൂരത്തുനിന്നു കണ്ടപ്പോൾ 'യേശുവേ മഹോന്നതനായ ദൈവ





ത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്ത്? ദൈവത്താണെ, എന്നെ ദണ്ഡിപ്പിക്കരുതേ' എന്ന് അപേക്ഷിക്കുന്നു. 'സ്വയം ദണ്ഡിപ്പിക്കുന്ന' അവനെ സംബന്ധിച്ചിടത്തോളം സ്വയദണ്ഡനം സ്വഭാവികമായിത്തീർന്നു. അതിൽ നിന്ന് അവനെ വിടുവിക്കുന്നതാണ് ഇപ്പോൾ അവനു ദണ്ഡനം.

ഇവിടെ എന്താണ് പ്രശ്നം? ശ്രദ്ധിക്കുക: "യേശു അവനോടു ചോദിക്കുന്നു: 'നിന്റെ പേരെന്ത്?', അവന്റെ മറുപടി: "എന്റെ പേര് ലെഗ്യോൻ. ഞങ്ങൾ പലരാകുന്നു"

'എന്റെ പേര് ലെഗ്യോൻ'-ഉവ്വ്, അതാണ് അവന്റെ പ്രശ്നത്തിന്റെ അടിസ്ഥാനം. അവൻ ഒരാളല്ല. ഒന്നിലേറെ പേരാണ്. അന്യോന്യം പോരടിക്കുന്ന ഒന്നിലേറെ പേർ-'നടന്നു പോകുന്ന ഒരു ആഭ്യന്തരയുദ്ധം'. എന്നാൽ അവൻ മതഭക്തനാണ്. കേൾക്കുക: "യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ, നീ എന്നെപ്പറ്റി എന്താഗ്രഹിക്കുന്നു? എന്നെ ദണ്ഡിപ്പിക്കരുതേ എന്നു ദൈവനാമത്തിൽ ഞാൻ അപേക്ഷിക്കുന്നു" എന്നാണല്ലോ അവന്റെ അപേക്ഷ (NEB). പലരെപ്പോലെ അവനും അവനെ ദുരിതപൂർണനാക്കത്തക്കവണ്ണം മതഭക്തനായിരുന്നു. പക്ഷേ അവന്റെ ഈ തൊലിപ്പുറത്തെ മതബോധം അവനെ സാന്ത്വനപ്പെടുത്തുന്നതിനു പകരം പോരാട്ടത്തിലാക്കി. നിങ്ങൾ ക്രിസ്തുവിനു കീഴ്പ്പെട്ടില്ലെങ്കിൽ നിങ്ങൾ കീഴ്പ്പെട്ടിരിക്കുന്നത് ആശയക്കുഴപ്പത്തിനാണ്.

ആകെ അസ്വസ്ഥനായ ഒരു ആധുനിക മനുഷ്യൻ ഒരിക്കൽ തന്റെ അവസ്ഥ ഇപ്രകാരം വിലയിരുത്തി: "എന്റെ ജീവിതത്തിൽ ഒട്ടേറെ ദ്വന്ദ്വങ്ങൾ ഉണ്ട്. രണ്ടു വീടുകൾ. രണ്ടുകാറുകൾ. രണ്ടു സ്ത്രീകൾ-ഞാൻ ഒരു ദ്വിമുഖവ്യക്തിത്വമാണ്". 'ഒരു ഗൃഹത്തിന് അന്യോന്യം ഛിദ്രിച്ചാൽ നിലനില്ക്കാനാവില്ല'. ആന്തരികമായ വിഭജനമാണ് ആധുനിക ദുരിതത്തിനു മൂലകാരണം. ഒരുവൻ ഒരിക്കൽ പ്രസ്താവിച്ചു: "ഞാൻ ഒരു വ്യക്തിയല്ല. ഒരു കമ്മിറ്റിയാണ്". വിരുദ്ധമായ കാര്യങ്ങൾ ആഗ്രഹിക്കുന്ന സ്വയം വിവാദത്തിലേർപ്പെട്ടിരിക്കുന്ന ഒരുവനാണെന്നു സാരം.

**ആകെ അസ്വസ്ഥനായ ഒരു ആധുനിക മനുഷ്യൻ ഒരിക്കൽ തന്റെ അവസ്ഥ ഇപ്രകാരം വിലയിരുത്തി: "എന്റെ ജീവിതത്തിൽ ഒട്ടേറെ ദ്വന്ദ്വങ്ങൾ ഉണ്ട്. രണ്ടു വീടുകൾ. രണ്ടുകാറുകൾ. രണ്ടു സ്ത്രീകൾ-ഞാൻ ഒരു ദ്വിമുഖവ്യക്തിത്വമാണ്". 'ഒരു ഗൃഹത്തിന് അന്യോന്യം ഛിദ്രിച്ചാൽ നിലനില്ക്കാനാവില്ല'. ആന്തരികമായ വിഭജനമാണ് ആധുനിക ദുരിതത്തിനു മൂലകാരണം.**

ഞങ്ങളുടെ ആശ്രമത്തിലെ ഹൃദയം പങ്കിടുന്ന സമ്മേളനങ്ങളിൽ പലരും താഴെപ്പറയുന്ന വിധം തങ്ങളെത്തന്നെ വിലയിരുത്തിയിട്ടുണ്ട്: "ഒരു ദ്വിമുഖവ്യക്തിത്വമാണ് എനിക്കുള്ളത്. ഞാൻ ഒരു കാപട്യക്കാരനാണ്". "ഞാൻ തെരുവിൽ ഒരു മാലാഖയും വീട്ടിൽ ഒരു പിശാചുമാണ്". "ഞാൻ സ്വയത്തെക്കുറിച്ച് വളരെ ചിന്തിക്കുന്നവളാണ്. എന്റെ വേഷധാരണം കണ്ട് ഞാൻ ഒരു ഭക്തയാണെന്നു കരുതി ഞാൻ എപ്പോഴും ദൈവത്തെക്കുറിച്ചു ചിന്തിക്കുന്നുവെന്ന് ആളുകൾ കരുതുന്നു. സത്യത്തിൽ അങ്ങനെയല്ല."

കല്ലറയിൽ കഴിയുന്ന മനുഷ്യനായാലും ഓഫീസിൽ ബഹുമാന്യതയുടെ നടുവിൽ കഴിയുന്നവനായാലും

പ്രശ്നം ഒന്നു തന്നെ – വിഭജിക്കപ്പെട്ട ഒരു വ്യക്തിത്വം. ഒരു വിഭജിക്കപ്പെട്ട അവസ്ഥയിൽ നിന്ന് രക്ഷനേടാൻ ഒരു വഴിയേ ഉള്ളൂ– ദൈവത്തിനു മുൻപിൽ സ്വയത്തെ കീഴടക്കുക. ഈ കീഴടങ്ങൽ വ്യക്തിത്വത്തെയും ലക്ഷ്യത്തെയും ഏകാഗ്രമാക്കും. ശ്രദ്ധിക്കുക: "അവർ യേശുവിന്റെ അടുക്കൽ വന്നപ്പോൾ ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ യോഗ്യമായ വസ്ത്രം ധരിച്ച് സുബോധത്തോടെ അവന്റെ പാദപീഠത്തിൽ ഇരിക്കുന്നതു കണ്ട് അവർ ഭയപ്പെട്ടുപോയി" (ലൂക്കോ. 8: 35). എന്തുകണ്ടാണ് അവർ ഭയന്നത്? സുബോധം കണ്ട്! സുബോധമില്ലായ്മ നിരന്തരം കണ്ട് ഇപ്പോൾ 'സുബോധം' അവർക്ക് 'സുബോധമില്ലായ്മ'യായി തോന്നുന്നു! അതുകൊണ്ടാണു ഭൂതഗ്രസ്തൻ സുബോധമായിരിക്കുന്നതു കണ്ടപ്പോൾ അവർ ഭയന്നുപോയത്. അസ്വസ്ഥരും അസന്തുഷ്ടരും ഇരട്ട വ്യക്തിത്വമുള്ളവരുമായ ആളുകളെയാണ് ഈ കാലഘട്ടം കണ്ടിട്ടുള്ളത്. അതുകൊണ്ട് ദൈവത്തിനായി സ്വയം സമർപ്പിച്ച ആളുകളുടെ സുബോധം കാണുമ്പോൾ ഇന്നുള്ളവർക്കു ഭയമാണ്. ഒരു മനുഷ്യനു ചെയ്യാവുന്ന ഏറ്റവും സുബോധമുള്ള പ്രവൃത്തി എന്നു പറയുന്നതു സ്വയസമർപ്പണമാണ്. അതാണ് സുബോധം.

**ആധുനിക മനുഷ്യന്റെ മുന്നോട്ടുള്ള ഗതിയിൽ പിടിവാശികളിൽ, സ്വന്ത ചിന്തകളിൽ, അവൻ ഉറച്ചു പോയാൽ അവന്റെ ജീവിതം തകർന്നുപോകും. എന്നാൽ യേശു നിന്റെ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ ഉണ്ടെങ്കിൽ, നിന്റെ വിധേയത്വത്തിന്റെ കേന്ദ്രം യേശുവിന്റെ മുമ്പാകെയുള്ള കീഴടങ്ങലാണെങ്കിൽ, വ്യത്യസ്തപ്രവാഹങ്ങൾക്കിടയിൽ ചെന്നുപെട്ടാലും നീ തകർന്നു പോകുകയില്ല**

പൗലൊസിനും സഹയാത്രികർക്കും ഉണ്ടായ കപ്പൽച്ചേതത്തിൽ ആധുനികമനുഷ്യന്റെ ഒരു ചിത്രം അടങ്ങിയിട്ടുണ്ട്. "വെളിച്ചമായപ്പോൾ ഇന്ന ദേശം എന്ന് അവർ അറിഞ്ഞില്ല എങ്കിലും കരയുള്ളോരു ഉൾക്കടൽ കണ്ടു കഴിയും എങ്കിൽ കപ്പൽ അതിലേക്ക് ഓടിക്കണം എന്നു ഭാവിച്ചു.... ഇരു കടൽ കൂടിയോരു സ്ഥലത്തിന്മേൽ ചെന്നു കയറുകയാൽ കപ്പൽ അടിഞ്ഞ് അണിയം ഉറച്ച് ഇളക്കമില്ലാതെയായി. അമരം തിരയുടെ ആഘാതത്താൽ ഉടഞ്ഞുപോയി." (പ്രവൃത്തി 27: 39–41). അവർ 'ഇരുകടൽ കൂടിയോരു' സ്ഥലത്താണ് ചെന്നു കയറിയതെന്നു നാം വായിക്കുന്നു. കിഴക്കായാലും പടിഞ്ഞാറായാലും ഇന്നത്തെ പ്രശ്നം ഇതുതന്നെയാണ്. ഇന്ത്യയിൽ ഒരു ഹൈന്ദവൻ എന്നോടു പറഞ്ഞു: "ഞാൻ ഏതു നൂറ്റാണ്ടിലാണു ജീവിക്കുന്നതെന്നു സത്യം പറഞ്ഞാൽ എനിക്കറിഞ്ഞുകൂടാ. വീട്ടിൽ ചെന്നാൽ ഞാൻ പതിനാറാം നൂറ്റാണ്ടിലാണ്. പുറത്തു തെരുവിലൂടെ നടക്കുമ്പോൾ 20–ാം നൂറ്റാണ്ടിലും". പാശ്ചാത്യരാജ്യത്താണെങ്കിൽ ഒരുവൻ സഭയിൽ പോകുമ്പോൾ കടൽ ഒരുവഴിക്ക് –ക്രിസ്തീയതയുടെ വഴിയിൽ– ഒഴുകുന്നു. പുറത്തിറങ്ങുമ്പോൾ മറ്റൊരു വഴിക്കാണ് ഒഴുക്ക്. അവൻ രണ്ടിനും ഇടയിൽപ്പെട്ട് 'ഇരുകടൽ കൂടിയോരു'സ്ഥലത്താണു ജീവിക്കുന്നത്! ഇതിനെക്കാൾ പരിതാപകരമായ മറ്റൊരു കാര്യമുണ്ട്. പുറത്തെ ഒഴുക്ക് സഭയിലും കടന്നു വരുന്നു! ഫലം?





സഭാംഗങ്ങൾക്കിടയിൽപോലും ആശയക്കുഴപ്പം.

ആധുനിക മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം ആശയക്കുഴപ്പമാണ്. തങ്ങളുടെ മാനസിക,വൈകാരിക, ആത്മിക, ആശയക്കുഴപ്പങ്ങളുടെ ഫലം ശാരീരിക ക്ലേശങ്ങളായി മാറിയവരെക്കൊണ്ട് ഇന്ന് ആശുപത്രികളും മന:ശാസ്ത്ര ക്ലിനിക്കുകളും നിറഞ്ഞിരിക്കുന്നു. 'ഇരുകടൽ കൂടിയ' അവസ്ഥയുടെ ബലിയാടുകൾ!

രണ്ടു പരസ്പര വിരുദ്ധ പ്രവാഹങ്ങൾക്കിടയിൽ പെടുന്നത് നാശകരമാണ്. പക്ഷേ നാം മുകളിൽ പറഞ്ഞ കപ്പൽച്ചേതത്തിൽ തുടർന്നു സംഭവിച്ചതാണു കൂടുതൽ വിനാശകരം. "ഇരുകടൽ കൂടിയോരു സ്ഥലത്തു ചെന്നു കയറുകയാൽ കപ്പൽ അടിഞ്ഞ് അണിയം ഉറച്ച് ഇളക്കമില്ലാതെയായി. അമരം തിരിയുടെ ആഘാതത്താൽ ഉടഞ്ഞുപോയി''. ആധുനിക മനുഷ്യന്റെ മുന്നോട്ടുള്ള ഗതിയിൽ പിടിവാശികളിൽ, സ്വന്ത ചിന്തകളിൽ, അവൻ ഉറച്ചുപോയാൽ അവന്റെ ജീവിതം തകർന്നുപോകും. എന്നാൽ യേശു നിന്റെ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ ഉണ്ടെങ്കിൽ, നിന്റെ വിധേയത്വത്തിന്റെ കേന്ദ്രം യേശുവിന്റെ മുമ്പാകെയുള്ള കീഴടങ്ങലാണെങ്കിൽ വ്യത്യസ്തപ്രവാഹങ്ങൾക്കിടയിൽ ചെന്നുപെട്ടാലും നീ തകർന്നു പോകുകയില്ല.

യേശുക്രിസ്തുവിന്റെ മുൻപാകെയുള്ള കീഴടങ്ങൽ നിങ്ങൾക്കു സ്ഥിരവും അതേസമയം അസ്ഥിരവും, നിശ്ചലവും അതേസമയം ചലനാത്മകവുമായ ഒരു വ്യക്തിത്വം നൽകും. അവിടുന്നു ചരിത്രത്തിൽ സ്ഥിരമായി നില്ക്കുന്നു. അതേസമയം അവിടുന്നു ചലനാത്മകതയോടെ ചരിത്രത്തിനു മുന്നോട്ടുപോയിരിക്കുന്നു. നിങ്ങൾ ക്രിസ്തുവിനുള്ളവനാണെങ്കിൽ നിങ്ങൾ വെളിപ്പാടുകളുള്ളവനാണ്. നിങ്ങൾ ക്രിസ്തുവിനെ കൂടുതൽ കാണുന്തോറും കൂടുതൽ കാണുവാനുണ്ടെന്നു നിങ്ങൾക്കു ബോധ്യപ്പെടും. നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. എന്നാൽ ഇനിയും മുന്നോട്ടു പോകാനുണ്ടെന്നും നിങ്ങൾക്കു ബോധ്യമുണ്ട്. മുന്നോട്ടുള്ള യാത്രയിൽ സാഹസികതയുണ്ട്. കണ്ടെത്തലുണ്ട്. അത്ഭുതങ്ങളുണ്ട്. അവിടുന്ന് ഒരിക്കലും 'പഴഞ്ച'നല്ല. നിങ്ങൾക്കു കാലഹരണമില്ല. നിത്യമായി പുതുക്കപ്പെട്ടവനാണു നിങ്ങൾ.

പറഞ്ഞുവന്നതെല്ലാം ഇങ്ങനെ സംഗ്രഹിക്കാം: സ്വയസമർപ്പണം പ്രായോഗികമാണോ? നിഷേധാത്മകമായി പറഞ്ഞാൽ മറ്റൊന്നും ഇത്രത്തോളം പ്രായോഗികമല്ല. ദൈവത്തിൽ കുറഞ്ഞ ഒന്നിനോടെങ്കിലും നിങ്ങൾ ചേർന്നു നിന്നാൽ, സംശയമില്ല. അതു നിങ്ങളെ നിരാശപ്പെടുത്തും. ക്രിയാത്മകമായി പറഞ്ഞാൽ സ്വയം കീഴടങ്ങലാണ് ഏറ്റവും സ്വാതന്ത്ര്യം തരുന്നത്. അതു ലോകത്തിലുള്ള ഏവർക്കും സാധ്യമാണുതാനും. അതിനായി നിങ്ങൾ ഈ ഗ്രൂപ്പിലോ ആ ഗ്രൂപ്പിലോ അംഗമായിരിക്കേണ്ട. നന്മയുടെ ഏതെങ്കിലും ഒരു ഉന്നതപദവിയിലെത്തേണ്ട. വിദ്യാഭ്യാസമോ ധനമോ സാംസ്കാരിക പാശ്ചാത്തലമോ പ്രായമോ വർണമോ വർഗ്ഗമോ ഒന്നും അതിനൊരു തടസ്സമല്ല. നിങ്ങൾ ചെയ്യേണ്ട ഒരേ ഒരു കാര്യം, നിങ്ങളെത്തന്നെ നൽകുവാൻ മനസ്സുവയ്ക്കുക എന്നതാണ്. ആ ഉപദേശത്തിലോ ഈ ഉപദേശത്തിലോ വിശ്വസിക്കേണ്ട. നിങ്ങൾ അവിടുത്തേതു മാത്രമായാൽ മതി.

സ്വയംസമർപ്പണം പ്രായോഗികമാണ്. നിങ്ങൾ എത്രത്തോളം പ്രായോഗികമാക്കുമോ, ആ അളവിൽ മാത്രം. മറ്റൊന്നും സഹായിക്കുകയില്ല.

(അവസാനിച്ചു)

സഹോദരൻ സ്നേഹിതനയച്ച കത്തുകൾ -IV

# ദൈവത്താൽ ഹൃദയത്തെ നിറയ്ക്കുക

പ്രിയ സുഹൃത്തേ,

ദൈവസാന്നിധ്യബോധത്തെക്കുറിച്ച് ഞാനെഴുതിയ കത്തുകൾക്കു മറുപടിയായി താങ്കൾ അയച്ച എഴുത്തിനു നന്ദി. പക്ഷേ ആ എഴുത്തു മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ രണ്ടു കാര്യങ്ങൾ എന്നെ സ്പർശിച്ചു. ഒന്ന്: താങ്കളുടെ സത്യസന്ധത. രണ്ട്: താങ്കളുടെ നിരാശതാബോധം. ഇതിൽ ഒന്നാമത്തേതു ഞാൻ അങ്ങേയറ്റം വിലമതിക്കുന്നു. എന്നാൽ രണ്ടാമത്തേതിന്, നിരാശതാബോധത്തിന്, ഒട്ടും കാരണമില്ലെന്നു പറയുവാൻ ദയവായി എന്നെ അനുവദിക്കുക.

ദൈനംദിനജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പലപ്പോഴും ദൈവസാന്നിധ്യബോധത്തിൽ ജീവിക്കാൻ കഴിയുന്നില്ല എന്നു തികഞ്ഞ സത്യസന്ധതയോടെ താങ്കൾ സമ്മതിച്ചല്ലോ. ഇത് ഒരു നല്ല ലക്ഷണമായി ഞാൻ കാണുന്നു.

ഒരാളിൽ സത്യസന്ധതയുണ്ടെങ്കിൽ മാത്രമേ ദൈവത്തിന് ആ ആളിൽ പ്രവർത്തിക്കുവാൻ ഒരു ഇടമുള്ളൂ എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അല്ലെങ്കിൽ നോക്കുക:കർത്താവിനെ കണ്ടുമുട്ടുന്ന ആദ്യസന്ദർഭത്തിൽ-നമ്മുടെ ഒരു പ്രയോഗം കടമെടുത്തു പറഞ്ഞാൽ ഒരുവൻ മാനസാന്തരപ്പെടുമ്പോൾ-അവൻ ആദ്യം പറയുന്നതെന്താണ്? "കർത്താവേ, ഞാൻ ഒരു പാപിയാണെന്നു സമ്മതിക്കുന്നു" എന്നല്ലേ?. വാസ്തവത്തിൽ അവനെ സംബന്ധിച്ചിടത്തോളം അപ്പോൾ ഏറ്റവും സത്യസന്ധമായ പ്രസ്താവനയാണത്. ആ സത്യസന്ധതയുടെ മേലാണു പരിശുദ്ധാത്മാവു തുടർന്നു പ്രവർത്തിക്കുന്നതും അവനെ ഒരു ദൈവപൈതലാക്കിത്തീർക്കുന്നതും. (സ്വന്തപാപാവസ്ഥയെക്കുറിച്ച് ആഴമായ ബോധ്യമുണ്ടായാൽ ഒരുവൻ' കർത്താവേ, ഞാൻ പാപിയായ മനുഷൻ ആകയാൽ എന്നെ വിട്ടുപോകണമേ' എന്നു പത്രോസിനെപ്പോലെ അപേക്ഷിച്ചെന്നു വരാം. എന്നാൽ ആ ഏറ്റുപറച്ചിലിലെ ആദ്യഭാഗത്തെ സത്യസന്ധത അംഗീകരിച്ചശേഷം രണ്ടാംഭാഗത്തെ അപേക്ഷസ്വീകരിക്കാതെ പത്രോസിന്റെ കാര്യത്തിലെന്നപോലെ കർത്താവ് അവനോട് കൂടുതൽ അടുത്തു ചെല്ലുകയാണു ചെയ്യുന്നത്. ലൂക്കോസ് 5:1-10).

സുഹൃത്തേ, ഞാൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: താങ്കളുടെ സത്യസന്ധത അങ്ങേയറ്റം വിലപ്പെട്ടതാണ്. ദൈവത്തിനു താങ്കളിൽ പ്രവർത്തിക്കാൻ ഇടയുണ്ടാകേണ്ടതിന് തുടർന്നും ഈ സത്യസന്ധതയിൽ നിലനിൽക്കുക.

പക്ഷേ കത്തിലെ നിരാശതാബോധം എന്തിന്? ഉവ്വ്, ആഗ്രഹിക്കുന്നതുപോലെ ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയുന്നില്ല എന്നതാണു താങ്കളെ നിരാശതയിലേക്കു നയിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതിൽ ഒരു വശത്ത് എനിക്ക് സന്തോഷമുണ്ട്.





അതെ, സന്തോഷമുണ്ട്. എന്താണു സന്തോഷത്തിനു കാരണം? ദൈവസാന്നിധ്യത്തെ തീവ്രമായി താങ്കൾ വാഞ്ഛിക്കുന്നു എന്നതാണ് എന്നെ സന്തോഷിപ്പിക്കുന്നത്. എന്നാൽ അതു സാധിക്കാതെ വരുമ്പോൾ താങ്കൾ നിരാശപ്പെടുകയാണെങ്കിൽ അത് എന്താണു കാണിക്കുന്നത്? താങ്കളുടെ സ്വന്തപരിശ്രമംമൂലമാണു ദൈവസാന്നിധ്യബോധം ലഭ്യമാകുന്നുവെന്നു താങ്കൾ വിശ്വസിക്കുന്നുവെന്നല്ലേ? നമുക്കറിയാം ക്രിസ്തീയജീവിതം തുടക്കം മുതൽ ഒടുക്കം വരെ ദൈവത്തിന്റെ കൃപമാത്രമാണ്. അങ്ങനെയെങ്കിൽ ഏതെങ്കിലും ഒരനുഗ്രഹം സ്വന്തപരിശ്രമം മൂലമാണു ലഭ്യമാകുന്നതെന്നു താങ്കൾ അബോധപൂർവമെങ്കിലും ചിന്തിച്ചാൽ അതുമൂലം ദൈവകൃപയെ കുറച്ചുകാണുകയല്ലേ ചെയ്യുന്നത്? താങ്കളുടെ നിരാശതാബോധത്തിന്റെ മൂലകാരണം ഇവിടെയാണു കിടക്കുന്നത്.

സുഹൃത്തേ, ദൈവസാന്നിധ്യബോധത്തിന്റെ നിറവ് ദൈവത്തിന്റെ ദാനമാണെന്നു കാണുക. അങ്ങനെ വരുമ്പോൾ നിരാശതാബോധത്തിനു പിന്നെ കാരണമില്ലല്ലോ. ഇക്കാര്യം കാണത്തക്കവണ്ണം താങ്കളുടെ ഹൃദയദൃഷ്ടിപ്രകാശിപ്പിച്ചുതരുവാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുകയാണ്.

"അങ്ങനെയെങ്കിൽ ഇക്കാര്യത്തിൽ ഞാൻ ഒന്നും ചെയ്യേണ്ടേ? എനിക്കൊരുപങ്കും ഇല്ലേ?" എന്നിങ്ങനെ താങ്കൾ ചോദിച്ചേക്കാം. ഉവ്വ്, താങ്കൾ ഒരു കാര്യം ഉറപ്പുവരുത്തേണ്ടതുണ്ടെന്നു പറയുവാൻ ദയവായി എന്നെ അനുവദിക്കുക. അതിതാണ്: ദൈവത്തിന്റെ സാന്നിധ്യം യഥാർത്ഥത്തിൽ അനുഭവപ്പെടണമെന്നുണ്ടെങ്കിൽ മറ്റെല്ലാറ്റിൽ നിന്നും നമ്മുടെ ഹൃദയം ഒഴിവായിരിക്കേണ്ടതുണ്ട്. ദൈവസാന്നിധ്യവും പണത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള അഭിലാഷവും ഒന്നിച്ചു പോകുകയില്ല. ദൈവസാന്നിധ്യവും സുഖം, വിജയം, അഭിമാനം എന്നിവയോടുള്ള സ്നേഹവും സഹവസിക്കുകയില്ല.

> **ദൈവത്തിന്റെ സാന്നിധ്യം യഥാർത്ഥത്തിൽ അനുഭവപ്പെടണമെന്നുണ്ടെങ്കിൽ മറ്റെല്ലാറ്റിൽ നിന്നും നമ്മുടെ ഹൃദയം ഒഴിവായിരിക്കേണ്ടതുണ്ട്. ദൈവസാന്നിധ്യവും പണത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള അഭിലാഷവും ഒന്നിച്ചു പോകുകയില്ല. ദൈവസാന്നിധ്യവും സുഖം, വിജയം, അഭിമാനം എന്നിവയോടുള്ള സ്നേഹവും സഹവസിക്കുകയില്ല.**

ഞാൻ പറഞ്ഞതിന്റെ അർത്ഥം കഴിവുകളും പണവും ഇല്ലാത്തവർക്കു മാത്രമേ ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയൂ എന്നല്ല. ഞാൻ പറയുന്നതിന്റെ സാരം ഇതാണ്: നമ്മുടെ വാഞ്ഛ പ്രഥമമായും പ്രധാനമായും അവിടുത്തോട് ആയിരിക്കണം. നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കുവാൻ ദൈവം അനുവദിച്ച മറ്റെല്ലാറ്റിനും അതതിന്റെ സ്ഥാനം മാത്രമേ ഉണ്ടായിരിക്കാവൂ.

മറ്റാരെയെങ്കിലും കൊണ്ടോ മറ്റെന്തെങ്കിലും കൊണ്ടോ നമ്മുടെ ഹൃദയം നിറഞ്ഞിരുന്നാൽ ഒന്നാമത് അത് ശൂന്യമാക്കാതെ തന്റെ സാന്നിധ്യംകൊണ്ടു നമ്മുടെ ഹൃദയത്തെ നിറയ്ക്കുവാൻ അവിടുത്തേക്കു കഴിയുന്നതെങ്ങനെ? അതു പോലെ ഹൃദയത്തിന്റെ എല്ലാ മുറികളും തനിക്കുവേണ്ടി തുറന്നുകൊടുത്തില്ലെങ്കിൽ നമ്മുടെ ഹൃദയത്തിൽ അവിടുത്തേക്കു ഇഷ്ടമുള്ളത് ഇഷ്ടമുള്ളതുപോലെ ചെയ്യാൻ ദൈവ

ത്തിനു സാധിക്കുമോ?

ഈ പറഞ്ഞത് വരണ്ട, നിഷേധാത്മകമായ, പ്രയാസമുള്ള ഒരു കാര്യമല്ല. ഇത് എല്ലാ സന്തോഷങ്ങളുടേയും അന്ത്യമല്ല മറിച്ച് യഥാർത്ഥത്തിലുള്ള ആരംഭമാണ്. ദൈവത്തോടുള്ള നിരന്തരമായ സംസർഗ്ഗത്തിൽ ചെലവഴിക്കുന്ന ജീവിതത്തെക്കാൾ സന്തോഷഭരിതവും തൃപ്തികരവുമായ മറ്റൊരു ജീവിതമില്ല. അത് അനുഭവിച്ചിട്ടുള്ളവർ അങ്ങനെ സാക്ഷ്യപ്പെടുത്തും. പക്ഷേ ഞാനിവിടെ ഒരു മുന്നറിയിപ്പു തരട്ടെ: ഈ സന്തോഷവും സുഖവും കിട്ടാൻ വേണ്ടിയല്ല ദൈവസാന്നിധ്യബോധത്തിനായി വാഞ്ഛിക്കേണ്ടത്. സന്തോഷവും തൃപ്തിയുമല്ല നാം അന്വേഷിക്കുന്നത്. മറിച്ച് ദൈവത്തെ തന്നെയാണ്. അവിടുത്തോടൊപ്പം ആയിരിക്കാൻ നാം കൊതിക്കുന്നത് തന്നെ നാം സ്നേഹിക്കുന്നതുകൊണ്ടാണ്. അല്ലാതെ തന്നോട് അടുത്തിരിക്കുന്നവർക്ക് അവിടുന്നു നല്ല കാര്യങ്ങൾ തരും എന്നതുകൊണ്ടല്ല.

ദൈവത്തിന്റെ കൃപയും സഹായവും നമുക്ക് എത്രത്തോളം ആവശ്യമുണ്ടെന്നത് ഒരു മാത്രയെങ്കിലും നാം കണ്ടിരുന്നെങ്കിൽ അവിടുത്തോടുള്ള ബന്ധം ഒരു നിമിഷമെങ്കിലും നഷ്ടപ്പെടുത്തുവാൻ നാം തയ്യാറാകുമായിരുന്നില്ല. അവിടുത്തെകൂടാതെ നമുക്കു ഒരു വട്ടം ശ്വാസം എടുക്കുവാനോ ചെറുവിരലെങ്കിലും ഉയർത്തുവാനോ കഴിയുകയില്ലല്ലോ. അങ്ങനെയെങ്കിൽ ആത്മീയപോരാട്ടങ്ങൾ ജയിക്കുവാനും ശത്രുവായവന്റെ തന്ത്രങ്ങളുടേയും തിന്മകളുടേയും മേൽ ജയാളിയാകുവാനും കർത്താവിനെ നമുക്ക് എത്രമാത്രം ആവശ്യമുണ്ട്! അതുകൊണ്ട് ഒരു നിമിഷം പോലും നമുക്ക് തന്നെ മറക്കാതിരിക്കാം. ദൈവസാന്നിധ്യബോധത്തിൽ നിന്നു മാറി നില്ക്കാതിരിക്കാം.

*കത്തു നീണ്ടുപോയി. നിറുത്തട്ടെ. ശേഷം അടുത്തതിൽ*

**സ്നേഹാദരങ്ങളോടെ**
**ക്രിസ്തുവിൽ സഹോദരൻ**


വായിക്കുക! വരിക്കാരാകുക!!

**ജീവമൊഴികൾ: മൗലികസത്യങ്ങൾ, മൂല്യമുള്ളജീവിതത്തിന്**



നിങ്ങളുടെ സ്നേഹിതരുടേയും ബന്ധുക്കളുടേയും വിലാസം അയച്ചു തന്നാൽ മൂന്നുമാസം ജീവമൊഴികൾ അവർക്കു സൗജന്യമായി അയച്ചു കൊടുക്കുന്നതാണ്.

**വാർഷിക വരിസംഖ്യ 80 രൂപ മാത്രം**

**ബന്ധപ്പെടുക:**

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ, കോട്ടയം 686 016.








# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

**അദ്ധ്യായം–4**

**കഴിഞ്ഞലക്കത്തിൽ**

**അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തുടർന്നു വായിക്കുക..**

**ബ്രോ**ഡ്‌വേയിൽ പാർക്കു ചെയ്തിട്ടിരുന്ന കാറിൽ ഞാൻ മടങ്ങിയെത്തിയപ്പോൾ മിൽസ് ആശ്വാസനിശ്വാസം ഉതിർത്തു:

“താങ്കൾ കൊലചെയ്യപ്പെട്ട് താങ്കളുടേതായ ഒരു കൊലക്കേസ് വിചാരണയിൽ പങ്കാളിയായിപ്പോയോ എന്നു ഞാൻ കുറച്ചൊന്നുമല്ല പേടിച്ചത്”!

ന്യൂയോർക്കിൽ കാലുകുത്തി ഒരു മണിക്കൂറിനുള്ളിൽ രണ്ട് തെമ്മാടി സംഘങ്ങളെ കണ്ടുമുട്ടിയ കാര്യം പറഞ്ഞപ്പോൾ എനിക്കുണ്ടായ അതേ വിസ്മയകരമായ ചിന്ത തന്നെ മിൽസിനും ഉണ്ടായി–:

“താങ്കളെ കോടതിയിൽ നിന്നു പുറത്തേക്കെറിയുകയും അതിന്റെ പടം പത്രങ്ങളിലെല്ലാം വരികയും ചെയ്തതുകൊണ്ടാണ് ഇവരെ കണ്ടുമുട്ടാൻ അവസരം ഉണ്ടായത്. ഇല്ലെങ്കിൽ ഒരിക്കലും അതു കഴിയുമായിരുന്നില്ല”

ഞങ്ങൾ നേരേ കാറോടിച്ച് നഗരഹൃദയത്തിലേക്കു പോയി. ഇക്കുറി

ഡിസ്ട്രിക്ട് അറ്റോർണിയുടെ ഓഫിസിൽ ഞങ്ങൾ നേരിട്ടു ചെന്നു. അവിടെ ഹൃദ്യമായ സ്വീകരണം ലഭിക്കും എന്ന തെറ്റിദ്ധാരണ കൊണ്ടൊന്നും ആയിരുന്നില്ല. മറിച്ച് ജയിലിൽ കഴിയുന്ന ആ ഏഴു കുട്ടികളുടെ അടുത്തേക്കുള്ള പാത ആ ഓഫീസിൽ കൂടിയായിരുന്നു എന്നതു കൊണ്ടാണത്.

“ആ കുട്ടികളെ കാണുന്നതിന് ആവശ്യപ്പെടുന്നത് അവരുടെ നന്മ മാത്രം ഉദ്ദേശിച്ചാണെന്നും അല്ലാതെ എനിക്കു മറ്റൊരു ഉദ്ദേശ്യവുമില്ലെന്നും നിങ്ങളെ എങ്ങനെയെങ്കിലും ബോധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു” ഞാൻ അവരോടു തുറന്നു പറഞ്ഞു.

“റവറന്റ്, നിങ്ങൾ പറയുന്ന ഓരോ വാക്കും നിങ്ങളുടെ ബൈബിളിൽ നിന്നു നേരിട്ടു വരുന്നതാണെങ്കിൽ കൂടി അവരെ കാണാൻ നിങ്ങളെ അനുവദിക്കാൻ ഞങ്ങൾക്കാവില്ല. ജഡ്ജി ഡേവിഡ്സണിന്റെ അനുമതി കൂടാതെ നിങ്ങൾക്ക് ഈ കുട്ടികളെ കാണണമെങ്കിൽ അവരുടെ രക്ഷാകർത്താക്കളിൽ നിന്നെല്ലാം ഒപ്പിട്ട അനുവാദപത്രം ലഭിക്കണം”.

ഇവിടെയിതാ മറ്റൊരു സാധ്യതയുടെ വാതിൽ തുറക്കുന്നു!

‘‘എങ്കിൽ രക്ഷാകർത്താക്കളുടെ പേരും വിലാസവും എനിക്കു തരാമോ?”

“ക്ഷമിക്കണം. ഞങ്ങൾക്കതിന് സ്വാതന്ത്ര്യമില്ല.”

ഞങ്ങൾ വീണ്ടും തെരുവിലേക്ക്. ഇനി എന്തു ചെയ്യും?.

ഞാൻ കീശയിൽ നിന്നും ലൈഫ് മാസികയുടെ ചീന്തിയെടുത്ത പേജ് കൈയിലെടുത്തു. ആ കുട്ടിസംഘത്തിന്റെ തലവന്റെ പേര് ലേഖനത്തിലുണ്ടായിരുന്നു: ലൂയിസ് അൽവാരെസ്. മിൽസിനെ കാറിലിരുത്തിയിട്ട് ഞാൻ അടുത്തു കണ്ട മിഠായികടയിൽ കയറി. കൈയിലുണ്ടായിരുന്ന അവസാനത്തെ നോട്ടായ അഞ്ചുഡോളർ കൊടുത്തു ചില്ലറ നാണയങ്ങൾ വാങ്ങി. ടെലിഫോൺഡയറക്ടി എടുത്ത് അൽവാരെസ് എന്നു പേരുള്ള ഒരോരുത്തരെയായി നാണയം ഇട്ടു വിളിക്കാൻ തുടങ്ങി. മാൻഹാട്ടനിൽതന്നെ ഇരുനൂറോളം അൽവാരെസുമാരുണ്ട്.

“മൈക്കൽ ഫാർമർ കേസിലുൾപ്പെട്ട ലൂയിസ് അൽവാരെസിന്റെ വീടാണോ ഇത്?” ഞാൻ ചോദിക്കും.

മുറിപ്പെട്ടതുപോലെയുള്ള നിശ്ശബ്ദത. ദേഷ്യത്തോടെയുള്ള വാക്കുകൾ. ചെവിപൊട്ടും വിധം റിസീവർ വയ്ക്കുന്നതിന്റെ ഒച്ച. നാല്പതു നാണയങ്ങൾ ഞാനുപയോഗിച്ചു. ഒടുവിൽ ഈ നിലയിൽ കുട്ടികളെ കണ്ടെത്താനാവില്ലെന്നു വ്യക്തമായി.

ഞാൻ പുറത്തിറങ്ങി മിൽസിനെ കാറിൽ സന്ധിച്ചു. ഞങ്ങൾ ഇരുവരും നിരാശപ്പെട്ടുപോയി. ഇനി എന്തു ചെയ്യണമെന്നു ഞങ്ങൾക്കൊരു ഊഹവുമില്ല. മാൻഹാട്ടനിലെ അംബരചുംബികളായ കെട്ടിടങ്ങൾക്കുകീഴെ കാറിൽ ഒരു എത്തുംപിടിയും കിട്ടാതെ ഇരിക്കുമ്പോൾ ഞാൻ പ്രാർത്ഥനയ്ക്കായി തലവണക്കി:“കർത്താവേ, അവിടുത്തെ ഹിതാനുസരണമാണ് ഞങ്ങൾ ഇവിടെ എത്തിയിരിക്കുന്നെങ്കിൽ നീ ഞങ്ങളെ നയിക്കുക. ഞങ്ങളുടെ എളിയ ആശയങ്ങളുടെ നെല്ലിപ്പലകയിൽ ഞങ്ങൾ എത്തിയിരിക്കുന്നു. എങ്ങോട്ടു പോകണമെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പോകേണ്ടിടത്തേക്കു ഞങ്ങളെ നയിച്ചാലും”.

തുടർന്ന് ഞങ്ങൾ ലക്ഷ്യമില്ലാതെ, കാർ എങ്ങോട്ടു പോയോ അങ്ങോട്ടു വണ്ടിയോടിച്ചു-നഗരത്തിന്റെ വടക്കേദിശയിലേക്കാണു പോയത്. ടൈംസ്ക്വയറിലെ ഒരു വലിയ ‘ട്രാഫിക്ജാമി’ൽ പെട്ടുപോയി. ഒടുവിൽ അതിൽ നിന്ന് ഒരു വിധത്തിൽ അഴിഞ്ഞുവന്നപ്പോൾ





സെൻട്രൽ പാർക്കിൽ വഴിതെറ്റി. കുറേ ഓടിച്ചപ്പോഴാണു മനസ്സിലായത് ആ സർക്കിളിനുചുറ്റും ഞങ്ങൾ വട്ടത്തിൽ വണ്ടി ഓടിച്ചു പോവുകയാണെന്ന്. ഒടുവിൽആ വൃത്തത്തിൽ നിന്നു ഞങ്ങൾ വല്ലവിധേനയും പുറത്തുകടന്നു. ഞങ്ങൾ ചെന്നിറങ്ങിയത് ഒരു സ്പാനിഷ് കോളനിയുടെ ഹൃദയത്തിലേക്കാണ്. പൊടുന്നനെ കാറിൽ നിന്ന് പുറത്തിറങ്ങാൻ ഉള്ളിൽ അദമ്യമായ ആഗ്രഹം.

‘‘നമുക്കൊരു പാർക്കിംഗ് സ്ഥലം നോക്കാം” ഞാൻ മിൽസിനോടു പറഞ്ഞു.

ആദ്യം കണ്ട ഒഴിവുള്ള സ്ഥലത്തു വണ്ടി നിർത്തി. ഞാനിറങ്ങി തെരുവിലേക്കു ചില ചുവടുകൾ വച്ചു. പെട്ടെന്ന് ആശയക്കുഴപ്പം മൂലം ഞാൻനിന്നുപോയി. കാരണം ഉള്ളിലെ ആ തോന്നൽ ഇല്ലാതായിരിക്കുന്നു! അവിടെ ഒരു എടുപ്പിൽ സംഘം ചേർന്നിരുന്ന ഒരു കൂട്ടം കുട്ടികളോടു ഞാൻ ചോദിച്ചു:‘‘എവിടെയാണ് ലൂയിസ് അൽവാരെസ് താമസിക്കുന്നത്?”

എന്നെ അമ്പരപ്പോടെ തുറിച്ചു നോക്കിയതല്ലാതെ കുട്ടികൾ ഒന്നും മിണ്ടിയില്ല. ഞാൻ ലക്ഷ്യമില്ലാതെ മെല്ലെ നടന്നു.

നിമിഷങ്ങൾകഴിഞ്ഞില്ല, എന്റെ പിന്നാലെ ഒരു നീഗ്രോബാലൻ ഓടി വന്നു.

“നിങ്ങൾ ലൂയിസ് അൽവാരെസിനെയാണോ അന്വേഷിക്കുന്നത്?”

“അതേ”

അപരിചിതഭാവത്തോടെ അവനെന്നെ നോക്കി “ആ മുടന്തൻ കുട്ടിയെ പ്രതി ജയിലിലായവൻ?”

“അതെ, നിനക്കവനെ അറിയാമോ?”

അവൻ അപ്പോഴും എന്നെ തുറിച്ചു നോക്കിനില്പാണ് “അതു നിങ്ങളുടെ കാറാണോ?”

സത്യത്തിൽ തുരുതുരായുള്ള ചോദ്യങ്ങൾ കൊണ്ടു ഞാൻ തെല്ലുസഹികെട്ടു: ‘‘അതെ എന്റെ കാറാണ്. എന്താ കാര്യം?”

അവൻ തോളു കുലുക്കി:‘‘മിസ്റ്റർ, നിങ്ങൾ ലൂയിസ് അൽവാരെസിന്റെ വീടിനു നേരേ മുൻപിലാണു വണ്ടി പാർക്കുചെയ്തിരിക്കുന്നത്.”

എന്റെ ഹൃദയം കുതിച്ചുയർന്നു. കാർ പാർക്കുചെയ്തതിന്റെ മുന്നിലെ ആ പഴയഫ്ളാറ്റിനുനേരേ വിരൽ ചൂണ്ടി. “അവൻ അവിടെയാണോ ജീവിക്കുന്നത്?” എന്റെ ചോദ്യം ഒരു അടക്കം പറച്ചിൽ പോലെയായിരുന്നു.

ആ ബാലൻ തലയാട്ടി. പ്രാർത്ഥനകൾക്കു മറുപടി ലഭിക്കാതിരിക്കുമ്പോൾ ഞാൻ ചിലപ്പോൾ ദൈവത്തെ ചോദ്യം ചെയ്യാറുണ്ട്. എന്നാൽ ഉത്തരം ലഭിക്കുന്ന പ്രാർത്ഥനകളാണു വിശ്വസിക്കാൻ കൂടുതൽ പ്രയാസം. ‘നയിച്ചാലും’ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു. അവിടുന്നുനേരേ ലൂയിസ് അൽവാരെസിന്റെ പടിവാതില്ക്കൽ ഞങ്ങളെ എത്തിച്ചിരിക്കുന്നു.

“നന്ദി കർത്താവേ” എന്റെ ശബ്ദം ഇത്തിരി ഉറക്കെയായിപ്പോയി.

“നിങ്ങൾ എന്താ പറഞ്ഞത്?”

‘‘നന്ദി’’ ഞാൻ കുട്ടിക്കുനേരേ തിരിഞ്ഞു“വളരെ വളരെ നന്ദി.”

ഫ്ളാറ്റിനു മുന്നിലെ എഴുത്തുപെട്ടിയിൽ അൽവാരെസ് എന്ന പേരുണ്ടായിരുന്നു. ആ കെട്ടിടത്തിലെ മൂന്നാം നിലയിലാണ് വീട്. ഞാൻ കോവേണിപ്പടികൾ ഓടിക്കയറി. മൂന്നാം നിലയുടെ ഇടനാഴിയിൽ ഇരുട്ടായിരുന്നു. മൂത്രത്തിന്റേയും പൊടിയുടേയും രൂക്ഷഗന്ധം. തകരപ്പാളികൾ കൊണ്ടു തിരിച്ച മുറികൾ.

വടിവൊത്ത അക്ഷരത്തിൽ അൽവാരസ് എന്നെഴുതി വച്ചിരുന്ന ഒരു വാതിലിനു മുന്നിൽ ചെന്നു ഞാൻ വിളിച്ചു “മിസ്റ്റർ അൽവാരെസ്”.

അകത്തുനിന്ന് ആരോ സ്പാനീഷ് ഭാഷയിൽ എന്തോ പറഞ്ഞു. ഉള്ളി

ലേക്കു ചെല്ലുവാനുള്ള ഒരു ക്ഷണമാണതെന്നു കരുതി ഞാൻ മെല്ലെ വാതിലൊന്നു തള്ളിനോക്കി. ഒരടിയോളം തുറന്ന വാതിൽപ്പാളിക്കിടയിലൂടെ ഞാൻ നോക്കിയപ്പോൾ ഇരുണ്ട നിറമുള്ള ഒരു മെലിഞ്ഞ മനുഷ്യൻ കൈയിൽ ഒരു കൊന്തയുമായി ഒരു വലിയചുവന്ന കസേരയിൽ ഇരിക്കുകയാണ്. താടിവച്ച അയാൾ തല പൊക്കി നോക്കിയപ്പോൾ ആ മുഖം പ്രകാശിച്ചു.

"നീ, ഡേവീ" വളരെ സാവധാനമാണയാൾ സംസാരിച്ചത് "നീ ആ ഉപദേശിയല്ലേ? പൊലീസുകാർ നിന്നെ പുറത്തു തള്ളി".

"അതേ" ഞാൻ അടുത്തു ചെന്നു. അൽവാരെസ് എഴുന്നേറ്റു.

"നീ വരണമെന്നു ഞാൻ പ്രാർത്ഥിച്ചു. നീ എന്റെ കുട്ടിയെ സഹായിക്കും" അയാൾ പറഞ്ഞു.

''എന്റേയും ആഗ്രഹം അതാണ് അൽവാരെസ്. പക്ഷേ അവർ ലൂയിസിനെ കാണാൻ എന്നെ അനുവദിക്കുന്നില്ല. താങ്കളിൽ നിന്നും മറ്റു രക്ഷിതാക്കളിൽ നിന്നും രേഖാമൂലമായി അനുമതി പത്രം ഉണ്ടായാലേ അവർ കുട്ടികളെ കാണാൻ സമ്മതിക്കൂ".

"അതു ഞാൻ തരാം" അടുക്കളയുടെ അലമാരിയിൽ നിന്ന് അൽവാരെസ് ഒരു കടലാസും പെൻസിലും തപ്പിയെടുത്തു. ലൂയിസ് അൽവാരെസിനെ കാണാൻ എനിക്ക് അദ്ദേഹത്തിന്റെ അനുവാദമുണ്ടെന്നു സാവധാനം അതിൽ എഴുതി. ഒടുവിൽ കടലാസ് മടക്കി എന്റെ കൈയിലേല്പിച്ചു.

"മറ്റു കുട്ടികളുടെ മാതാപിതാക്കളുടെ പേരും മേൽവിലാസവും താങ്കളുടെ കൈയിലുണ്ടോ?"

"ഇല്ല" ലൂയിസിന്റെ പിതാവുമെല്ലെ തലചരിച്ചു "നോക്ക്. അതായിരുന്നു പ്രശ്നം. എന്റെ മകനുമായി എനിക്ക് അത്ര അടുത്ത ബന്ധം ഉണ്ടായിരുന്നില്ല. ദൈവംതമ്പുരാനാണു താങ്കളെ എന്റെ അടുത്തുകൊണ്ടുവന്നത്. ദൈവം തന്നെ താങ്കളെ മറ്റുള്ളവരുടെ അടുത്തും എത്തിക്കും".

വ്യക്തമായ ലക്ഷ്യമൊന്നുമില്ലാതെ ഒരു തെരുവോരത്തെ ഫ്ളാറ്റിനു മുന്നിൽ കാറു നിർത്തി മിനിറ്റുകൾക്കുള്ളിൽ തന്നെ എനിക്ക് ഒപ്പിട്ട് ആദ്യത്തെ സമ്മതപത്രം ലഭിച്ചിരുന്നു.! ഒരു പിതാവിന്റെ ഹൃദയം നൊന്ത പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം തന്നെ അക്ഷരാർത്ഥത്തിൽ എന്റെ കാറിന്റെ സ്റ്റിയറിങ് വീലിനെ നിയന്ത്രിച്ച് എന്നെ ഇവിടെ കൊണ്ടുവന്നതിനെക്കുറിച്ച് അത്ഭുതപ്പെട്ട് ഞാൻ അൽവാരെസിന്റെ അപ്പാർട്ടുമെന്റിൽ നിന്നിറങ്ങി. ഈ അത്ഭുതത്തിന് എന്റെ മനസ്സ് യുക്തിസഹമായ ഇങ്ങനെയൊരു വിശദീകരണം മെനഞ്ഞെടുത്തു: പത്രവാർത്തകളിൽ ഞാനെവിടെയെങ്കിലും ഈ വിലാസം കണ്ടിരിക്കാം. അതെന്റെ അബോധമനസ്സിൽ കിടന്നു എന്റെ വഴികളെ നിയന്ത്രിച്ചിരിക്കാം.

പക്ഷേ അബോധമനസ്സിലെ ഓർമയെന്നൊന്നും വിശദീകരിക്കാൻ കഴിയാത്ത മറ്റൊരു സംഭവം തുടർന്നു നടന്നു. ഫ്ളാറ്റിന്റെ ഇരുണ്ട ഇടനാഴിയിലൂടെ കോവേണിപ്പടി ഇറങ്ങി ഞാൻ താഴേക്കു വരികയാണ്. ഒരു വളവുതിരിയുമ്പോൾ എതിരേ ഓടിക്കയറിവന്ന പതിനേഴു വയസ്സു തോന്നുന്ന ഒരു കൗമാരക്കാരനുമായി ഞാൻ കൂട്ടിമുട്ടേണ്ടതായിരുന്നു. അത്രവേഗത്തിലായിരുന്നു അവന്റെ വരവ്.

"ക്ഷമിക്കണം" എന്നു മെല്ലെപ്പറഞ്ഞ് ഞാൻ നില്ക്കാതെ താഴോട്ടിറങ്ങാൻ തുടങ്ങി.

ആ കുട്ടി സംശയത്തോടെ എന്നെ നോക്കി. എന്തോ പിറുപിറുത്തു. വീണ്ടും മുന്നോട്ടോടാൻ തുനിഞ്ഞു. പക്ഷേ നടക്കുന്നതിനിടെ ഞാൻ ഒരു





ലൈറ്റിന്റെ വെളിച്ചത്തിനടിയിൽ ഇതിനകം വന്നിരുന്നു. അവൻ പൊടുന്നനെ വീണ്ടും എന്നെ നോക്കി.

"ഉപദേശി?"

ഞാൻ ഞെട്ടിത്തിരിഞ്ഞു. അവൻ ഇരുട്ടത്തുതന്നെ നിന്ന് എന്നെ സൂക്ഷിച്ചു നോക്കി ഉറപ്പുവരുത്തി.

"ലൂയിസിന്റെ വിചാരണ നടക്കുമ്പോൾ പുറത്താക്കപ്പെട്ട പുള്ളിയല്ലേ താങ്കൾ"

"അതേ, ഞാൻ ഡേവിഡ് വിൽക്കേഴ്സൺ"

ആ കുട്ടി കരം നീട്ടി. സ്വയം പരിചയപ്പെടുത്തി. "ശരി. ഞാൻ അഞ്ജലോ മൊറെയിൽസാണു റവറണ്ട്. ഞാനും ലൂയിസിന്റെ സംഘത്തിലുണ്ടായിരുന്നു. താങ്കൾ അൽവാരെസിനെ കാണാൻ വന്നതാണോ?"

''അതെ'' എനിക്കു ലൂയിസിനെ കാണാൻ അവരുടെ അനുവാദം ആവശ്യമായിവന്ന കാര്യം ഞാൻ അഞ്ജലോ മൊറെയിൽസിനോടു പറഞ്ഞു. പെട്ടെന്ന് ഞങ്ങളുടെ ഈ കണ്ടുമുട്ടൽദൈവിക നിയോഗമാണെന്ന് എനിക്കു തോന്നി. ''അഞ്ജലോ , എനിക്ക് ആ കേസിലുൾപ്പെട്ട ഓരോ കുട്ടിയുടേയും മാതാപിതാക്കളിൽ നിന്ന് അനുവാദം കിട്ടേണ്ടിയിരിക്കുന്നു. പക്ഷേ മിസ്റ്റർ അൽവാരെസിന് മറ്റുകുട്ടികൾ എവിടെയാണു താമസിക്കുന്നതെന്ന് അറിഞ്ഞുകൂടാ. പക്ഷേ നിനക്ക് അവരെ എല്ലാം അറിയാം. അല്ലേ?"

മൈക്കൽ ഫാർമർ കേസിലെ പ്രതികളായ മറ്റ് ആറു കുട്ടികളുടെ വീടുകളിലേക്കും അഞ്ജലോ ഞങ്ങളെ നയിച്ചു. ആ സ്പാനിഷ് താവളത്തിലൂടെ കാറോടിച്ചു പോകുന്നതിനിടയിൽ അഞ്ജലോ തന്നെപ്പറ്റിയും ചില കാര്യങ്ങൾ വെളിപ്പെടുത്തി. മൈക്കലിനെ 'ശരിപ്പെടുത്തിയ' ആ രാത്രിയിൽ ഒരു പല്ലുവേദന ഉണ്ടായില്ലെങ്കിൽ അവനും ആ കൂട്ടത്തിലുണ്ടാകേണ്ടതായിരുന്നു. എന്തെങ്കിലും ഒരു തമാശഒപ്പിക്കാൻ വേണ്ടിയാണ് അവർ ആ പാർക്കിൽ പോയത്. അല്ലാതെ പ്രത്യേകിച്ച് ഉദ്ദേശ്യമൊന്നും ഉണ്ടായിരുന്നില്ല. മൈക്കലിനെ കിട്ടിയില്ലായിരുന്നെങ്കിൽ അവർ 'ചുമ്മാ അടിച്ചു പിരിഞ്ഞേനേം'.

അഞ്ജലോയിൽ നിന്ന് ഞങ്ങൾ ഏറെ മനസ്സിലാക്കി. ഞങ്ങളുടെ സംശയങ്ങളിൽ പലതിനും വ്യക്തമായ മറുപടി ലഭിച്ചു. ആ സംഘത്തിൽപെട്ട കുട്ടികളെല്ലാം ഏകാകികളും അസ്വസ്ഥരും വൈരസ്യത്തിന്റെ പിടിയിൽ അമർന്നവരുമാണ്. അവർ എപ്പോഴും എന്തെങ്കിലും ഉല്ലാസത്തിനുകൊതിക്കുന്നവരും അതിനുള്ള വഴികൾ നോക്കുന്നവരുമാണ്. അവർ ഒരു കൂട്ടിനായി വാഞ്ഛിക്കുന്നവരും അത് എവിടെ ലഭിച്ചാലും സ്വീകരിക്കുന്നവരുമാണ്. കാര്യങ്ങൾ വ്യക്തമായി പറയാൻ അഞ്ജലോയ്ക്ക് ഒരു പ്രത്യേക കഴിവ് ഉണ്ടായിരുന്നു. ഉത്സാഹിയായ നല്ല ഒരു കുട്ടി. ഞങ്ങളെ സഹായിക്കാൻ ആഗ്രഹവുമുണ്ട്. മുന്നോട്ടുള്ള ഞങ്ങളുടെ പദ്ധതികൾ എങ്ങനെയായിരുന്നാലും അഞ്ജലോ മൊറെയിസുമായുള്ള ബന്ധം തുടരണമെന്നും അവനു മറ്റൊരു വഴികാട്ടിക്കൊടുക്കണമെന്നും മിൽസും ഞാനും തീരുമാനിച്ചു.

രണ്ടു മണിക്കൂറിനുള്ളിൽ ഞങ്ങൾക്ക് എല്ലാ രക്ഷാകർത്താക്കളുടേയും ഒപ്പു ലഭിച്ചു.

അഞ്ജലോയോടു ഞങ്ങൾ ഗുഡ്ബൈ പറഞ്ഞു. തുടർന്നും ബന്ധപ്പെടാമെന്നു പറഞ്ഞു വിലാസം വാങ്ങി. ഞങ്ങൾ നഗരത്തിലേക്കു തിരികെയാത്രയായി. ഞങ്ങളുടെ ഹൃദയം പാടുന്നുണ്ടായിരുന്നു. ബ്രോഡ്‌വേയിലെ ട്രാഫിക്ജാമിൽ വീണ്ടും കുരുങ്ങിയപ്പോൾ ഞങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ പാടി. കാറിന്റെ ഗ്ലാസ്സുകൾ എല്ലാം പൊക്കിവച്ച് കൊച്ചുന്നാളിൽ പഠിച്ച ക്രിസ്തീയഗാനങ്ങൾ ഞങ്ങൾ ഉറക്കെ പാടി.

പാടാതിരിക്കുന്നതെങ്ങനെ? കഴിഞ്ഞ രണ്ടു മണിക്കൂറിനുള്ളിൽ നടന്ന നിഷേധിക്കാനാവാത്ത അത്ഭുതങ്ങൾ ഞങ്ങൾക്കു പുതിയ ഉറപ്പുതന്നു-ക്രിസ്തുവിന്റെ നടത്തിപ്പുകൾ സംബന്ധിച്ച വാഗ്ദാനങ്ങളിൽ ഞങ്ങൾ നിലകൊണ്ടാൽ എല്ലായിടത്തും വാതിലുകൾ മലർക്കെ തുറക്കും.

എന്നാൽ അല്പസമയത്തിനുശേഷം വാതിലുകൾ ഞങ്ങൾക്കു മുൻപിൽ ശക്തിയോടെ അടയാൻ പോകുകയാണെന്നു നഗരഹൃദയത്തിലേക്കു പാട്ടുപാടി വന്നപ്പോൾ ഞങ്ങൾക്കു എങ്ങനെ ഊഹിക്കാൻ കഴിയും? കാരണം ഒപ്പിട്ട സമ്മതപത്രങ്ങൾക്കു പോലും ആ ഏഴു കുട്ടികളെ കാണാൻ ഞങ്ങൾക്ക് അവസരം തരാൻ കഴിഞ്ഞില്ല.

ഞങ്ങൾ ചെന്നപ്പോൾ അത്ര വേഗത്തിൽ മടങ്ങിവന്നതിൽ ഡിസ്ട്രിക്ട് അറ്റോർണി അത്ഭുതപരതന്ത്രനായി. ഏഴുപേരുടേയും സമ്മതപത്രം ഞങ്ങൾ അദ്ദേഹത്തിനു മുൻപിൽ സമർപ്പിച്ചപ്പോഴാകട്ടെ അസാധ്യമായ ഒരു കാര്യം സാധിച്ചതുപോലെയാണ് അദ്ദേഹം നോക്കിയത്. അദ്ദേഹം ഉടനെ ജയിലിൽ വിളിച്ച് കുട്ടികൾ ഞങ്ങളെ കാണാൻ തയ്യാറാണെങ്കിൽ എത്രയും വേഗത്തിൽ തന്നെ ഞങ്ങളെ ജയിലിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഞങ്ങളുടെ വഴിയിൽ അപ്രതീക്ഷിതമായ തടസ്സം നേരിട്ടത് ജയിലിൽനിന്നു തന്നെയാണ്. അതു കുട്ടികളുടേയോ ഉദ്യോഗസ്ഥരുടേയോ ഭാഗത്തു നിന്നായിരുന്നില്ല. മറിച്ച് സഹപ്രവർത്തകനായ ഒരു സുവിശേഷകനിൽ നിന്നായിരുന്നു! കുട്ടികളുടെ ചുമതലയുണ്ടായിരുന്ന ജയിൽ ചാപ്ലയിൻ, ഇപ്പോൾ ഒരു പുതിയ വ്യക്തിയെ പരിചയപ്പെടുത്തുന്നതു കുട്ടികളുടെ ആത്മീയപുരോഗതിയെ പ്രതികൂലമായി ബാധിക്കുമെന്നു ചിന്തിച്ചു. 'ഞങ്ങൾ റവറന്റ് ഡേവിഡ് വിക്കേഴ്സനുമായി സംസാരിക്കാൻ തയ്യാറാണ്' എന്ന് ഓരോ കുട്ടിയും എഴുതി ഒപ്പിട്ടു കൊടുത്തത്രേ. പക്ഷേ ഓരോ ഫോമിലേയും 'തയ്യാറാണ്' എന്ന ഭാഗം വെട്ടി 'തയ്യാറല്ല' എന്നു ചാപ്ലയിൻ എഴുതുകയായിരുന്നു. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെ മറികടന്നു ഞങ്ങളെ ജയിലിൽ പ്രവേശിപ്പിക്കാൻ ഉദ്യോഗസ്ഥർക്കാകുമായിരുന്നില്ല. എത്ര അപേക്ഷിച്ചാലും അവർക്കു ഞങ്ങളെ സഹായിക്കുക അസാധ്യമായിരുന്നു.

വീണ്ടും ഞങ്ങൾ ജോർജ് വാഷിങ്ടൺ പാലത്തിലൂടെ തിരിച്ചു യാത്രയായി. ഇക്കുറി അങ്ങേയറ്റം കുഴങ്ങിയവരായിട്ടായിരുന്നു ഞങ്ങളുടെ മടക്കയാത്ര. ഒരു ശൂന്യമായ മതിലിനുമുമ്പിൽ വഴിമുട്ടി നിൽക്കാനായിരുന്നെങ്കിൽ ഇത്രയും നാടകീയമായ പ്രോത്സാഹനം ഞങ്ങൾക്കു ലഭിച്ചത് എന്തിനാണ്?

മടക്കയാത്ര പകുതി ദൂരം പിന്നിട്ട് പെൻസിൽവാനിയ തിരിവിനു സമീപം രാത്രി വളരെ വൈകി ഞങ്ങൾ എത്തിച്ചേർന്നപ്പോൾ പൊടുന്നനെ കട്ടപിടിച്ച ഇരുളിൽ പ്രതീക്ഷയുടെ ഒരു നേരിയ പ്രകാശവീചി ഞാൻ കണ്ടു.

“ഹായ്” എന്റെ ഉറക്കെയുള്ള പ്രതികരണം ഒരു ഉറക്കത്തിൽ നിന്നു പെട്ടെന്നു മിൽസിനെ ഉണർത്തി.

“ഹായ്, എന്താ?” ഉറക്കച്ചടവോടെ മിൽസിന്റെ അന്വേഷണം.

“അതെ, അതാണു ഞാൻ ചെയ്യാൻ പോകുന്നത്”

“കൊള്ളാം. ഒരു തീരുമാനമായല്ലോ. എനിക്കു സന്തോഷമായി” ചുരുണ്ടു കിടന്ന് വീണ്ടും കണ്ണുകളടച്ച് മിൽസ് ആശ്വസിച്ചു.

പ്രതീക്ഷയുടെ വെളിച്ചത്തിന് ഒരു മനുഷ്യന്റെ, അസാധാരണനായ ഒരു മനുഷ്യന്റെ, രൂപമായിരുന്നു: എന്റെ പിതാവിന്റെ പിതാവ്.

അദ്ദേഹത്തെ സന്ദർശിച്ച് എന്നെ കുഴക്കുന്ന പ്രശ്നം തന്റെ മുമ്പിൽ അവതരിപ്പിക്കുക-അതായിരുന്നു എന്നിൽ പ്രതീക്ഷ ഉണർത്തിയത്. **(തുടരും)**





# മക്കൾക്ക് സ്നേഹം നൽകുക

പേജ് 21 ൽ നിന്നു തുടർച്ച

ചുവടെ ചേർക്കുന്നു:

**സമയം ചെലവഴിക്കുക:**

എത്ര തിരക്കുള്ളവരാണെങ്കിലും മക്കളുമായി നാം സമയം ചെലവഴിക്കണം. ഹൃദ്യമായ, ഭീതിരഹിതമായ, സൗഹൃദസംഭാഷണമാണാവശ്യം, സ്കൂൾ/കോളേജ് വിശേഷങ്ങൾ, കൂട്ടുകാരുടെയും അധ്യാപകരുടെയും വിശേഷങ്ങൾ, നേരിടുന്ന പ്രശ്നങ്ങൾ ഇവയെല്ലാം സ്വതന്ത്രമായി സംസാരിക്കാൻ കുട്ടികൾക്ക് അനുവാദം നൽകണം. മക്കളുടെ ഭാഗത്ത് പിഴവുകളോ വീഴ്ചകളോ ഉണ്ടായാലും അവയെ തരണം ചെയ്ത് മുന്നേറാൻ സഹായികളായി മാതാപിതാക്കൾ അവരോടൊപ്പം നിൽക്കുമെന്നുള്ള ധൈര്യവും അവർക്കുണ്ടാകണം. തെറ്റുകൾ വന്നാൽ വഴക്കു പറഞ്ഞും കുറ്റപ്പെടുത്തിയും നിങ്ങളവരെ ഒറ്റപ്പെടുത്തുമെന്ന ആശങ്കയ്ക്ക് ഒരിക്കലും ഇട നൽകരുത്.

കുടുംബപ്രാർത്ഥനയും ഭക്ഷണമേശയും മക്കളുമായി സമയം ചെലവഴിക്കാനും ആത്മീയ മൂല്യങ്ങൾ, പ്രായോഗിക വിഷയങ്ങൾ എന്നിവയെല്ലാം പങ്കുവയ്ക്കുവാനും ഏറ്റവും പറ്റിയ വേദികളാകുന്നു; അവ പരമാവധി പ്രയോജനപ്പെടുത്തുക.

ശൈശവ, ബാല്യഘട്ടങ്ങളിൽ കുഞ്ഞുങ്ങളോടൊപ്പം അവർക്കിഷ്ടമുള്ള പലതരം കളികളിൽ മാതാപിതാക്കൾ പങ്കുചേരണം - അതിൽ യാതൊരു അപാകതയുമില്ല. മറിച്ച്, അത് നിങ്ങൾക്കവരോടുള്ള സ്നേഹത്തിന്റെ നല്ലൊരു പ്രകടനമായിരിക്കും. വിശ്വാസികൾ ദോഷകരമായ പല വിനോദ പരിപാടികളും (ഉദാ: സിനിമ, ടി. വി. സീരിയലുകൾ തുടങ്ങിയവ) തങ്ങളുടെ മക്കൾക്കു വിലക്കുമ്പോൾ അവയുടെ സ്ഥാനത്ത് ക്രിയാത്മകമായ മറ്റു ചില വിനോദങ്ങൾ നൽകാൻ ശ്രദ്ധിക്കണം. ഇൻഡോർ ഗെയിമുകൾ, സംഗീതപഠനം, ചിത്രരചന, ക്രിക്കറ്റ് മുതലായ കളികൾ, പിക്നിക് എന്നിവയൊക്കെ പകരമായി നൽകാവുന്നതാണ്. എല്ലാക്കാര്യങ്ങളിലും അരുതുകളും വിലക്കുകളും മാത്രം നേരിടുന്ന കുട്ടികൾ പിൽക്കലത്ത് മറുതലിപ്പുകാരായി മാറാൻ സാധ്യതയുണ്ട്.

സ്നേഹം മനസ്സിൽ ഒതുക്കാതെ പ്രകടിപ്പിക്കണമെന്ന് മുമ്പ് ചിന്തിച്ചുവല്ലൊ. ശിക്ഷയ്ക്ക് ശാരീരികമായ പ്രകടനം (ദണ്ഡനം) ഉള്ളതുപോലെ തന്നെ സ്നേഹത്തിനുമുണ്ട്. സ്പർശനം, തലോടൽ, ഉമ്മവയ്ക്കൽ, ആലിംഗനം, കൈപിടിച്ച് നടക്കൽ, തോളിൽ കൈയിടൽ എന്നിങ്ങനെ കുഞ്ഞുങ്ങൾ ഇഷ്ടപ്പെടുന്ന എത്രയെത്ര ബാഹ്യപ്രകടനങ്ങൾ സ്നേഹത്തിനുണ്ട്! വാസ്തവത്തിൽ കർശനമായ ശിക്ഷണപ്രക്രിയയും സ്നേഹമസൃണമായ തലോടലും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ചേർന്നു പോകേണ്ടവയാണ്. ഒരുപക്ഷേ ചെറുപ്പത്തിൽ ഇവ്വിധമുള്ള സ്നേഹപരിലാളനകൾ നിങ്ങൾക്കു ലഭിച്ചിരുന്നില്ല എന്നുവരാം. സാരമില്ല, ലജ്ജിക്കാതെ ഇപ്പോൾ മുതൽ നിങ്ങൾക്ക് പരിശീലിച്ചു തുടങ്ങാം. മക്കൾക്ക് സ്നേഹവും വാത്സല്യവും ധാരാളം നൽകുക.

ശ്രേഷ്ഠദൈവദാസനായിരുന്ന ജോൺ വെസ്ലിയുടെ മാതാവ് സൂസന്നാവെസ്ലി അതീവ ദൈവഭക്തയായിരുന്നു. ആഴ്ചയിലൊരു പ്രാവശ്യം ഒരു മണിക്കൂർ സമയം വീതം തന്റെ 19 മക്കളിൽ ഓരോരുത്തർക്കും വേണ്ടി അവർ നീക്കി വെച്ചിരുന്നു! വ്യക്തിപരമായി ഓരോരുത്തരുമായും ഒരു മണിക്കൂറെങ്കിലും ആ മാതാവ് ചെലവഴിച്ചിരുന്നതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അതെ, മക്കൾക്കായി നാം സമയം വേർതിരിക്കണം, അധുനിക ജീവിത സൗകര്യങ്ങൾ, വിലകൂടിയ കളിപ്പാട്ടങ്ങൾ, ഫാഷൻ വസ്ത്രങ്ങൾ, സ്റ്റാർ ഹോട്ടലിലെ ഭക്ഷണം, ഇവയ്ക്കൊന്നും വേണ്ടി പണം മുടക്കാതെ തന്നെ മക്കൾക്ക് സ്നേഹം നൽകാൻ നമുക്കു കഴിയും- ക്രമമായും സ്വാഭാവികരീതിയിലും അവരോടൊപ്പം സമയം ചെലവഴിക്കുകവഴി.

**<u>പ്രവൃത്തികളിൽ പങ്കാളിത്തം</u>**

ബാല്യ-കൗമാര പ്രായക്കാരെ അപ്പനമ്മമാർ വീട്ടിലെ തങ്ങളുടെ ജോലികളിലും മറ്റും പങ്കെടുപ്പിക്കുക വഴി വളരെ ഹൃദ്യമായി അവർക്കൊപ്പം സമയം ചെലവഴിക്കാനും സ്നേഹം പങ്കിടാനും സാധിക്കും. എന്നാൽ അതിനുമുമ്പുതന്നെ, വീട്ടിൽ നാം ചെയ്യുന്ന ജോലികൾ ഒന്നും തന്നെ മാന്യത കുറഞ്ഞവയല്ല എന്നവരെ നാം ബോധ്യപ്പെടുത്തണം, അങ്ങനെ തൊഴിലിനോടുള്ള ആഭിമുഖ്യവും ക്രിയാത്മക വീക്ഷണവും അവരിൽ ഉടലെടുക്കും. 'ഇന്നയിന്ന ജോലികളെല്ലാം ചെയ്തുതീർത്തേക്കണം' എന്നിങ്ങനെ കല്പിക്കുകയല്ല വേണ്ടത്. മറിച്ച് മാതാവോ പിതാവോ ഒരു ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ മക്കളേയും വിളിച്ച്, ചെയ്യേണ്ടവിധം കാണിച്ചുകൊടുത്ത് അവരെ അതിൽ പങ്കാളികളാക്കുകയാണ് വേണ്ടത്. അപ്പോഴവർ സസന്തോഷം ഉത്സാഹപൂർവ്വം ചേർന്നു പ്രവർത്തിക്കുന്നതു കാണാം. അടുക്കളയിൽ പാത്രം കഴുകലോ പാചകത്തിൽ സഹായിക്കലോ ആകാം; തറതുടച്ചു വൃത്തിയാക്കലോ ബാത്ത്റൂം ക്ലീനിംഗോ ആകാം; വാഹനങ്ങൾ കഴുകിവൃത്തിയാക്കലോ റിപ്പയർ ജോലികളോ പെയിന്റിംഗോ ഒക്കെയാകാം.

മാർക്കറ്റിലോ കടകളിലോ മില്ലിലോ പോകുമ്പോൾ ചിലപ്പോൾ മക്കളിൽ ആരെയെങ്കിലും കൂടെ കൂട്ടാം. സഭാകാര്യങ്ങളിലോ മറ്റു സാമൂഹ്യപ്രവർത്തനങ്ങളിലോ ഒരു കൈ സഹായത്തിനായി മക്കളെയും കൂടെ കൊണ്ടുപോകുന്നത് നന്നായിരിക്കും. സന്തോഷഭവനങ്ങളിൽ മാത്രമല്ല, വിലാപഭവനങ്ങളിലും മക്കളെ കൂടെ കൊണ്ടുപോകാൻ മറക്കാതിരിക്കുക.

ഇപ്രകാരം മക്കളെ നിങ്ങളുടെ പ്രവൃത്തികളിൽ പങ്കാളികളാക്കുമ്പോൾ നിങ്ങളവർക്ക് സ്നേഹവും സമയവും നൽകുക മാത്രമല്ല ചെയ്യുന്നത്; അവരുടെ വിശ്വാസവും ആദരവും നിങ്ങൾ ആർജ്ജിക്കുകയും ചെയ്യുകയാണ്!

**<u>സംക്ഷേപം:</u>**

മക്കൾക്ക് സ്നേഹവും സ്നേഹം നിറഞ്ഞ ഭവനാന്തരീക്ഷവും നൽകുകയെന്നത് മാതാപിതാക്കളുടെ പ്രാഥമിക ഉത്തരവാദിത്തമാകുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവും തന്റെ മക്കളുടെ മേൽ സ്നേഹം കോരിച്ചൊരിയുന്നവനാണ്. നമ്മുടെ ഭവനങ്ങളിൽ നാം സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുകയും മക്കളുമായി സമയം ചെലവഴിക്കുകയും ചെയ്യുമെന്നും നമുക്കു തീരുമാനമെടുക്കാം. സ്നേഹത്തിനു പകരം നാം പൈശാചിക സ്വഭാവങ്ങൾ പ്രകടമാക്കിയ തെറ്റുകളെക്കുറിച്ച് വാസ്തവമായി അനുതപിച്ചു കരയാം. "അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കുന്ന"താണല്ലോ അനുഗ്രഹത്തിന്റെ മാർഗ്ഗം(17).

(തുടരും)

(1) എഫെ: 6. 4; (2) കൊലൊ: 3.21; (3) എബ്രാ: 12:16; (4) മത്താ: 5. 48; (5) 1 യോഹ: 3:1; (6) (മത്താ: 3.17; (7) യോഹ: 3.35; (8) യോഹ: 17.23-26; (9) 2 തെസ്സ: 2.16-17; (10) 1 കൊരി: 16.14; (11) തീത്തൊ: 2.4-5; (12) 1 പത്രൊ: 4.8; (13) ഉല്പ: 22. 1-2; (14) 1 കൊരി: 4 17; (15) 1 തെസ്സ: 2.7-8; (16) 2 കൊരി: 12.14-15; (17) മലാ: 4.6





# സ്വാർത്ഥതയിൽ നിന്ന് സ്വാതന്ത്ര്യം

പേജ് 10 ൽ നിന്ന് തുടർച്ച

കയും ചെയ്യണം. എബ്രായർ 11, 2 കൊരിന്ത്യർ 11 എന്നീ അധ്യായങ്ങളിൽ പരിശുദ്ധാത്മാവ് അനേകം വിശ്വാസവീരന്മാരുടെ ദൃഷ്ടാന്തങ്ങൾ നമ്മുടെ പ്രോത്സാഹനത്തിനായി നൽകിയിട്ടുണ്ട്. ഇവയ്ക്കു പുറമേ മുകളിൽപ്പറഞ്ഞ മിഷനറിവീരന്മാരുടെയും ജീവിത മാതൃകകൾ നമ്മുടെ സ്വാർത്ഥകേന്ദ്രീകൃതവും സുഖാസക്തവും ഭൗതികനിഷ്ഠവുമായ ക്രിസ്തീയജീവിതത്തിൽ നിന്നു നമ്മെ പുറത്തു കൊണ്ടുവരുവാനും ക്രിസ്തുവിനോടുള്ള സർവത്യാഗ സന്നദ്ധമായ ഒരു സ്നേഹബന്ധത്തിലേക്കു നമ്മെ നയിക്കുവാനും സഹായിക്കുന്നവയാണ്.

യേശുവിന്റെ ജീവിതകാലത്തു ദേവാലയത്തിനുവേണ്ടി അതിനുള്ളിൽ വച്ച് ആടുകളെയും പ്രാവുകളെയും വിൽക്കുകയും പണം മാറ്റുന്ന വ്യാപാരം നടത്തുകയും ചെയ്തിരുന്ന ആളുകൾ ഉണ്ടായിരുന്നു. യേശു അവരെ അവിടെനിന്നു നിഷ്കാസനം ചെയ്തു. കാരണം, അവർക്കു ദൈവഭക്തിയെന്നതു വെറും ഒരാദായമാർഗ്ഗമായി മാറിപ്പോയിരുന്നു. ദൈവഭക്തി നമുക്ക് എപ്പോഴെങ്കിലും ഒരാദായമാർഗ്ഗമായി മാറുന്നപക്ഷം, നീതിയെപിന്തുടരുന്നവരാണ് നാമെന്നു നമുക്കു തോന്നിയേക്കാമെങ്കിലും നാം തെറ്റായ പാതയിലാണെന്ന കാര്യം നമുക്ക് ഉറപ്പാക്കുവാൻ കഴിയും. യേശുവിനെ സംബന്ധിച്ചിടത്തോളം ദൈവഭക്തി തനിക്കു പ്രിയംകരമായിരുന്ന എല്ലാറ്റിന്റെയും ത്യാഗമായിരുന്നു. നമുക്കും നാം പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിന്തുടരുന്നവരാണെങ്കിൽ അത്, അപ്രകാരം തന്നെയായിരിക്കും. മത്തായി 19:29 വായിച്ചുനോക്കി യേശുവിനുവേണ്ടി അവിടെപ്പറയുന്ന കാര്യങ്ങൾ നിങ്ങൾക്കു പരിത്യജിക്കേണ്ടിവന്നിട്ടുണ്ടോ എന്നു ചിന്തിക്കുക.

നമുക്കുള്ള സകലവും പരിത്യജിച്ചെങ്കിൽ മാത്രമേ ഏറ്റവും വിലപ്പെട്ട മുത്തു കൈവശമാക്കുവാൻ സാധിക്കുകയുള്ളുവെന്നു കർത്താവായ യേശു പറഞ്ഞിട്ടുണ്ട്. (മത്തായി 13:46; ലൂക്കോസ് 14:33). ക്രിസ്തുവിനെ നേടുവാൻ വേണ്ടി പൗലൊസിന്, തനിക്കുള്ളതെല്ലാം പരിത്യജിക്കേണ്ടിവന്നു (ഫിലി. 3:8). ഇന്നു ജീവിക്കുന്നവരായ നമുക്ക് എല്ലാം പരിത്യജിക്കാതെ ക്രിസ്തുവിനെ നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നാം നേടിയതു മറ്റൊരു ക്രിസ്തുവിനെ ആയിരിക്കണം. ഇതായിരുന്നു കൊരിന്തിലുള്ള ക്രിസ്ത്യാനികളെപ്പറ്റി പൗലൊസിനുണ്ടായിരുന്ന ഭയം. എല്ലാറ്റിന്റെയും പരിത്യാഗം ആവശ്യപ്പെടാത്ത മറ്റൊരു യേശുവിനെ പിന്തുടരുന്നവരായി അവർ ചെന്നവസാനിക്കുമോ എന്നായിരുന്നു ആ ഭയം (2 കോരി. 11:4). സത്യത്തിൽ ഒന്നും പരിത്യജിക്കേണ്ടി വരാതവണ്ണം സർവോപരി ത്യാഗത്തിനു ദൈവശാസ്ത്രപരമായി മറ്റൊരർത്ഥം കൽപിക്കുവാനും നമുക്കു കഴിയും. ഈ വിഷയത്തിൽ നാം സത്യത്തെ അഭിമുഖീകരിക്കാതെയിരിക്കുന്നപക്ഷം ഭോഷ്കിന്റെ ആത്മാവിനാൽ വഞ്ചിതരായിത്തീരുവാൻ നമുക്കും ഇടയാകും. നാം വഞ്ചിതരായി ഭവിക്കുവാൻ ദൈവം തന്നെ ഇടവരുത്തും.

അതിനാൽ ഗോല്യാത്തു നീണ്ടു നിവർന്നു മുമ്പിൽ നില്ക്കെത്തന്നെ അവിടെയും ഇവിടെയും നാം കൊന്നു വീഴ്ത്തിയിരിക്കുവാനിടയുള്ള ചില ചെറിയ ഫെലിസ്ത്യ പടയാളികളെപ്പറ്റി പ്രശംസിക്കുന്നതു നമുക്കു മതിയാക്കാം. നമ്മുടെ കവിണയിലുള്ള കല്ലു സ്വകീയതാത്പര്യാന്വേഷണമെന്ന ഈ മല്ലനെ ലക്ഷ്യമാക്കിത്തന്നെ നമുക്കു പ്രയോഗിക്കാം. നമുക്കു യഥാർത്ഥമായ ജയം ലഭിക്കണമെങ്കിൽ ഈ

മല്ലന്റെ തലയാണു നാം വെട്ടിക്കളയേണ്ടത്. നാം വെറുക്കണമെന്ന് യേശു നമ്മോടാവശ്യപ്പെട്ട സ്വന്തജീവൻ ഈ സ്വാർത്ഥതാത്പര്യം തന്നെയാണ്.

സഭയെ പണിയുന്നതിനെപ്പറ്റി കർത്താവു പറഞ്ഞതിന്റെ തൊട്ടടുത്ത ഭാഗത്തു പത്രോസ് ഈ കാര്യത്തിൽ ഒരു തടങ്കൽപ്പാറയായിത്തീർന്നതിനെപ്പറ്റി കർത്താവു സംസാരിക്കുന്നു (മത്തായി 16:18–23). സ്വന്തതാത്പര്യങ്ങളല്ല, ദൈവത്തിന്റെതാത്പര്യങ്ങൾ തന്നെ അന്വേഷിക്കുന്നവരാണ് പാതാളഗോപുരങ്ങൾ ജയിക്കാത്ത സഭയെ പണിയുന്നത്. ക്രിസ്തു ജഡത്തിൽ വന്നു എന്നു സത്യത്തിനു ബുദ്ധിപരമായ അംഗീകാരം നൽകുകയും ഏതാനും ചില ചെറിയ ഫെലിസ്ത്യഭടന്മാരെ കൊല്ലുകയും ചെയ്തവരല്ല ഇപ്രകാരമുള്ള സഭയെ പണിയുന്നത്.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

## എഡിറ്റോറിയൽ തുടർച്ച-പേജ് 4 ൽ നിന്ന്

'പാലത്തിനടിയിലൂടെ ഒട്ടേറെ വെള്ളം ഒഴുകിപ്പോയി'ക്കഴിഞ്ഞിരിക്കുന്നു. സംഘടിതക്രിസ്തീയമതത്തിന്റെ മതിൽക്കെട്ടിനുള്ളിൽ സുരക്ഷിതത്വം കണ്ടെത്തിയിരുന്ന പലരേയും ഇക്കഴിഞ്ഞ വർഷങ്ങളിൽ ദൈവവചനം വിമോചിപ്പിച്ചു. പലരും ക്രിസ്തുവിന്റെ 'നിന്ദ ചുമന്നുകൊണ്ടു പാളയത്തിനു പുറത്തേക്കു' വന്നു. 'മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയധനം' എന്ന് എണ്ണിയവർ. അവർ ചട്ടക്കൂടുകൾക്കു പുറത്ത് സ്വതന്ത്രമായ ഒത്തുചേരലുകളും കൂട്ടായ്മകളുമായി അന്യോന്യം ദൈവാനുഭവം പങ്കുവച്ചു. യേശുവുമായുള്ള സജീവമായ ബന്ധം നൽകിയ ആഹ്ലാദം. സ്വതന്ത്രകൂട്ടായ്മകൾ നൽകിയ സഭയേയും സാഹോദര്യത്തെയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ...പുത്തൻ ഉണർവ്വിന്റെ ദിനങ്ങൾ. പക്ഷേ ക്രമേണ കർത്താവുമായുള്ള ബന്ധം തണുത്തുപോയോ?. പുതിയ കൂട്ടായ്മകൾതന്നെ മറ്റൊരു ചട്ടക്കൂടായി പരിണമിച്ചുവോ? 'പുതിയവീഞ്ഞ്, പഴകിപ്പോയതുപോലെയും 'പുതിയ തുരുത്തി' പഴയതുരുത്തിയെക്കാൾ മോശമായിപ്പോയതുപോലെയും തോന്നുന്നുവോ? ഒഴുകിവന്ന ജലപ്രവാഹം ഇപ്പോൾ തളംകെട്ടി നില്ക്കുന്നതുപോലെയായോ? ഒഴുക്കുനിലച്ച് കെട്ടിക്കിടന്നാൽ ഏതു ജലവും ദുഷിക്കുമല്ലോ. ഇവിടെ നിന്നു മുന്നോട്ടൊരു പോക്കില്ലേ?

ഉണ്ട്. തീർച്ചയായും. പ്രതിവിധി വീണ്ടും 'പുതിയ വീഞ്ഞും പുതിയ തുരുത്തിയും' തന്നെയാണ്. ക്രിസ്തുവിനോടുള്ള സജീവമായ ബന്ധത്തിന്റെ പുതിയ വീഞ്ഞ്; ആ വീഞ്ഞിനെ ഉൾക്കൊള്ളാൻ കഴിയുന്ന പുതിയ തുരുത്തി. 'കർത്താവേ നിന്നെ വിട്ടു ഞങ്ങൾ എവിടെപ്പോകും? നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലാണല്ലോ' എന്ന നിസ്സഹായതയോടെ നമ്മൾ വീണ്ടും ക്രിസ്തുവിലേക്കു തന്നെ തിരിയേണ്ടിയിരിക്കുന്നു. അപ്പോൾ 'വിശ്വാസത്തിന്റെ രചയിതാവും പൂർത്തിവരുത്തുന്നവനു'മായ യേശു, സജീവമായ ബന്ധത്തിന്റെ പുതുവീഞ്ഞു നമുക്കു നൽകും. ഈ പുതിയ ബന്ധത്തെ, പുതുവീഞ്ഞിനെ, പഴയ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താൻ കഴിയുമോ? മറുപടി യേശു തന്നെ പറഞ്ഞിട്ടുണ്ട്. 'ഇല്ല. ആ പുതുവീഞ്ഞു തുരുത്തിയെ പൊളിച്ചു കളയും'.

സ്ഥാപനവൽക്കരിക്കപ്പെട്ട ക്രിസ്തീയതയ്ക്കുള്ളിൽ യേശുവിനെ കണ്ടെത്താമെന്നു കരുതുന്നവരുണ്ടാകാം. എന്നാൽ അവിടെനിന്നു മുന്നോട്ടൊരു ചുവടുവയ്പ്പുണ്ട്. പക്ഷേ അതിനൊരു വിലകൊടുക്കേണ്ടതുണ്ട്. അതിന് എത്രപേർ തയ്യാറാകും എന്ന പ്രസക്തമായ ചോദ്യമാണ് ഇന്നു 'ജീവമൊഴി' മുന്നോട്ടു വയ്ക്കുന്നത്.